# TRICHUR ARCHDIOCESAN BULLETIN

മെയ് 2026 | വാല്യം: 93 | ലക്കം: 05




പന്തക്കുസ്താ തിരുനാൾ

*From* : Editor, Trichur Archdiocesan Bulletin, Catholic Archbishop's House,
Thrissur, Kerala - 680 005 Ph: 0487-2333325, 2338203, 2333542




മെയ് 1 ന്

മെത്രാഭിഷേക വാർഷികം ആഘോഷിക്കുന്ന

**മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്**

തൃശ്ശൂർ അതിരൂപതാമക്കളുടെ

പ്രാർത്ഥനാശംസകൾ

# Trichur Archdiocesan Bulletin TAB

ESTD:1934

**മെയ്യ് 2026**

ലക്കം: 05 | വാല്യം: 93

04



*Imprimatur*
(Sd)
**Mar Andrews Thazhath**
Archbishop of Trichur

*Chief Editor*
**Fr. Francis Aloor**

*Executive Editor*
**Fr. Shijo Chiriyankandath**

*Design*
smritidesign.com

*Printed at*
St. Mary's Orphanage Press

*Published from*
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325,
2338203, 2333542
Email: curiatcr@gmail.com
bulletintcr@gmail.com
www.trichurarchdiocese.org


## ഉള്ളടക്കം


| | |
|---|---|
| സർക്കുലർ | 04 |
| കച്ചേരിക്കാര്യം | 06 |
| അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 10 |
| സഹായമെത്രാന്റെ പരിപാടികൾ | 12 |
| നാളാഗമം | 15 |
| നാമകരണ നടപടികൾ | 24 |
| സാമ്പത്തിക കാര്യാലയം | 29 |
| വൈദികർ | 24 |
| സന്യസ്തർ | 34 |
| വിശ്വാസ പരിശീലനം | 42 |
| സ്ഥാപനങ്ങൾ | 51 |
| സംഘടനകൾ | 58 |




# 1 സർക്കുലർ

## മാർ ആൻഡ്രൂസ് താഴത്ത്

838/2026 C - 03
23/03/2026

## പെസഹാവ്യാഴപിരിവ്

മിശിഹായിൽ പ്രിയ വൈദികരേ, സന്യസ്തരേ, വത്സലമക്കളേ,

നമ്മുടെ അതിരൂപതയിലെ വൈദികവിദ്യാർഥികളുടെ പരിശീലനത്തിന് പ്രാർത്ഥനകൊണ്ടും സമ്പത്തുകൊണ്ടും അധ്വാനം കൊണ്ടും സഹായിക്കുന്ന എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. ഏറെ പ്രത്യേകമായി പെസഹാവ്യാഴാഴ്ച നമ്മുടെ അതിരൂപതയിലെ ദൈവജനം വൈദികപരിശീലനത്തിനായുള്ള സാമ്പത്തിക സഹായം വളരെ ഔദാര്യപൂർവ്വം പെസഹാവ്യാഴപിരിവിലൂടെ നല്കാറുണ്ടല്ലോ. അതിനുള്ള കവറുകൾ ഇതിനകം എല്ലാ ഇടവകകളിലേക്കും മേരിമാത മേജർ സെമിനാരിയിൽ നിന്നും കൊടുത്തുവിട്ടിട്ടുണ്ട്. ഇക്കാര്യത്തെപ്പറ്റി ദൈവജനത്തെ ഓർമിപ്പിക്കാൻ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

വൈദിക പരിശീലനത്തിനു വേണ്ടിവരുന്ന സംഖ്യ അതത് പ്രദേശങ്ങളിലെ ദൈവജനം കണ്ടെത്തേണ്ടി വന്നിരിക്കുന്നതിനാൽ നിങ്ങളുടെ പങ്കാളിത്തം അത്യന്താപേക്ഷിതവും അതിപ്രധാനവുമാണ്. കവറുകളിൽ നിങ്ങളുടെ സംഭാവനകൾ നിക്ഷേപിച്ച് അടുത്ത പെസഹാവ്യാഴാഴ്ച ഇടവകപള്ളിയിൽ സമർപ്പിക്കണമെന്ന് ഞാൻ സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.ബഹു. വികാരിയച്ചന്മാർ ഈ ഉദ്യമത്തിന് ഇടവകകളിൽ നേതൃത്വം കൊടുക്കണമെന്നും ഇപ്രകാരം സമാഹരിക്കുന്ന തുക അതിരൂപത സാമ്പത്തികകാര്യാലയത്തിൽ ഏപ്രിൽ 30നു മുമ്പായി ഏല്പിക്കണമെന്നും ഓർമ്മിപ്പിക്കുന്നു.

പ്രാർത്ഥനയുടെയും പങ്കുവെയ്ക്കലിന്റെയും അവസരമായ നോമ്പുകാലത്ത് വൈദികപരിശീലനത്തിനായി നിങ്ങൾ ചെയ്യുന്ന ഈ സമർപ്പണത്തെ നല്ലിടയനായ ഈശോ സമൃദ്ധമായി അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. എല്ലാ വൈദികർക്കും സമർപ്പിതർക്കും വൈദികസമർപ്പിത പരിശീലനത്തിലായിരിക്കുന്നവർക്കും വേണ്ടി പ്രാർത്ഥിക്കണമെന്ന് നിങ്ങളെ സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. ആഗതമാകുന്ന ഉയിർപ്പ് തിരുനാളിന്റെ അനുഗ്രഹങ്ങൾ സ്നേഹപൂർവ്വം നേർന്നുകൊണ്ട്,

യേശുവിൽ നിങ്ങളുടെ വത്സലപിതാവ്,



**ആൻഡ്രൂസ് താഴത്ത്**

തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

---

NB:ഈ സർക്കുലറിലെ വിവരങ്ങൾ 2026 മാർച്ച് 29ന് പള്ളികളിലും സ്ഥാപനങ്ങളിലും കുർബാന മധ്യേ അറിയിക്കേണ്ടതാണ്. +AT

ദുഃഖം സന്തോഷമായി മാറും

**സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ കരയുകയും വിലപിക്കുകയും ചെയ്യും; എന്നാൽ ലോകം സന്തോഷിക്കും. നിങ്ങൾ ദുഃഖിതരാകും; എന്നാൽ, നിങ്ങളുടെ ദുഃഖം സന്തോഷമായി മാറും.**

**(യോഹ 16, 20)**

# 2 സർക്കുലർ

## മാർ ആൻഡ്രൂസ് താഴത്ത്

1012/2026 / 20/04/2026 C - 04

# അതിരൂപതാദിനം

പ്രിയ ബഹു. വൈദികരേ, സമർപ്പിതരേ, പ്രിയ സഹോദരീ സഹോദരന്മാരേ, വത്സലമക്കളേ,

ക്രിസ്തുശിഷ്യനായ മാർ തോമാശ്ലീഹായിൽ നിന്ന് സ്വീകരിച്ച വിശ്വാസം അഭംഗുരം കാത്തുസൂക്ഷിച്ച പൈതൃകമാണ് തൃശൂർ അതിരൂപതയുടെ ചരിത്രവഴികളിൽ നിഴലിച്ചുകാണുന്നത്. സഭാഗാത്രത്തിലെ ഒരു നൈയ്യാമിക പ്രാദേശികസഭയെന്ന നിലയിൽ 139 വർഷങ്ങൾ നാം പിന്നിടുകയാണ്. നാളിതുവരെ നമ്മെ പരിപാലിച്ച സർവ്വാധിനാഥനായ ദൈവത്തിന് കൃതജ്ഞതയർപ്പിക്കാൻ 2026 മെയ് 20-ാം തിയ്യതി 139-ാം അതിരൂപതാദിനമായി നാം ആചരിക്കുകയാണ്. നമ്മുടെ വിശ്വാസസാക്ഷ്യവും സ്നേഹകൂട്ടായ്മയും പ്രബലപ്പെടാൻ അതിരൂപതാദിനാഘോഷങ്ങൾ കാരണമാകട്ടെ.

തൃശൂർ അതിരൂപതയുടെ ചരിത്രത്തിൽ സുപ്രധാന സ്ഥാനമുള്ള വടക്കാഞ്ചേരി സെന്റ് ഫ്രാൻസിസ് സേവ്യർ ഫൊറോന ഇടവകയാണ് ഈ വർഷത്തെ അതിരൂപതാദിനാഘോഷങ്ങൾക്ക് ആതിഥ്യമരുളുന്നത്. നമുക്കേവർക്കും എന്നും അഭിമാനത്തോടെ സ്മരിക്കാൻ കഴിയുന്ന വിധത്തിൽ ഈ വർഷത്തെ അതിരൂപതാദിനാഘോഷങ്ങൾക്ക് വേണ്ട ഒരുക്കങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന എല്ലാവരെയും, പ്രത്യേകിച്ച് വടക്കാഞ്ചേരി ഫൊറോനയിലെ എല്ലാ ഇടവകകളിലെയും ബഹു. അച്ചന്മാരെയും സമർപ്പിതരെയും ദൈവജനത്തെയും നമുക്ക് ദൈവതിരുമുമ്പിൽ സമർപ്പിച്ച് പ്രാർത്ഥിക്കാം.

2026 മെയ് 20 ബുധനാഴ്ച ഉച്ചകഴിഞ്ഞ് 2:30ന് ഈ വർഷത്തെ അതിരൂപതാദിനാഘോഷങ്ങൾ വടക്കാഞ്ചേരി ഫൊറോനപ്പള്ളിയിൽ ആരംഭിക്കുന്നു. കൃതജ്ഞതാബലിയും തുടർന്ന് പൊതുസമ്മേളനവും വടക്കാഞ്ചേരി ഫൊറോനയിലെ ഇടവകകളിൽ നിന്നുമുള്ള വിവിധ കലാപരിപാടികളും ഉണ്ടായിരിക്കുന്നതാണ്. അതിരൂപ

തയിലെ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും മെയ് 20-ാം തീയതി അതിരൂപതക്കുവേണ്ടി പ്രത്യേക പ്രാർത്ഥനകൾ നടത്തേണ്ടതാണ്. അന്നേദിവസം ഉച്ചകഴിഞ്ഞ് ഇടവകകളിൽ പൊതുപരിപാടികൾ ഒഴിവാക്കേണ്ടതാണ്. അതിരൂപതാദിന ത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് അതിരൂപതയിലെ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും മെയ് 17 ഞായറാഴ്ച രാവിലെ വിശുദ്ധ കുർബാന യ്ക്കുശേഷം പേപ്പൽ പതാക ഉയർത്തേണ്ടതാണ്.

അതിരൂപതയുടെ കുടുംബദിനമായിട്ടാണ് ഈ ആചരണം നാം നടത്തുന്നത്. അതിനാൽ താഴെപ്പറയുന്നവർ അതിരൂപതാദി നാഘോഷപരിപാടികളിൽ നിർബന്ധമായും പങ്കെടുക്കാൻ അഭ്യർത്ഥിക്കുന്നു.

1. അതിരൂപതയിലെ വൈദികർ, വൈദികവിദ്യാർത്ഥികൾ
2. പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ
3. മേജർ സുപ്പീരിയർമാർ
4. ഓരോ ഇടവകയിൽ നിന്ന്

(a) കൈക്കാരന്മാർ (b) പ്രതിനിധിയോഗം സെക്രട്ടറി

(c) കുടുംബകൂട്ടായ്മ കൺവീനർ (d) ഏകോപന സമിതി പ്രസിഡന്റ്

(e) മതബോധന ഹെഡ്മാസ്റ്റർ

(f) ഇടവക അതിർത്തിയിലുള്ള സന്യാസഭവനങ്ങളിലെ പ്രതിനിധികൾ (2 പേർ)

മേൽപ്പറഞ്ഞവരെ അതിരൂപതാദിനത്തിന് കൊണ്ടുവരാൻ ആവശ്യമായ വാഹനസൗകര്യം ഇടവകയിൽനിന്നും ചെയ്യേണ്ടതാണ്.

കർത്താവിന്റെ അനന്തമായ കാരുണ്യത്തിൽ ആശ്രയിച്ച് നല്ല വനായ അവിടുത്തേക്ക് നന്ദി പറയാൻ അതിരൂപതാദിനത്തിൽ നമുക്ക് ഒത്തുചേരാം. മറ്റുള്ളവർ കൗശലപൂർവം നൽകുന്ന വക്രതയാർന്ന ഉപദേശങ്ങളുടെ കാറ്റിൽ ആടിയുലയുകയും തൂത്തെറിയപ്പെടുകയും ചെയ്യാതിരിക്കാൻ നമ്മുടെ സ്നേ ഹകൂട്ടായ്മകൾ അനിവാര്യമാണല്ലോ (സങ്കീ.136:1, എഫേ. 4:14). ഭിന്നിപ്പിന്റെ സ്വരങ്ങൾക്ക് ചെവി കൊടുക്കാതെ ഒന്നിപ്പിലേക്കുള്ള ക്രിസ്തുവിന്റെ ആഹ്വാനം ശിരസ്സാവഹിച്ച് സ്വർഗ്ഗത്തിലേക്കുള്ള തീർത്ഥാടനവഴിയിലൂടെ അതിരൂപതാകുടുംബം മുഴുവൻ മുന്നേറാൻ കൃപ നൽകണേയെന്ന് നമുക്ക് ഈ ദിവസങ്ങളിൽ തീക്ഷ്ണമായി പ്രാർത്ഥിക്കാം.

പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ പ്രഖ്യാപിച്ച വിശുദ്ധ ഫ്രാൻസിസ് അസ്സീസി വർഷാചരണം ലോകത്തിന് സമാധാനാ

നുഭവം പ്രദാനം ചെയ്യട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം. സമുദായ ശക്തീകരണത്തിന് ഊന്നൽ കൊടുത്തുകൊണ്ട് സീറോമലബാർസഭ ആരംഭിച്ചിട്ടുള്ള എല്ലാ പ്രവർത്തനങ്ങളിലും നിങ്ങളേവരുടെയും സഹകരണം ഉണ്ടാകണമെന്ന് ഞാൻ പ്രത്യേകം അഭ്യർത്ഥിക്കുന്നു.

ഉയിർത്തെഴുന്നേറ്റ കർത്താവ് നമ്മെ അനുഗ്രഹിക്കട്ടെ. പരിശുദ്ധ അമലോത്ഭവമാതാവിന്റെ മാദ്ധ്യസ്ഥ്യ പ്രാർത്ഥനകൾ നമ്മുടെ അതിരൂപതയ്ക്ക് എന്നും തുണയായിരിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം,

**മാർ ആൻഡ്രൂസ് താഴത്ത്**

തൃശ്ശൂർ അതിരൂപതാ മെത്രാപ്പോലീത്ത

---

N.B: ഈ സർക്കുലർ 10/05/2026 ഞായറാഴ്ച പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കുകയോ, ആശയങ്ങൾ ജനങ്ങളെ അറിയിക്കുകയോ ചെയ്യേണ്ടതാണ്. AT.

"ധനികനായ യുവാവ്
**എന്റെ നാമത്തെപ്രതി ഭവനത്തെയോ സഹോദരൻമാരെയോ സഹോദരികളെയോ പിതാവിനെയോ മാതാവിനെയോ മക്കളെയോ വയലുകളെയോ പരിത്യജിക്കുന്ന ഏതൊരുവനും നൂറിരട്ടി ലഭിക്കും; അവൻ നിത്യജീവൻ അവകാശമാക്കുകയും ചെയ്യും**
**(മത്താ. 19, 29)**"

# കച്ചേരി വാർത്തകൾ

**1. ഓർമ്മിക്കേണ്ട ദിവസങ്ങൾ**
**മെയ് 2026**

**മെയ് 1 : ആദ്യവെള്ളി**
തൊഴിലാളി മധ്യസ്ഥനായ വിശുദ്ധ യൗസേപ്പ്
2 : വിശുദ്ധ അത്തനേഷ്യസ്
3 : ഉയിർപ്പ് അഞ്ചാം ഞായർ
വിശുദ്ധ പീലിപ്പോസ്, വിശുദ്ധ യാക്കോബ് ശ്ലീഹന്മാർ
6 : വിശുദ്ധ ഡൊമിനിക്
10 : ഉയിർപ്പ് ആറാം ഞായർ
14 : നമ്മുടെ കർത്താവിന്റെ സ്വർഗാരോഹണം
വിശുദ്ധ മത്തിയാസ് ശ്ലീഹാ
15 : വിളവുകളുടെ സംരക്ഷകയായ മറിയത്തിന്റെ തിരുനാൾ
17 : ഉയിർപ്പ് ഏഴാം ഞായർ
24 : ശ്ലീഹാ ഒന്നാം ഞായർ
പന്തക്കുസ്താ തിരുനാൾ
29 : സ്വർണ്ണവെള്ളി
31 : ശ്ലീഹാ രണ്ടാം ഞായർ
പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാൾ
പരിശുദ്ധ കന്യകാമറിയത്തിന്റെ സന്ദർശനം

**2. മെയ് മാസത്തെ പരിപാടികൾ**

മെയ് 04-05 : ലിവ് & ലേൺ 1
09 : വൈദികവസ്ത്രസ്വീകരണം (02:30 pm)
12-13 : ലിവ് & ലേൺ 2
14 : ഫൊറോനവികാരിമാരുടെ യോഗം (10:30 am)
ആലോചനസമിതിയോഗം (03:00 pm)
17 : ഏയ്ഞ്ചലോസ്
20 : അതിരൂപതാദിനം
30 : ആർച്ച്ബിഷപ്സ് ഹൗസ് സ്റ്റാഫ് പിക്നിക്

**3. ശ്ലീഹാക്കാലം**

പന്തക്കുസ്താ തിരുനാൾ മുതൽ ഏഴ് ആഴ്ചകളാണ് 'ശ്ലീഹാക്കാലം' എന്നപേരിൽ അറിയപ്പെടുന്നത്. പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾക്ക് പ്രത്യേകമായി പ്രാധാന്യം നൽകുന്ന കാലമാണിത്. 'പന്തക്കുസ്താ' എന്ന പദത്തിനർത്ഥം 'അമ്പത്' എന്നാണ് – അമ്പതാം ദിവസത്തെ തിരുനാൾ. ഉയിർപ്പിനുശേഷം അമ്പതാം ദിവസമാണ് പരിശുദ്ധാത്മാവ് ശ്ലീഹന്മാരുടെമേൽ എഴുന്നള്ളിയത്. അന്നാണ് സഭ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യപ്പെട്ടത്. പന്തക്കുസ്തായ്ക്കുശേഷമാണ് പരിശുദ്ധാത്മാവിൽ പൂരിതരായ ശ്ലീഹന്മാർ പുതിയ ഉടമ്പടിയുടെ സന്ദേശവുമായി ലോകമെങ്ങും പോകുകയും സഭാസമൂഹങ്ങൾക്ക് അടിസ്ഥാന മിടുകയും ചെയ്തത്. 'ശ്ലീഹാ' എന്ന പദത്തിന്റെ അർത്ഥംതന്നെ 'അയയ്ക്കപ്പെട്ടവൻ' എന്നാണ്. മാമ്മോദീസയും തൈലാഭിഷേകവും സ്വീകരിച്ച എല്ലാവരും അയയ്ക്കപ്പെട്ടവർ ആണെന്ന വസ്തുത ഈ കാലം നമ്മെ അനുസ്മരിപ്പിക്കുന്നു. സുവിശേഷപ്രഘോഷണത്തി നായി അയയ്ക്കപ്പെടുന്നവർ വചന കേന്ദ്രീകൃതജീവിതം നയിക്കണം എന്ന് ഓർമ്മിപ്പിക്കുന്നു. വചനമായ ദൈവത്തിന് നിർഭയം സാക്ഷ്യം നൽകേണ്ടതിന്റെ ആവശ്യകത ഈ കാലം ഊന്നിപറയുന്നു.

**4. മെത്രാഭിഷേക വാർഷികം:**

മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മെത്രാഭിഷേക വാർഷിക ദിനമാണ് മെയ് 1. അന്നേദിനം അഭിവന്ദ്യപിതാവിനുവേണ്ടി വി. കുർബാന മധ്യേ പ്രത്യേകം പ്രാർത്ഥിക്കണമെന്ന് ഓർമ്മപ്പെടു ത്തുന്നു. അഭിവന്ദ്യപിതാവിന് അതിരൂപതയുടെ പ്രാർത്ഥനാ പൂർണ്ണമായ ആശംസകൾ നേരുന്നു.

**5. പട്ടങ്ങൾ:**

നമ്മുടെ അതിരൂപതയ്ക്കുവേണ്ടി വൈദികപരിശീലനത്തിലാ യിരിക്കുന്ന ശെമ്മാശന്മാർ ഡിസംബർ, മാർച്ച് മാസങ്ങളിൽ കാറോയ, ഹെവ്പ്പദ്യാക്ക്ന, മ്ശംശാന പട്ടങ്ങൾ സ്വീകരിച്ചു. അവർക്കു പ്രാർത്ഥനകളും അഭിനന്ദനങ്ങളും നേരുന്നു.

a) **മ്ശംശാനപ്പട്ടം**

| | | | |
|---|---|---|---|
| 1. | ആലപ്പാട്ട് അൽജോ | കൊട്ടേക്കാട് | (മേരിമാത) |
| 2. | അരുകാക്കൽ പ്രിൻസ് | വേലൂപ്പാടം | (മേരിമാത) |
| 3. | എടക്കൂടൻ ക്രിസ്റ്റി | വല്ലച്ചിറ | (മേരിമാത) |
| 4. | കൂത്തൂർ ആൽബിൻ | വെളുത്തൂർ | (ആലുവ) |
| 5. | നെല്ലിക്കൽ ഫിബിൻ | വാണിയമ്പാറ | (കോട്ടയം) |

| | | |
|---|---|---|
| 6. പുലിക്കോട്ടിൽ സ്നോബിൻ | ബ്രഹ്മകുളം | (മേരിമാത) |
| 7. പുത്തൂർ ഐനിക്കൽ ഫെബിൻ | പഴുവിൽ | (ആലുവ) |
| 8. വട്ടക്കാട്ടുശ്ശേരി സിറിൽ | പീച്ചി | (മേരിമാത) |
| 9. വെള്ളറ നിതിൻ | കാവീട് | (മേരിമാത) |
| 10. വെള്ളിയാംകുളത്ത് ആൽബിൻ | വെട്ടുക്കാട് | (മേരിമാത) |
| 11. വെട്ടിയാടൻ അജാക്സ് | നെന്മണിക്കര | (കോട്ടയം) |

b) **ഹെവുപ്പദ്യാക്ക്നപ്പട്ടം**

| | | |
|---|---|---|
| 1. ചീരൻ എൽദോ | കോട്ടപ്പടി | (മേരിമാത) |
| 2. ചെമ്മണ്ണൂർ റിസൺ | പേരകം | (മേരിമാത) |
| 3. എലുവത്തിങ്കൽ എബിൻ | ചെവ്വൂർ | (മേരിമാത) |
| 4. എലുവത്തിങ്കൽ എഡ്വിൻ | പേരാമംഗലം | (മേരിമാത) |
| 5. കൊള്ളന്നൂർ ജിന്റോ | പാറന്നൂർ | (ഉജ്ജയിൻ) |
| 6. കുരുതുകുളങ്ങര റോവിൻ | അരിമ്പൂർ | (മേരിമാത) |
| 7. നീലങ്കാവിൽ വിപിൻ | പതിയാരം | (മേരിമാത) |
| 8. പൂത്തോക്കാരൻ ക്ലിൻസ് | കല്ലൂർ കിഴക്ക് | (മേരിമാത) |
| 9. പുളിക്കൻ ജോയേൽ | പുതുക്കാട് | (പൂന) |
| 10. തൈക്കാട്ടിൽ അമൽ | കൊട്ടേക്കാട് | (മേരിമാത) |
| 11. തട്ടിൽ ജിബിൻ | തൃക്കൂർ | (ഉജ്ജയിൻ) |

c) **കാറോയപ്പട്ടം**

| | | |
|---|---|---|
| 1. ചിറമ്മൽ ഗ്ലൈബിൻ | വെള്ളാറ്റഞ്ഞൂർ | (മേരിമാത) |
| 2. ചിറയത്ത് പുത്തൂര് ജോവിൻ | തൃശ്ശൂർ ലൂർദ്ദ് | (മേരിമാത) |
| 3. ചിറ്റിലപ്പിള്ളി ജെസ്വിൻ | പറപ്പൂർ | (മേരിമാത) |
| 4. ചുങ്കത്ത് അഖിൽ | ഒല്ലൂർ | (മേരിമാത) |
| 5. കൊള്ളന്നൂർ ആൻസൺ | മണലൂർ കിഴക്ക് | (ഉജ്ജയിൻ) |
| 6. കുരുതുകുളങ്ങര സാംജോ | പുത്തൻപീടിക | (മേരിമാത) |
| 7. മഞ്ഞളി അലൻ | കുരിയച്ചിറ | (മേരിമാത) |
| 8. നീലങ്കാവിൽ ഷെഫിൻ | തിരൂർ | (മേരിമാത) |
| 9. പുല്ലൂക്കാരൻ തോമസ് | മരത്താക്കര | (കോട്ടയം) |
| 10. വടക്കൻ ജിസ്റ്റോ | ചെങ്ങാലൂർ | (മേരിമാത) |

**6. വൈദികവസ്ത്ര സ്വീകരണം**

പരിശീലനം പൂർത്തിയാക്കിയ വൈദിക വിദ്യാർത്ഥികൾ മെയ് 9ന് ഉച്ചകഴിഞ്ഞ് 2:00 മണിക്ക് മൈനർ സെമിനാരിയിൽ വച്ച് വൈദികവസ്ത്രം സ്വീകരിക്കുന്നതാണ്. പൗരോഹിത്യ പരിശീലനത്തിൽ ഒരുപടി മുന്നോട്ട് കടക്കുന്ന അവർക്ക് പ്രാർത്ഥനാശംസകൾ

നേരുന്നു. ഇവർക്കുവേണ്ടി പ്രാർത്ഥിക്കുമല്ലോ.

**7. ജൂബിലി ആഘോഷിക്കുന്ന വൈദികർ :**

രജത ജൂബിലി ആഘോഷിക്കുന്ന ഫാ. ജോയ് പുത്തൂർ, ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്, ഫാ. ജെയ്സൺ മാറോക്കി, ഫാ. വർഗ്ഗീസ് എടക്കളത്തൂർ, ഫാ. ഷിന്റോ പാറയിൽ എന്നിവർക്ക് ജൂബിലിയുടെ അനുമോദനങ്ങളും പ്രാർത്ഥനകളും.

**8. അതിരൂപതാദിനം:**

ഈ വർഷത്തെ അതിരൂപതാദിനം മെയ് 20ന് വടക്കാഞ്ചേരി ഫൊറോനയിൽ വച്ച് നടത്തപ്പെടുന്നു. ഏവർക്കും സ്വാഗതം.

**9. വൈദികരുടെ വാർഷികധ്യാനം :**

വൈദികരുടെ വാർഷികധ്യാനത്തിന്റെ ആദ്യബാച്ച് അട്ടപ്പാടി സെഹിയോൻ ധ്യാനകേന്ദ്രത്തിൽ വച്ചാണ് നടത്തപ്പെടുന്നത്. സെഹിയോനിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 2026 ഏപ്രിൽ 30നകം അതിരൂപത കാര്യാലയത്തിൽ അറിയിക്കുമല്ലോ.


ജൂലൈ 5-10 : ഒന്നാം ബാച്ച്
(അട്ടപ്പാടി സെഹിയോൻ ധ്യാനകേന്ദ്രം)

സെപ്തംബർ 13-18 : രണ്ടാം ബാച്ച്
(ജറുസലെം ധ്യാനകേന്ദ്രം)

സെപ്തംബർ 20-25 : മൂന്നാം ബാച്ച്
(മേരിമാത സെമിനാരി)

**10. ലിവ് & ലേൺ**

അതിരൂപത വൈദീകരുടെ ഈ വർഷത്തെ ലിവ് &ലേൺ 2026 മെയ് 4-5, 12-13 തിയ്യതികളിലായി മേരിമാതാ മേജർ സെമിനാരി യിൽ വച്ച് സംഘടിപ്പിക്കുന്നു. പങ്കെടുക്കുന്നവരുടെ ബാച്ച് ലിസ്റ്റ് പേജ് 77 ൽ കൊടുത്തിട്ടുണ്ട്. ബാച്ച് മാറാൻ താൽപര്യമുള്ളവർ ബഹു. ഫാ. അലക്സ് മരോട്ടിക്കലിനെ അറിയിക്കേണ്ടതാണ്.



**മാർ ടോണി നീലങ്കാവിൽ**

അതിരൂപത സഹായമെത്രാൻ & പ്രോട്ടോ സിഞ്ചെല്ലൂസ്

# ENGAGEMENTS

**MAY 2026**

**Mar Andrews Thazhath**

| Date | Day | Time | Description |
|---|---|---|---|
| 1 | Fri | Morning | Holy Mass @ KLM day celebration |
| | | Afternoon | Blessing of Chettupuzha parish church |
| | | Evening | Festal celebration @ St. Joseph's Priests Home |
| 2 | Sat | Morning | First Holy Communion @ Lourdes Cathedral |
| | | Morning | Golden & Silver Jubilee celebrations of SNDS Sisters @ St. Patric's church , Mulayam |
| | | Afternoon | Parents Meet of brohers for vestition @ABPH |
| | | Evening | Talk @ Divine Retreat Centre |
| 4 | Mon | Morning | Diaconate of MSJ brothers @ Nehrunagar |
| | | Afternoon | Samarpitha sangamam @ Pudukad |
| 5 | Tue | Evening | Reception to Bp George Pottackal @Chettupuzha |
| 6 | Wed | Morning | Silver Jubilee Holy Mass @Santhi Bhavan Convent, Thottathil Lane |
| | | Evening | Jubilee Mass @ Parappukara |
| 7 | Thu | | CBCI Standing Committee Meeting @ Bangalore |
| 8 | Fri | | CBCI Standing Committee Meeting @ Bangalore |
| 9 | Sat | Morning | 5th Child's Baptism @ Peringad |
| | | Afternoon | Vestition @ Minor Seminary |
| | | Evening | C T C Training Programme |

| | | | |
|---|---|---|---|
| 10 | Sun | Afternoon | Daivasabdam marriage function @Basilica parish Hall |
| 11 | Mon | Morning | Jubilee Mass of SSJW Sisiters @ Peechi |
| 12 | Tue | Morning | Mar Francis Vazhappily death anniversary Holy Mass @ Basilica |
| 13 | Wed | Morning | Major seminarians Conference |
| | | Afternoon | All Seminarians Day @ Minor Seminary |
| 14 | Thu | Morning | Forane Vicars' meeting |
| | | Afternoon | Consultors Meeting |
| 15 | Fri | Morning | Holy Mass @ Pre-Cana |
| | | Morning | Assistant Vicars' Meeting @DBCLC |
| | | Afternoon | Executive committee meeting @ Marymatha Major Seminary |
| | | Evening | JMMC Trust Meeting |
| 16 | Sat | Morning | Silver jubilee Holy Mass @ Queen Mary's Convent, Chiyyaram |
| | | Evening | $140^{th}$ anniversary celebration of Deepika @ Casino Hotel |
| 17 | Sun | Morning | House Blessing @ Wadakkanchery |
| | | Morning | Catechism Principals Meeting @DBCLC |
| | | Afternoon | Angelos @ Lourdes Cathedral |
| 18 | Mon | Morning | First profession of CSS @ Mannuthy |
| 19 | Tue | Evening | Samuhavivaham Reception @ Basilica |
| 20 | Wed | Afternoon | Archdiocesan Day @ Wadakkanchery |
| 21 | Thu | Morning | Holy Mass @ TIMHANS |
| | | Afternoon | Church Blessing @ Mulloorkara |
| 22 | Fri | Morning | Silver Jubilee & final profession Holy Mass @ Assisi Convent |
| 23 | Sat | Morning | Centenary celebration Mass @ FCC Convent, Mattom |
| 24 | Sun | Morning | Holy Mass @ Athani |
| | | Afternoon | Marriage @ St. Anne's, West Fort |
| 25 | Mon | Morning | Holy Mass & Blessing @ Martha Convent, Anchery |
| 26 | Tue | Evening | Staff Animation Programme @ Marymatha Major Seminary |

| | | | |
|---|---|---|---|
| 29 | Fri | Evening | Inauguration of Lourdes Cathedral School & Centenary Celebration @ Lourdes Cathedral |
| 30 | Sat | | Staff Picnic |
| 31 | Sun | Morning | Holy Mass @ Pallikunnu |
| | | Afternoon | Marriage @ Lourdes Cathedral |
| | | Afternoon | Catechism Academic Year Inauguration @ DBCLC |

## ENGAGEMENTS

**MAY 2026**

**Mar Tony Neelankavil**

| **Date** | **Day** | **Time** | **Description** |
|---|---|---|---|
| 1 | Fri | Afternoon | Inauguration of dance debut of Kalasadan @ St. Mary's College, Trichur |
| | | Evening | Kooduthurakkal @ Ollur Marymatha |
| 2 | Sat | Afternoon | Parents' Meet of brothers for Vestition @ Archbishop's House |
| 3 | Sun | Morning | Pastoral visit @ Kizhakkaloor |
| | | Evening | 80th Jubilee @ Vellattanjoor church |
| 4 | Mon | | Live & Learn |
| 5 | Tue | Afternoon | Ordination of Dn. Jaimon Arackal VC @ Pavaratty |
| | | Evening | Reception to Most Rev. Bishop Joshy George @ Chettupuzha O.Carm Provincial house |
| 7 | Thu | Morning | Mathruvedi Silver Jubilee @ Basilica |
| | | | Golden & Silver Jubilee of Martha sisters @ Mannampetta |
| | | Afternoon | Visitors Time |
| 8 | Fri | Morning | Holy Mass for Pre-Cana @ Alagappanagar |

| | | | |
|---|---|---|---|
| | | | Franciscan Day of Priests<br>@ Gagultha Retreat Centre |
| | | Afternoon | Gathering of Priests & the<br>Consecrated @ Lourdes Cathedral |
| 9 | Sat | Morning | Solemn Holy Communion<br>@ Puthur church<br>CMC Silver Jubilee @ Kolazhy |
| | | Afternoon | Vestition of brothers @ SMMS |
| | | Evening | 150th Jubilee, Idavakadhinam,<br>Inter-religious Gathering @ Pavaratty |
| 10 | Sun | Morning | Catechism Secretaries Meeting<br>@ DBCLC |
| 11 | Mon | Morning | Baptism of 4th child @ Mannampetta<br>Holy Mass for SSJW sisters Jubilee<br>@ Peechi |
| 12 | Tue | Morning | Curia meeting |
| 13 | Wed | Afternoon | Major seminary conference @ SMMS |
| 14 | Thu | Morning | Baptism of 4th child @ Chettupuzha<br>Meeting of Forane Vicars |
| | | Afternoon | Consultors meeting @ ABH |
| 15 | Fri | Morning | Meeting of Asst. Vicars @ DBCLC |
| | | Afternoon | Marymatha Seminary Executive<br>Committee Meeting |
| | | Evening | Trust meeting @ JMMC |
| 16 | Sat | Morning | Golden Jubilee Holy Mass of<br>Fr. Jose Ponnor OFM @Pavaratty |
| | | Afternoon | Mullassery |
| 17 | Sun | Morning | Holy Mass<br>@ Don Bosco House, Irinjalakuda |
| | | Afternoon | Angelos @ Lourdes Cathedral<br>Annual day @ Savio Home |
| | | Evening | Jubilee Conclusion @ Chettupuzha |
| 18 | Mon | Morning | Golden Jubilee FCC sisters<br>@ Arampally |
| 19 | Tue | Afternoon | STC Trust meeting |
| 20 | Wed | | Archdiocesan Day |
| 21 | Thu | Morning | Deacons' House Visit |
| | | Evening | Decennial Celebration, Pottore |

| | | | |
|---|---|---|---|
| 22-23 | Fri-Sat | | LRC Seminar @ Kakkanad |
| 24 | Sun | Morning | Holy mass &Ezhuthiniuthal @ Palayur church |
| 25 | Mon | | Class |
| 26 | Tue | Evening | Meeting with the staff @ MMMS |
| 27 | Wed | Morning | Holy Mass @ Mundur church |
| | | Afternoon | Annual Day @ Mattom St Mary's L P School |
| 29 | Fri | Morning | Holy Mass for Pre-Cana @ Alagappanagar |
| | | Afternoon | Visitors Time |
| 30 | Sat | All day | Archbishop's House Staff Picnic |
| 31 | Sun | Morning | Catechism Software In-charges meeting @ DBCLC |
| | | | Festal Mass @ Mulloorkara |
| | | Afternoon | Catechism Academic Year Inauguration |

**സത്യമായി ഞാൻ
നിങ്ങളോടു പറയുന്നു,
നിങ്ങൾ മാനസാന്തരപ്പെട്ട്
ശിശുക്കളെപ്പോലെ
ആകുന്നില്ലെങ്കിൽ,
സ്വർഗരാജ്യത്തിൽ
പ്രവേശിക്കുകയില്ല**
(മത്തായി 18 : 3 )



# നാളാഗമം

## മാർച്ച് 2026

1 . അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ, ഫ്രാൻസിസ് വർഷത്തിന് ആരംഭം കുറിച്ചുകൊണ്ട് തൃശൂർ ലൂർദ് കത്തീഡ്രൽ പള്ളിയിൽ വിശുദ്ധ ബലിയർപ്പിച്ചു പ്രാർത്ഥിക്കുകയും ദൺഡവിമോചന പ്രാർത്ഥനചൊല്ലി ഫ്രാൻസിസ് ജൂബിലി വർഷ കവാടം തുറക്കുകയും ചെയ്തു. ശേഷം തൃശൂർ ഡോളോഴ്സ് ബസിലിക്ക പള്ളിയിൽ ഫ്രാൻസിസ് വർഷാചരണത്തിനു പ്രാർത്ഥനകളോടെ ആരംഭം കുറിച്ചു. തൃശൂർ ഡിബി സി എൽ സിയിൽ വച്ച് നടത്തിയ ക്യാറ്റക്കിസം മൂല്യനിർണയ ക്യാമ്പ് സന്ദർശിച്ചു അധ്യാപകരെ പ്രോത്സാഹിപ്പിച്ചു. ഫാദർ പോൾ പൂവത്തിങ്കൽ സി എം ഐ സ്ഥാപിച്ച മ്യൂസിക്ക് തെറാപ്പി ഇൻസ്റ്റിറ്റിയൂട്ടിന്റെ കല്ലിടൽ ചടങ്ങിൽ ഇന്ത്യൻ വൈസ് പ്രസിഡന്റ് ശ്രീ. സി പി രാധാകൃഷ്ണനോടൊപ്പം പങ്കെടുത്തു. ഉച്ചക്ക് ശേഷം അതിരൂപത പാസ്റ്ററൽ സെന്ററിൽ പുതുക്കി പണിത അതിരൂപത സി എൽ സി യുടെ ഓഫീസ് ആശീർവദിച്ചു. ശേഷം ബസിലിക്ക, പുത്തൂർ ഫൊറാനകളുടെ കുടുംബ കൂട്ടായ്മകളുടെ

നേതൃത്വത്തിൽ നടത്തപ്പെട്ട സമുദായ ജ്വാല ഉദ്ഘാടനം ചെയ്തു സംസാരിച്ചു. ഫ്രാൻസിസ് വർഷത്തിന് ആരംഭം കുറിച്ചുകൊണ്ട് അതിരൂപത തീർത്ഥകേന്ദ്രമായ പാലയൂർ പള്ളിയിലും മമ്മിയൂർ എൽ എഫ് കോൺവെന്റിലും പ്രത്യേക ദൺഡവിമോചന പ്രാർത്ഥനചൊല്ലി ഫ്രാൻസിസ് ജൂബിലി വർഷ കവാടം തുറക്കുകയും ചെയ്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് നോർത്തേൺ അയർലണ്ടിലെ ഡെറിയിൽ ബഹു. ജോഷി പറോക്കാരനച്ചൻ നേതൃത്വം കൊടുക്കുന്ന സീറോ മലബാർ സമൂഹത്തിൽ ദിവ്യബലി അർപ്പിച്ച് സന്ദേശം നൽകി.

2 . അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉച്ചക്ക് ശേഷം ജൂബിലി മെഡിക്കൽ കോളേജിൽ വച്ച് പുതിയ ഹോം കെയർ യൂണിറ്ററിന്റെ ഉദ്ഘാടനം നിർവഹിച്ചു. വൈകീട്ട് പബ്ലിക് അഫയേഴ്സിന്റെ മീറ്റിംഗിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് അയർലണ്ടിലെ നോക്കിലുള്ള ഇൻറർ നാഷണൽ മരിയൻ തീർത്ഥകേന്ദ്രത്തിൽ മാതാവ് പ്രത്യക്ഷപ്പെട്ട ഗ്രോട്ടോയിൽ ദിവ്യബലി അർപ്പിച്ചു.

3 . അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉച്ചക്ക് ശേഷം സി എസ് എസ് സഭാംഗവും സ്നേഹാരം പ്രൊവിൻസിലെ അംഗവുമായ മരണമടഞ്ഞ സിസ്റ്റർ നവീനയുടെ മൃതസംസ്ക്കാര കർമങ്ങൾക്കു കാർമികത്വം വഹിച്ചു. വൈകീട്ട് മേരിമാതാ മേജർ സെമിനാരിയിൽ നിന്നും സ്ഥലം മാറി പോകുന്ന ബഹുമാനപെട്ട സിബി ചെറുതോട്ടിൽ അച്ചന്റെ യാത്രയയ്യപ്പ് ചടങ്ങ് ഉദഘാടനം ചെയ്തു ആശംസകളർപ്പിച്ചു.

4 . അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ അതിരൂപത മൈനർ സെമിനാരിയിൽ വിശുദ്ധ ബലിയർപ്പിച്ചു പ്രാർത്ഥിക്കുകയും സെമിനാരി വിദ്യാർത്ഥികളെ ഉദ്ബോധിപ്പിക്കുകയും ചെയ്തു.

5 . അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ അതിരൂപതയുടെ വൈദീക പരിശീലന കേന്ദ്രമായ സെന്റ് പോൾസ് ഗുരുകുലത്തിൽ വിശുദ്ധ ബലിയർപ്പിച്ചു പ്രാർത്ഥിക്കുകയും വൈദീക വിദ്യാർത്ഥികളുമായി കൂടിക്കാഴ്ച നടത്തുകയും ചെയ്തു.

6 . അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ വിവാഹ ഒരുക്ക ക്ലാസ്സിൽ പങ്കെടുക്കുന്ന യുവതിയുവാക്കളോടൊപ്പം വിശുദ്ധ ബലിയർപ്പിച്ചു പ്രാർത്ഥിക്കുകയും അവരെ ഉദ്ബോധിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

06-08. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ഇംഗ്ലണ്ടിലെ

മാഞ്ചസ്റ്ററിൽ ബഹു. വിൻസെന്റ് ചിറ്റിലപ്പിള്ളി അച്ചൻ നേതൃത്വം കൊടുക്കുന്ന സീറോ മലബാർ ഇടവകയിൽ നോമ്പുകാല ധ്യാനം നടത്തി.

7 . അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉച്ചക്ക് ശേഷം സുവർണ ജൂബിലിയുടെ നിറവിലായിരിക്കുന്ന അതിരൂപത പി ആർ ഒ യുടെ ആഘോഷങ്ങളിൽ പങ്കെടുക്കുകയും മുൻ ഭാരവാഹികളെ ആദരിക്കുകയും ചെയ്തു. ഉച്ചക്ക് ശേഷം ഫാമിലി അപ്പസ്തോലേറ്റിൽ വച്ച് നടത്തിയ വനിതാ ദിനാഘോഷം ഉദ്ഘാടനം ചെയ്തു. വൈകീട്ട് ആർച്ച്ബിഷപ്പ്സ് ഹൗസിൽ വച്ച് കൂടിയ അതിരൂപത ദിനാഘോഷ കമ്മിറ്റിയുടെ മീറ്റിംഗിൽ പങ്കെടുത്തു.

8 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ ചിയ്യാരം വിജയമാതാ പള്ളിയുടെ രജത ജൂബിലി ആഘോഷങ്ങൾക്ക് ആരംഭം കുറിച്ചുകൊണ്ട് വിശുദ്ധ ബലിയർപ്പിച്ചു പ്രാർത്ഥിക്കുകയും ജൂബിലി വർഷം ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു. രാവിലെ കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ പുല്ലഴി സെന്റ് ക്രിസ്റ്റീന ഹോമിൽ വച്ച് നടത്തിയ വനിതാ ദിനാഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു. ഡി ബി സി എൽ സിയിൽ വച്ച് നടത്തപ്പെട്ട മൂല്യ നിർണയ ക്യാമ്പ് സന്ദർശിച്ചു അവരെ പ്രോത്സാഹിപ്പിച്ചു. അതിരൂപതയിലെ കണ്ടശ്ശാങ്കടവ്, പഴുവിൽ, പുതുക്കാട്, ഒല്ലൂർ, ലൂർദ് എന്നീ ഫൊറോനകളിൽ വച്ച് നടത്തിയ കുടുംബകൂട്ടായ്മ ഫൊറാന കൺവെൻഷൻ ഉദ്ഘാടനം നിർവഹിക്കുകയും അവരെ ഉദ്ബോധിപ്പിക്കുകയും ചെയ്തു. വൈകീട്ട് മരിയാപുരം എം എം ബി ഹൗസിൽ ഫ്രാൻസിസ് ജൂബിലി വർഷത്തോടനുബന്ധിച്ചു പ്രത്യേക ദൺഡവിമോചന പ്രാർത്ഥനചൊല്ലി ഫ്രാൻസിസ് ജൂബിലി വർഷ കവാടം തുറക്കുകയും ചെയ്തു.

9. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ യുവവൈദികർക്കായുള്ള ഓൺഗോയിങ് ഫോർമേഷൻ ക്യാമ്പ് ഉദ്ഘാടനം നിർവഹിച്ചു. മുള്ളൂർക്കരയിൽ സാന്ത്വനത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ച ടെഡി ബെയർ നിർമാണ യൂണിറ്റിന്റെ വെഞ്ചിരിപ്പും ഉദ്ഘാടനവും നിർവഹിച്ചു. ഉച്ചക്ക് ശേഷം ആർച്ച്ബിഷപ്സ് ഹൗസിൽ വച്ച് കൂടിയ ആലോചന സമിതി മീറ്റിംഗിൽ പങ്കെടുത്തു. നിർമലദാസി സന്യാസിനി സമൂഹത്തിൽ നിന്നും മരണമടഞ്ഞ സിസ്റ്റർ റോസി പടവന്റെ മൃതസംസ്കാര കർമങ്ങൾക്ക് കാർമികത്വം വഹിച്ചു. വൈകീട്ട് ആർച്ച്ബിഷപ്പ്സ് ഹൗസിൽ വച്ച് കൂടിയ ഫിനാൻസ് കമ്മിറ്റിയുടെ മീറ്റിംഗിൽ

പങ്കെടുത്തു.

11 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉച്ചക്ക് ശേഷം ആർച്ച്ബിഷപ്പ്സ് ഹൗസിൽ വച്ച് കൂടിയ പാലയൂർ തീർത്ഥാടന കമ്മിറ്റിയുടെ മീറ്റിംഗിൽ പങ്കെടുത്തു നിർദ്ദേശങ്ങൾ നൽകി. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് എട്ടു നൂറ്റാണ്ടുകൾക്കുശേഷം പരസ്യ വണക്കത്തിന് അസീസ്സിയിൽ വച്ചിരുന്ന വി. ഫ്രാൻസിസ് അസീസിയുടെ ഭൗതികശീരം സന്ദർശിച്ചു പ്രാർത്ഥിച്ചു.

12 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ മുതൽ വൈകീട്ട് വരെ ഇരിഞ്ഞാലക്കുട സഹൃദയ കോളേജിൽ വച്ച് നടത്തപ്പെട്ട ഇന്റർ എപ്പാർക്കിയേൽ വൈദിക സമിതി മീറ്റിംഗിന് നേതൃത്വം നൽകി.

13 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ ഒല്ലൂർ സെന്റ് ആന്റണിസ് ഫൊറോനാ പള്ളിയിലെ നാല്പതുമണിക്കൂർ ആരാധനക്ക് ആരംഭം കുറിച്ചുകൊണ്ട് വിശുദ്ധ ബലിയർപ്പിച്ചു പ്രാർത്ഥിക്കുകയും ദിവ്യകാരുണ്യ സന്ദേശം നൽകുകയും ചെയ്തു. നെടുപുഴ ജോർദാനിയ ധ്യാനകേന്ദ്രത്തിൽ വച്ച് ജീസസ് യൂത്തിനായി നടത്തപ്പെട്ട ധ്യാനത്തിൽ യുവതീയുവാക്കളെ സന്ദർശിക്കുകയും അവർക്കു പ്രബോധനം നൽകുകയും ചെയ്തു. ഫ്രാൻസിസ് വർഷത്തിന് ആരംഭം കുറിച്ചുകൊണ്ട് തൃശൂർ കാൽവരി ആശ്രമത്തിൽ വിശുദ്ധ ബലിയർപ്പിച്ചു പ്രാർത്ഥിക്കുകയും ദൺഡവിമോചന പ്രാർത്ഥന ചൊല്ലി ഫ്രാൻസിസ് ജൂബിലി വർഷ കവാടം തുറക്കുകയും ചെയ്തു.

13–15. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ലണ്ടനിൽ ബഹു. അനീഷ് നെല്ലിക്കലച്ചൻ നേതൃത്വം കൊടുക്കുന്ന സീറോ മലബാർ ഇടവകകളിൽ നോമ്പുകാല ധ്യനം നടത്തി.

14 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ തന്റെ പൗരോഹിത്യ സ്വീകരണ വാർഷിക ദിനത്തോടനുബന്ധിച്ചു പുതുക്കാട് ഇടവകയിൽ വിശുദ്ധ ബലിയർപ്പിച്ചു പ്രാർത്ഥിക്കുകയും മധുരം പങ്കുവെക്കുകയും ചെയ്തു. ജസ്റ്റിസ് ജെബി കോശി ഉദ്ഘാടകനായ പാസ്റ്ററൽ കൗൺസിൽ യോഗത്തിൽ അധ്യക്ഷത വഹിക്കുകയും അഭിവന്ദ്യ പിതാവിന്റെ പൗരോഹിത്യ ഗോൾഡൻ ജൂബിലി ആഘോഷങ്ങൾക്ക് ആരംഭം കുറിക്കുകയും ചെയ്തു. ഉച്ചക്ക് ശേഷം സംഘടനകളുടെ ഏകോപന സമിതി യോഗത്തിൽ പങ്കെടുത്തു

15 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ അഞ്ചേരി കുരിശു പള്ളിയിൽ വിശുദ്ധ ബലിയർപ്പിച്ചു. വിശ്വാസപ രിശീലകരുടെ മൂല്യനിർണയ ക്യാമ്പ് സന്ദർശിക്കുകയും അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. പള്ളിക്കുന്ന് ഇടവക ദൈവാലയത്തിൽ വച്ച് നടത്തിയ ദർശന സമൂഹത്തിന്റെ പതിനഞ്ചാം വാർഷികത്തോടനുബന്ധിച്ചുള്ള വിശുദ്ധബലിക്ക് മുഖ്യ കാർമികത്വം വഹിക്കുകയും ദർശന സമൂഹത്തിന്റെ ഉത്തരവാദിത്വങ്ങളും ലക്ഷ്യങ്ങളും എന്താണെന്നും എന്തി നാണെന്നും ഓർമിപ്പിക്കുകയും വചനത്തിന്റെ അടിസ്ഥാനത്തിൽ അവരെ ഉദ്ബോധിപ്പിക്കുകയും ചെയ്തു. ഉച്ചക്ക് ഫാമിലി അപ്പസ്തോലേറ്റിൽ വച്ച് നടത്തിയ നവദമ്പതി സംഗമത്തിൽ പങ്കെടുത്തു അവർക്ക് തന്റെ പൈതൃകമായ ഉപദേശം നൽകുകയും ചെയ്തു. ഉച്ചക്ക് ശേഷം തൃശൂർ എബനേസർ മാർ തോമ പള്ളിയിൽ വച്ച് നടത്തിയ ഡോക്ടർ അലക്സാണ്ടർ മാർ തോമ വലിയ മെത്രാപ്പൊലീത്ത അനുസ്മരണ സെമി നാറിൽ പങ്കെടുത്തു സഭയുടെ ഇന്നത്തെ സ്ഥിതിഗതികളെ കുറിച്ചും ശ്രദ്ധിക്കേണ്ട മേഖലകളെക്കുറിച്ചും ശാക്തീകരണത്തിന്റെ ആവശ്യകതയെക്കുറിച്ചും മുഖ്യ പ്രഭാഷണം നടത്തി.

16 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ അതി രൂപത ഭവനത്തിൽ വച്ച് കൂടിയ ഫൊറോനാ വികാരിമാരുടെ മീറ്റിംഗിൽ പങ്കെടുക്കുകയും വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു. വൈകീട്ട് പെർമനന്റ് സിനഡിന്റെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ലണ്ടൻ കത്തോലിക്കാ പ്രോവിൻസിലെ പ്രവാസി ചാപ്ളിൻമാരുടെ മീറ്റിംഗിൽ വെസ്റ്റ്മിനിസ്റ്റർ മെത്രാപ്പോലിത്താ റിച്ചാർഡ് മോത്തിനോടൊപ്പം പങ്കെടുത്തു.

17 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉച്ചകഴിഞ്ഞു പാലിയേറ്റീവ് കെയർ യൂണിറ്റിന്റെ നേതൃത്വത്തിൽ ആരംഭിച്ച തട്ട് വണ്ടിയുടെ വെഞ്ചിരിപ്പ് കർമം ആർച്ച്ബിഷപ്പ്സ് ഹൗസിൽ വച്ച് നടത്തി. വൈകീട്ട് പീസ് ഹോമിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ വിശുദ്ധ യൗസേപ്പിതാവിനെക്കുറിച്ചുള്ള ഷോർട് ഫിലിം ഉദ്ഘാടനം നിർവഹിച്ചു. പബ്ലിക് അഫയേഴ്സിന്റെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

18 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉച്ചക്ക് ശേഷം മാതൃവേദിയുടെ വാർഷിക പദ്ധതി ഉദ്ഘാടനം ചെയ്തു. വൈകീട്ട് ജൂബിലി മിഷൻ ആശുപത്രിയുടെ ട്രസ്റ്റ് മീറ്റിങ്ങിൽ

പങ്കെടുത്തു.

19 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ പഴുവിലുള്ള സെന്റ് മേരീസ് ധ്യാന കേന്ദ്രത്തിൽ വിശുദ്ധ ബലിയർപ്പിച്ചു പ്രാർത്ഥിക്കുകയും തുടർന്ന് വെഞ്ചിരിപ്പ് കർമ്മം നിർവഹിക്കുകയും ചെയ്തു. വൈകീട്ട് പാലയൂർ മഹാതീർത്ഥാടനത്തിനൊരുക്കമായി തീർത്ഥ കേന്ദ്രത്തിൽ വച്ച് നടത്തിയ ബൈബിൾ കൺവെൻഷനിൽ സമാപന സന്ദേശം നൽകി.

20 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ വിവാഹ ഒരുക്ക ക്ലാസ്സിൽ പങ്കെടുക്കുന്നവരെ സന്ദർശിക്കുകയും വിശുദ്ധ ബലിയർപ്പിച്ചു പ്രാർത്ഥിക്കുകയും ചെയ്തു. രാവിലെ ഫാമിലി അപ്പസ്തോലേറ്റിൽ വച്ച് നടത്തിയ ടീച്ചേഴ്സ് ഗിൽഡിന്റെ അവാർഡ് ദിനവും റിട്ടയർമെന്റ് ആഘോഷങ്ങളും ഉദ്ഘാടനം നിർവഹിക്കുകയും അവർക്കു ആശംസകളർപ്പിക്കുകയും ചെയ്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സെമിനാരി പരിശീലകർക്കുവേണ്ടി ഒരുക്കുന്ന ശില്പശാലക്ക് ആവശ്യമായ മൊഡ്യൂളുകൾ തയ്യാറാക്കുന്ന റിസോഴ്സ് ടീമിനോടൊപ്പം പ്ര വർത്തിച്ചു.

21 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ ചെങ്ങാലൂർ ഇടവകയിലെ വല്ലപ്പാടി ഷോബി & ലിറ്റി ദമ്പതികളുടെ അഞ്ചാമത്തെ കുഞ്ഞിന് മാമോദീസ നൽകി. പാലയൂർ മഹാ തീർത്ഥാടനത്തിന്റെ ഭാഗമായുള്ള ബ്ലഡ് ഡോണേഷൻ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ക്യാറ്റക്കെറ്റിക്കൽ കൗൺസിലിന്റെ ജന റൽ ബോഡി മീറ്റിംഗ് ഉദ്ഘാടനം നിർവഹിച്ചു. ഉച്ചക്ക് ഡോൺ ബോസ്കോ സഭാംഗമായ ബ്രദർ റോയ് തിരുമലച്ചാലിലിന്റെ മൃതസംസ്ക്കാര കർമങ്ങളുടെ മൂന്നാം ഭാഗത്തിന് കാർമികത്വം വഹിച്ചു. ഉച്ചക്കുശേഷം ഡി ബി സി എൽ സിയിൽ വച്ച് കൂടിയ ഇടവക ട്രസ്റ്റീമാരുടെയും ക്ലർക്കുമാരുടെയും മീറ്റിങ്ങിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ഉച്ചതിരിഞ്ഞ് കൈകാരന്മാരുടെയും കണക്കെഴുത്തുകാരുടെയും മീറ്റിങ്ങിൽ പങ്കെടുക്കുകയും കുടുംബ കൂട്ടായ്മ വാർഷിക പദ്ധതിയുടെ ഉദ്ഘാടനം ഫാമിലി അപ്പോസ്തലേറ്റ് സെന്ററിൽ നിർവഹിക്കുകയും ഡി.ബി.സി.എൽ.സി. യിൽ വിശ്വാസ പരിശീലന കൗൺസിൽ മീറ്റിങ്ങിൽ പങ്കെടുക്കുകയും ചെയ്തു. വൈകിട്ട് തൃശ്ശൂർ സാഹിത്യ അക്കാദമിയിൽ പ്രൊഫ. സിറിയക്

ജോണിന്റെ 'എന്റെ തൃശൂർ അനുഭവങ്ങൾ' എന്ന പുസ്തകത്തിന്റെ പ്രകാശന കർമ്മം നിർവഹിച്ചു.

22 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ ഇരുപത്തിയൊമ്പതാമത് പാലയൂർ മഹാ തീർത്ഥാടനം ലൂർദ് പള്ളിയിൽ വച്ച് ഫ്ളാഗ് ഓഫ് ചെയ്യുകയും തുടർന്ന് വിവിധ ഇടങ്ങളിൽ നിന്നുള്ള തീർത്ഥാടന സംഘങ്ങളെ സന്ദർശിക്കുകയും വൈകീട്ട് പാലയൂർ തീർത്ഥാടന കേന്ദ്രത്തിൽ വച്ച് കൂടിയ മീറ്റിംഗിൽ അധ്യക്ഷത വഹിക്കുകയും വിശുദ്ധ ബലിയർപ്പിച്ചു പ്രാർത്ഥിക്കുകയും ചെയ്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ വേലൂർ പള്ളിയിൽ പാലയൂർ മഹാ തീർത്ഥാടനത്തിന്റെ ഭാഗമായുള്ള മേഖല പദയാത്രയ്ക്ക് മുന്നോടിയായി വിശുദ്ധ കുർബാന അർപ്പിച്ചു. തുടർന്ന് പാലയൂർ തീർത്ഥാടനത്തിൽ ആദ്യന്തം പങ്കെടുക്കുകയും ചെയ്തു.

23-24 അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ഷംഷാബാദ് അതിരൂപതയിൽ തൃശ്ശൂർ അതിരൂപത ഏറ്റെടുത്ത് നടത്തുന്ന വി. എവുപ്രാസ്യ മിഷനിലെ എല്ലാ സെന്ററുകളും സന്ദർശിച്ചു. ബൊാഡവാരയിൽ വൈദികമന്ദിരവും ചാപ്പലും വെഞ്ചിരിച്ചു. സീഡിമാനഗുഡയിൽ ഹോളി ഫാമിലി സിസ്റ്റേഴ്സ് നിർമിക്കാൻ പോകുന്ന മഠത്തിന് തറക്കല്ലിട്ടു.

24 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ ഡീക്കൻ പട്ടം സ്വീകരിക്കാനൊരുങ്ങുന്ന വൈദികവിദ്യാർഥികളുമായി കൂടിക്കാഴ്ച നടത്തുകയും അവർക്ക് എല്ലാ പ്രാർത്ഥനാശംസകൾ നേരുകയും ചെയ്തു.

25 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉച്ചക്കുശേഷം ആർച്ചുബിഷപ്പ്സ് ഹൗസിൽ വച്ച് കൂടിയ സമുദായ ശാക്തീകരണ കമ്മിറ്റിയുടെ മീറ്റിങ്ങിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് വൈകീട്ട് പെരിങ്ങൂർ പീസ് ഹോമിൽ ഹോപ്പ് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ ഭിന്നശേഷിക്കാർക്കുവേണ്ടി നടത്തിയ ധ്യാനത്തിന്റെ സമാപനത്തോടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിക്കുകയും തുടർന്ന് ഡി.ബി.സി.എൽ.സി. യിലെ ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുക്കുകയും ചെയ്തു.

26 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ ക്രിസ് ഗോൾഡിന്റെ മീറ്റിംഗിങ്ങിൽ പങ്കെടുക്കുകയും അവരുടെ വിലയേറിയ ത്യാഗങ്ങൾ അനുസ്മരിക്കുകയും അഭിനന്ദിക്കുകയും അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. ഉച്ചക്കുശേഷം പ്രെസ്ബിറ്ററൽ കൗൺസിലിൽ പങ്കെടുത്തു. വൈകീട്ടു മുതൽ

ആരംഭിച്ച പ്രൊവിൻസ് മെത്രാന്മാരുടെ ധ്യാനത്തിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ചേറൂരിൽ സെന്റ് തോമസ് കോളേജിന്റെ ആദ്യത്തെ ലേഡീസ് ഹോസ്റ്റലിന് തറക്കല്ലിട്ടു. ഉച്ചകഴിഞ്ഞ് പ്രസ്ബിറ്ററൽ കൗൺസിലിൽ പങ്കെടുക്കുകയും വൈകീട്ട് ബിഷപ്പ്സ് ഹൗസിൽ വച്ച് നടത്തിയ തൃശ്ശൂർ പ്രവിശ്യ മെത്രാൻമാരുടെ ധ്യാനത്തിൽ പങ്കെടുക്കുകയും ചെയ്തു.

27 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉച്ചക്ക് ശേഷം വീണ്ടശ്ശേരി ഇടവക ദൈവാലയത്തിൽ വച്ച് നടത്തിയ അതിരൂപ തയിലെ വൈദീകരുടെ പ്രാർത്ഥന കൂട്ടായ്മയിൽ പങ്കെടുക്കുകയും വിശുദ്ധ ബലിയർപ്പിച്ചു പ്രാർത്ഥിക്കുകയും ചെയ്തു. വൈകീട്ട് എം ഐ ആശുപത്രിയുടെ ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് വൈകീട്ട് ബിഷപ്പ്സ് ഹൗസിൽ വച്ച് നടത്തിയ എം.ഐ. ആശു പത്രി ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു.

28 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ കുറുമാൽ ധ്യാനകേന്ദ്രത്തിൽ വച്ച് നടത്തിയ ഫ്രാൻസിസ്കൻ അൽമായ സഭയുടെ അതിരൂപത മഹോത്സവം ഉദ്ഘാടനം നിർവഹിച്ചു. ഉച്ചക്ക് ശേഷം തൃശൂർ ലൂർദ് കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് ചെറുപട്ടങ്ങളുടെ തിരുകർമ്മങ്ങൾക്ക് മുഖ്യ കാർമികത്വം വഹിച്ചു. ശേഷം ജ്യോതി എഞ്ചിനീയറിംഗ് കോളേജിന്റെ സഹായത്തോടെ കാഴ്ച പരിമിതർക്കായി തൃശൂർ ഡോളേഴ്സ് ബസിലിക്കയിൽ തയ്യാറാക്കിയ കുരിശിന്റെ വഴി പ്രാർത്ഥന സഹായി ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ കോലഴിയിലെ ചാരിറ്റി ജന റലേറ്റിൽ വിശുദ്ധ കുർബാന അർപ്പിച്ചു. ഉച്ചതിരിഞ്ഞ് ബസിലിക്ക പള്ളിയിൽ ഹോപ്പ് മിനിസ്ട്രിയുടെ ബധിര-മൂകരുടെ സംഗമത്തിൽ പങ്കെടുത്തു.

29 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ തൃശൂർ ലൂർദ് കത്തീഡ്രൽ ദൈവാലയത്തിൽ ഓശാന ഞായറിന്റെ തിരുക്കർമ്മങ്ങൾക്ക് കാർമികത്വം വഹിച്ചു. ഉച്ചക്ക് ശേഷം കുരിയച്ചിറ ഇടവകയിൽ വച്ച് നടത്തിയ സംസ്ഥാന രൂപത ലോക സി.എൽ.സി. ദിനാഘോഷം ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ മാർ ടോണി നിലങ്കാവിൽ പിതാവ് രാവിലെ ബസിലിക്കയിൽ ഓശാന ഞായർ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമികത്വം വഹിക്കുകയും പാവറട്ടിയിൽ സി. കെ. സി.


സ്കൂളിൽ ജീസസ് യൂത്ത് ഫാമിലി സ്ട്രീമിന്റെ ആഭിമുഖ്യത്തിൽ നടത്തിയ കപ്പിൾസ് മീറ്റിൽ സന്ദേശം നൽകുകയും ചെയ്തു.

30 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ മുതൽ വൈദികവിശുദ്ധീകരണ ശുശ്രൂഷകളിൽ പങ്കെടുക്കുകയും വിശുദ്ധ ബലിയർപ്പിക്കുകയും വിശുദ്ധ തൈലത്തിന്റെ വെഞ്ചിരിപ്പ് കർമത്തിന് മുഖ്യ കാർമികത്വം വഹിക്കുകയും ചെയ്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ലൂർദ് പള്ളിയിൽ വൈദികസമർപ്പിത വിശുദ്ധീകരണ ദിനത്തിൽ പങ്കെടുത്തു.

31 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ നിത്യവ്രതം സ്വീകരിക്കുന്ന ചാരിറ്റി കോൺഗ്രിഗേഷനിൽ ഉൾപ്പെട്ട സിസ്റ്റേഴ്സിനെയും ആദ്യ വ്രത വാഗ്ദാനം നടത്താൻ ഒരുങ്ങുന്ന സി എം സി സിസ്റ്റേഴ്സിനെയും അഭിനന്ദിക്കുകയും അവർക്കു പ്രാർത്ഥനാശംസകൾ നേരുകയും ചെയ്തു. ഉച്ചക്ക് ശേഷം സാന്ത്വനത്തിന്റെ നേതൃത്വത്തിലുള്ള ലോൺ മേള ഉദ്ഘാടനം ചെയ്യുകയും മൊബൈൽ ട്രെയിനിങ് പ്രോഗ്രാമിന്റെ സർട്ടിഫികറ്റുകൾ വിതരണം ചെയ്യുകയും ചെയ്തു. അഭിവന്ദ്യ മാർ ടോണി നിലങ്കാവിൽ പിതാവ് രാവിലെ ഭരതയിലെ പുനർജീവനിൽ വിശുദ്ധ കുർബാന അർപ്പിച്ചു. ഉച്ചകഴിഞ്ഞ് സെന്റ് തോമസ് കോളേജിൽ ട്രസ്റ്റ് മീറ്റിങ്ങിലും സെന്റ് തോമസ് അക്കാദമി സമാപിക്കുന്നതിന്റെ മീറ്റിങ്ങിലും പങ്കെടുത്തു.

ശിഷ്യൻമാർക്കുവേണ്ടി പ്രാർഥിക്കുന്നു
**അവരെല്ലാവരും ഒന്നായിരിക്കാൻ വേണ്ടി, പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും അങ്ങനെ അവിടുന്ന് എന്നെ അയച്ചുവെന്നു ലോകം അറിയുന്നതിനും വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു.**
**(യോഹ 17, 21)**

## 1 ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ




മരത്തംക്കോടുള്ള ചിറ്റിലപ്പിള്ളി ആൽബർട്ട് മിഖായേൽ ജോൺ – ഏറ്റെടുത്ത് നടത്തിയ ഏപ്രിൽ മാസത്തിലെ രണ്ടാം ശനി ഓർമ്മയാചരണത്തിന് കാർമ്മികത്വം വഹിച്ച് സന്ദേശം നൽകിയത്, ധന്യനായ ഊക്കനച്ചൻ അന്ത്യവിശ്രമം കൊള്ളുന്ന ചൊവ്വന്നൂർ സെന്റ് തോമസ് ഇടവക വികാരി ബഹു. ബൈജു കാഞ്ഞിരത്തിങ്കൽ അച്ചനാണ്. തോട്ടുവയിൽ നിന്നുള്ള ചാരിറ്റി സിസ്റ്റേഴ്സാണ് ജപമാലയ്ക്കും ആരാധനയ്ക്കും നേതൃത്വം നൽകിയത്. തോട്ടുവ സെന്റ് ജോസഫ്സ് ഇടവകയിൽ നിന്നുള്ള ധാരാളം വിശ്വാസികളും ആദ്യന്തം ചടങ്ങുകളിൽ സന്നിഹിതരായിരുന്നു. ബഹു. ബൈജു അച്ചന്റെ സന്ദേശത്തിൽ നിന്നും.

വിളിച്ചാൽ വിളിപ്പുറത്തെത്തുന്ന ധന്യവൈദികനാണ് ഊക്കനച്ചൻ എന്നുള്ളത് ഈ ചുരുങ്ങിയ 2 മാസങ്ങൾക്കുള്ളിൽ, ഈ കബറിട ദൈവാലയം സന്ദർശിച്ച്, പ്രാർത്ഥിച്ച്, സന്തോഷത്തോടെ മടങ്ങുന്നവരുടെ അനുഭവ സാക്ഷ്യത്തിൽ നിന്ന് എനിക്ക് മനസ്സിലായിട്ടുണ്ട്. $2^1/_2$ വയസ്സിലെ അമ്മയുടെ

മരണവും 6 വയസ്സിലെ അപ്പന്റെ മരണവും അമ്മായിയുടെ സംരക്ഷണയിൽ വളരാൻ അദ്ദേഹത്തെ നിർബന്ധിതനാക്കി. സങ്കട ങ്ങളുടെ ബാല്യകാലത്ത് നല്ലൊരു വിവാഹ വസ്ത്രമില്ലാത്തതിന്റെ പേരിൽ കല്ല്യാണ വീട്ടിൽ നിന്നും പുറത്താക്കപ്പെട്ടു യോഹ. 14:18 ൽ ഇപ്രകാരം പറയുന്നു: ''ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല.'' എന്റെയും ചില ജീവിത സാഹചര്യങ്ങളിൽ, രോഗാവസ്ഥകളിൽ എനിക്ക് ആരുമില്ലല്ലോയെന്ന ചിന്ത വരുമ്പോൾ ഇവിടെയുള്ള ഊക്കനച്ചന്റെ സാന്നിധ്യം ഇന്നെനിക്കൊരു ബലമാണ്. ആ സാന്നിധ്യം ഈ ദേശക്കാരും അനുഭവിക്കുന്നതുകൊണ്ടാകാം എന്നെയൊരിക്കലും ഒറ്റയ്ക്കാക്കുവാൻ ചൊവ്വന്നൂർക്കാർ സമ്മതിക്കാത്തതും. പോൾ ചിറ്റിലപ്പിള്ളി പിതാവൊക്കെ പറയുന്നുണ്ട്: തന്റെ കുടുംബത്തിന്റെ അനുരഞ്ജകനായിരുന്നു ഊക്കനച്ചനെന്ന അച്ചൻ തമ്പുരാൻ, വലിയ തമ്പുരാൻ, കുടുംബ പ്രേക്ഷിതൻ ഇങ്ങനെയൊക്കെ അറിയപ്പെടുന്ന ഊക്കനച്ചൻ; നമ്മുടെ ഭാഷ സംസാരിച്ചിരുന്ന, നമ്മെ ഉൾക്കൊള്ളുവാൻ സാധിക്കുന്ന, ദ്രുതഗതിയിൽ നമുക്ക് വേണ്ടി മധ്യസ്ഥം വഹിക്കാൻ സാധിക്കുന്ന വന്ദ്യ വൈദികനാണ്. നമ്മുടെ കൂടെ ഈ ദൈവീക സാന്നിധ്യം ഉള്ളതുകൊണ്ട് പ്രിയപ്പെട്ടവരേ നാം ഒരിക്കലും അനാഥരല്ല. സുവിശേഷം കരുണയാണ്: ദൈവത്തിന്റെ പേരാണ് കരുണ! കുഷ്ഠ രോഗിയും പിടിക്കപ്പെട്ട വേശ്യയും, കുരിശിലെ കള്ളനും അനു ഭവിച്ചത് ഈ കരുണയാണ്. ഇന്ന് നമ്മോടുകൂടി വസിക്കുന്ന ഈ കരുണയുടെ പേരാണ് ഊക്കനച്ചൻ! നമ്മുടെ ജീവിതത്തിന്റെ ഗത്സ്മെൻ അനുഭവങ്ങളിൽ കാൽവരി നിമിഷങ്ങളിൽ എല്ലാം ഊക്കനച്ചാ, എനിക്കും കൂട്ടിരിക്കണമേ എന്ന് പ്രാർത്ഥിക്കാം. അദ്ദേഹത്തിന്റെ വിശ്വാസ മാതൃകയും പ്രവർത്തന മാതൃകയും സ്വന്തമാക്കുവാൻ പരിശ്രമിക്കുകയും ചെയ്യാം!

ആരാധനയ്ക്കും, തിരുക്കർമ്മങ്ങൾ ഏറ്റെടുത്ത് നടത്തിയ കുടുംബത്തിനുമുള്ള സ്നേഹോപഹാരത്തിനും ശേഷം ചൊവ്വന്നൂർ സെന്റ് തോമസ് ഇടവക വികാരി ബഹു. ഫാ. ബൈജു കാഞ്ഞിരത്തിങ്കൽ എല്ലാവർക്കും നന്ദി പറയുകയും ചെയ്തു.

# 2 ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചൻ



അനുതാപത്തെക്കുറിച്ചും തിരിച്ചുവരവിനെക്കുറിച്ചും അന്തോണിയച്ചൻ നല്കുന്ന ഉപദേശങ്ങൾ നമുക്കു ശ്രവിക്കാം. ഒരാൾ പാപത്തിൽ പെട്ടാൽ അതിൽ നിന്നു പിന്തിരിയുന്നതുവരെ ദൈവം അസ്വസ്ഥനായിരിക്കുന്നു. ഉപമകൾ വഴി ഇതു വ്യക്തമാക്കാം. ദുഷ്ടനായ മകന്റെ അപ്പൻ വീട് തോറും ചുറ്റി (തന്റെ മകനെ) അന്വേഷിക്കുന്നു. എന്നാൽ വൈദികൻ പാപം ചെയ്യുമ്പോൾ മൂത്ത മകനും വീടിന്റെ കാര്യങ്ങൾ മുഴുവനും അന്വേഷിക്കേണ്ടവനുമാണ് നശിച്ചുപോകുന്നത്. വൈദികൻ (ഇടയൻ) നശിക്കുമ്പോൾ അവനോടുകൂടി വേറെ ആടുകളും നശിച്ചേക്കാം.

ദൈവത്തിന് എന്ത് അവകാശമാണ് നമ്മിൽ ഇല്ലാത്തത്? തന്റേതല്ലാത്തതായി നമ്മിൽ ഒന്നുമില്ല. സ്വഭാവത്തിന് അടുത്തതും അനുഗ്രഹത്തിന് അടുത്തതുമായി നമ്മിലുള്ളതെല്ലാം ദൈവത്തിന്റേതാണ്. പോരാ, നാം അവിടുത്തെ രക്തത്താൽ വീണ്ടെടുക്കപ്പെട്ടവരാണ്,

കഴുകപ്പെട്ടവരാണ്. വേറെ ആർക്കും എന്തവകാശമാണ് നമ്മിലുള്ളത്? തെറ്റിപ്പോയ ആടിനെ കണ്ടെത്തുമ്പോൾ അവിടുന്ന് ശാസിക്കുന്നില്ല. തോളിലേറ്റുന്നു.

പത്രോസിന്റെ മാനസാന്തരം ഉത്തമ മനസ്താപത്തിന്റെ ഫലമായിരുന്നു. അനുതാപത്തിന്റെ വലിപ്പത്താൽ ജീവിതകാലം മുഴുവൻ അദ്ദേഹം കരഞ്ഞു. അദ്ദേഹത്തിന്റെ കവിളിൽ ചാലുകൾ ഉണ്ടായി. മറിയം മഗ്ദലേന കർത്താവിന്റെ കാൽക്കലിരുന്നുകൊണ്ട് കരഞ്ഞു. നമുക്ക് കുറേക്കൂടി ഉയരണം. അന്ന് അവിടുത്തെ ഹൃദയം തുറക്കപ്പെട്ടിരുന്നില്ല. ഇന്ന് അവിടെ ചാടിക്കയറി നമുക്ക് അഭയം പ്രാപിക്കാം. അന്ന് കൈകൾ ഉയരത്തിൽ വിരിച്ചു പിടിച്ചിരുന്നില്ല. ഇതാ ഇന്ന് നമ്മെ കെട്ടിപ്പിടിച്ച് രക്ഷിക്കുന്നതിനായി അവ വിരിക്കപ്പെട്ടിരിക്കുന്നു.

നമ്മുടെ പിതാവായ തോമാക്ക് തെറ്റ് പറ്റിയെന്നത് ശരിയാണ്. അല്ലെങ്കിൽ കർത്താവ് ശാസിക്കുകയില്ലായിരുന്നു. എന്നാൽ തിരുവിലാവിൽ കൈയ്യിട്ടപ്പോൾ 'എന്റെ കർത്താവും എന്റെ ദൈവവും' എന്ന് അദ്ദേഹം വിളിച്ചു പറഞ്ഞു. പാപത്തിന്റെ കാരണമായ ദിക്ക് വിട്ടുപോകുന്നു എന്ന് തോന്നുമാറ് എല്ലാവരിലും അധികം ദൂരേക്ക് യാത്ര ചെയ്തു വിശ്വാസക്കുറവിന് പരിഹാരമായി വിശ്വാസത്തെ പരത്തി. പാപം ഇങ്ങോട്ട് പൊട്ടിവീഴുകയല്ല. ഓരോ ചുറ്റുപാടുകളിൽ നിന്നും കാരണങ്ങളിൽ നിന്നും അവ ഉണ്ടാകുന്നു. നമ്മുടെ മനസ്താപം ഉത്തമ മനസ്താപം ആയിരിക്കണം. കുമ്പസാരത്തിനു മുമ്പുതന്നെ ഉത്തമ മനസ്താപത്താൽ നാം ഒരുങ്ങണം. ഉത്തമ മനസ്താപത്തിൽ അടിമകളുടെ പേടിയല്ല നമ്മെ നയിക്കുക.

**ഫാ. പോൾ പുളിക്കൻ**

വൈസ് പോസ്റ്റുലേറ്റർ

# ₹ സാമ്പത്തിക കാര്യാലയം

**കൈക്കാരന്മാരുടേയും കണക്കെഴുത്തുക്കാരുടേയും യോഗ റിപ്പോർട്ട്**

തൃശ്ശൂർ അതിരൂപതയിലെ വിവിധ ഇടവകകളിലെ കൈക്കാര ന്മാരുടേയും കണക്കെഴുത്തുകാരുടെയും ഒരു സംയുക്തയോഗം 2026 മാർച്ച് 21 ന് ശനിയാഴ്ച വൈകീട്ട് 2.00 മണിക്ക് D.B.C.L.C ഓഡിറ്റോറിയത്തിൽ വെച്ച് കൂടുകയുണ്ടായി.ഏകദേശം 450 അംഗങ്ങൾ ഈ യോഗത്തിൽ പങ്കെടുത്തു. പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് സ്വാഗതം ആശംസിച്ചു. അഭിവന്ദ്യപിതാവ് മാർ ആൻഡ്രൂസ് താഴത്ത് യോഗം ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യപിതാവ് മാർ ടോണി നീലങ്കാവിൽ സദസ്സിന് ആശംസകൾ നേർന്നു . പള്ളികളും മതസ്ഥാപനങ്ങളും കണക്കുകൾ എഴുതുമ്പോൾ പാലിക്കേണ്ട Income Tax, GST, TDS എന്നീ നിയമങ്ങളെക്കുറിച്ച് Chartered Accountant ശ്രീ.ജോസഫ് കാങ്കപ്പാടൻ ക്ലാസ്സെടുത്തു. ഭൂമി, ഭൂനികുതി, കെട്ടിട നികുതി എന്നി വയെകുറിച്ച് അഡ്വ. രഞ്ജിത്ത് ആറ്റത്തറ വിശദീകരിച്ചു. ശ്രീ. ലൂയിസ് ഈ.എഫ് തെരട്ടിനെ പറ്റി ലഘു പ്രഭാഷണം നടത്തി. ഫാ.അജിത്ത് കൊള്ളന്നൂർ സദസ്സിന് നന്ദി പ്രകാശിപ്പിക്കുകയും തുടർന്ന് ലഘു ഭക്ഷണത്തോടുകൂടി യോഗം സമാപിക്കുകയും ചെയ്തു.

| | |
|---|---|
| **ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്** | **ഫാ.അജിത്ത് കൊള്ളന്നൂർ** |
| ഫൈനാൻസ് ഓഫീസർ | അസി.ഫൈനാൻസ് ഓഫീസർ |

# വൈദികർ




| | |
|---|---|
| ഫാ. ജോൺ പോൾ ചെമ്മണ്ണൂർ | 03 |
| ഫാ. ജോൺ മൂലൻ | 03 |
| ഫാ. രാജു അക്കര | 04 |
| ഫാ. ജെയ്സൻ മാറോക്കി | 04 |
| ഫാ. ജോഷി വെണ്ണാട്ടുപറമ്പിൽ | 04 |
| ഫാ. ജോർജ്ജ് ചേലപ്പാടൻ | 05 |
| ഫാ. ജോസഫ് വൈക്കാടൻ | 05 |
| ഫാ. വിൻസെന്റ് കുണ്ടുകുളം | 07 |
| ഫാ. സെബാസ്റ്റ്യൻ പെരുട്ടിൽ | 07 |
| ഫാ. പോൾ പേരാമംഗലത്ത് | 08 |
| ഫാ. സിന്റോ തൊറയൻ | 08 |
| ഫാ. ആന്റണി മേനാച്ചേരി | 10 |
| ഫാ. ജോജു പനക്കൽ | 11 |
| ഫാ. അനുവിൻ താണിക്കൽ | 11 |
| ഫാ. നിർമ്മൽ അക്കരപ്പട്ട്യേക്കൽ | 12 |
| ഫാ. ഐനിക്കൽ ജോബിൻ | 13 |
| ഫാ. പ്രിൻസ് ചിരിയങ്കണ്ടത്ത് | 14 |
| ഫാ. പോൾ തേക്കാനത്ത് | 14 |
| ഫാ. ആന്റണി അമ്മുത്തൻ | 15 |
| ഫാ. മാത്യു വെട്ടത്ത് | 15 |
| ഫാ. ജോബ് പടയാട്ടിൽ | 16 |
| ഫാ. ജോൺസൻ ചിറ്റിലപ്പിള്ളി | 19 |
| ഫാ. റാഫേൽ മുത്തുപീടിക | 19 |
| ഫാ. ജോൺ (ബിജു)പാണേങ്ങാടൻ | 19 |
| ഫാ. ജോമോൻ താണിക്കൽ | 19 |
| ഫാ. ഫ്രാൻസോ തെക്കത്ത് | 19 |
| ഫാ. ഡേവിസ് കണ്ണമ്പുഴ | 20 |
| ഫാ. ടോണി അരിമ്പൂർ | 21 |
| ഫാ. ജോസ് എടക്കളത്തൂർ | 21 |
| ഫാ. പോൾ കാട്ടൂക്കാരൻ | 21 |
| ഫാ. സിന്റോ പൊറത്തൂർ | 21 |
| ഫാ. വിനോയ് വാഴപ്പിള്ളി | 21 |
| ഫാ. റെനാൾഡ് പുലിക്കോടൻ | 23 |
| ഫാ. മേജോ മുത്തുപീടിക | 24 |
| ഫാ. അലക്സ് മരോട്ടിക്കൽ | 25 |
| ഫാ. ആൽവിൻ പട്ട്യേക്കൽ | 25 |
| ഫാ. ജോൺ ചിറ്റിലപ്പിള്ളി | 27 |
| ഫാ. ചെറുതാണിക്കൽ ഫ്രാങ്കോ ഫോണിസ് | 28 |
| ഫാ. പ്രിൻസ് പിണ്ടിയാൻ | 29 |
| ഫാ. സൈജോ തൈക്കാട്ടിൽ | 29 |
| ഫാ. ഡെന്നി ചിറയത്ത് | 30 |
| ഫാ. മേജോ മരോട്ടിക്കൽ | 30 |
| ഫാ. ജീസ്മോൻ ചെമ്മണ്ണൂർ | 31 |
| ഫാ. ജോഫി ചിറ്റിലപ്പിള്ളി | 31 |





| | |
|---|---|
| ഫാ. ജോസ് പുലിക്കോട്ടിൽ | 01 |
| ഫാ. ജോസഫ് വൈക്കാടൻ | 01 |
| ഫാ. ജോബി പുത്തൂർ | 01 |
| ഫാ. ജോസ് തത്രത്തിൽ | 01 |
| ഫാ. ഡൊമിനി ചാഴൂർ | 06 |
| ഫാ. ഡൊമിനിക് തലക്കോടൻ | 06 |
| ഫാ. സൈജൻ വാഴപ്പിള്ളി | 10 |
| ഫാ. ജോയ് കിടങ്ങൻ | 16 |
| ഫാ. ക്രിസ്റ്റോൺ പെരുമാട്ടിൽ | 16 |




| | |
|---|---|
| ഫാ. തട്ടിൽ ബർണാർഡ് | 01.05.2021 |
| ഫാ. തെക്കേക്കര ജോസ് Sr. | 01.05.2021 |
| മോൺ. അക്കര ജോർജ്ജ് | 02.05.2021 |
| ഫാ. തെക്കിനിയത്ത് ആന്റണി Sr. | 05.05.1976 |
| ഫാ. ചീരമ്പൻ പൊറിഞ്ചു | 07.05.1933 |
| ഫാ. ആലപ്പാട്ട് ജോൺ | 07.05.1944 |
| ഫാ. ചിറയത്ത് ഷാജു | 08.05.2022 |
| ഫാ. അമ്പൂക്കൻ യോഹന്നാൻ | 09.05.1929 |
| ഫാ. അക്കര ജോൺ | 09.05.1963 |
| ഫാ. ചാക്കോ പാറയിൽ | 09.05.2023 |
| ഫാ. ചെറയത്ത് ഔസേപ്പ് | 10.05.1936 |
| ഫാ. വലിയവീട്ടിൽ ജോർജ്ജ് | 10.05.1976 |
| ഫാ. വേഴപറമ്പിൽ ജേക്കബ് | 10.05.1981 |
| ഫാ. മഞ്ഞളി പോൾ Sr. | 11.05.1995 |
| ഫാ. എരിഞ്ഞേരി മാർസിലിനോസ് | 12.05.1892 |
| ഫാ. അറക്കൽ ജേക്കബ് | 13.05.1965 |
| ഫാ. താണിക്കൽ മാത്യു | 13.05.1972 |
| ഫാ. പുലിക്കോട്ടിൽ ജേക്കബ് | 13.05.2010 |
| ഫാ. കൂള ആന്റോ | 13.05.2016 |
| ഫാ. ലിയോ പുത്തൂർ | 14.05.2025 |
| ഫാ. ചിറ്റിലപ്പിള്ളി ജോർജ്ജ് | 15.05.1989 |
| ഫാ. അമ്പൂക്കൻ അഗസ്റ്റിൻ | 16.05.1951 |
| ഫാ. ആളൂർ ജെയിംസ് | 17.05.2009 |
| ഫാ. പുതുശ്ശേരി പോൾ | 18.05.2011 |

| | |
|---|---|
| ഫാ. ഫ്രാൻസിസ് മഞ്ഞളി | 18.05.2021 |
| ഫാ. വടക്കൂട്ട് ജേക്കബ് | 19.05.1971 |
| മോൺ. എടക്കളത്തൂർ മാത്യു | 20.05.1947 |
| ഫാ. ചിറമ്മൽ ജോർജ്ജ് | 20.05.1979 |
| ഫാ. പെല്ലിശ്ശേരി ആന്റണി | 23.05.1999 |
| മോൺ. പുതുശ്ശേരി ആന്റണി | 25.05.1957 |
| ഫാ. പാലയൂർ ജോർജ്ജ് | 27.05.1958 |
| ഫാ. സിൻസൺ എടക്കളത്തൂർ | 28.05.2021 |
| ഫാ. പാറനിലം ജോസഫ് | 29.05.1970 |
| ഫാ. മാത്യു പേരാമംഗലത്ത് | 29.05.2021 |
| ഫാ. ചിറ്റിലപ്പിള്ളി ജോർജ്ജ് | 31.05.1996 |

# ആദരാഞ്ജലികൾ



## ഫാ. ഫ്രാൻസിസ് ആലപ്പാട്ട് (72)

തൃശ്ശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് സ്ഥാപക ഡയറക്ടറും കേരള ബ്ലഡ് ഡോണേഴ്സ് ഫോറത്തിന്റെ സ്ഥാപകനും തൃശ്ശൂർ അതിരൂപതയുടെ മുൻവികാരി ജനറാളുമായ റവ. ഡോ. ഫ്രാൻസിസ് ആലപ്പാട്ട് 2026 ഏപ്രിൽ 8ന് ബുധനാഴ്ച വൈകീട്ട് 4:24ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. മൃതസംസ്കാരം 2026 ഏപ്രിൽ 10ന് ഉച്ചക്ക് 1:30 മണിക്ക് പരിശുദ്ധ

വ്യാകുലമാതാവിൻ ബസിലിക്കയിൽ നടത്തപ്പെട്ടു.

തൃശ്ശൂർ വ്യാകുലമാതാവിൻ ബസിലിക്ക ഇടവകയിലെ ആലപ്പാട്ട് ആന്റണി–റോസി ദമ്പതികളുടെ മകനായി 1953 ഒക്ടോബർ 10ന് അദ്ദേഹം ജനിച്ചു. 1995 ഡിസംബർ 27ന് മാർ ജോസഫ് കുണ്ടുകുളം പിതാവിൽ നിന്ന് പൗരോഹിത്യം സ്വീകരിച്ചു. പാവറട്ടി ഇടവകയിൽ സഹവികാരിയായി പൗരോഹിത്യശുശ്രൂഷ ആരംഭിച്ച അദ്ദേഹം ഇരവിമംഗലം, കണ്ണംകുളങ്ങര, വിജയപുരം, കോളേങ്ങാട്ടുകര, നെഹ്രുനഗർ എന്നിവിടങ്ങളിൽ വികാരിയായി സേവനം ചെയ്തു. ജൂബിലി മിഷൻ ആശുപത്രിയുടെ അമരക്കാരനായി 12 വർഷത്തോളം സേവനം ചെയ്ത അദ്ദേഹം ജൂബിലി മിഷൻ മെഡിക്കൽ കോളേജിന്റെ സ്ഥാപക ഡയറക്ടറുമായിരുന്നു. തൃശ്ശൂർ അതിരൂപതയുടെ വികാരി ജനറാൾ, അതിരൂപതയുടെ സാമൂഹ്യക്ഷേമവിഭാഗമായ സാന്ത്വനം ഡയറക്ടർ, ഏങ്ങണ്ടിയൂർ എം. ഐ. ആശുപത്രി ഡയറക്ടർ, പാവറട്ടി സാൻജോസ് ആശുപത്രി അഡ്മിനിസ്ട്രേറ്റർ എന്നീ നിലകളിലും സേവനം ചെയ്തിട്ടുണ്ട്. അതിരൂപത ആലോചന സമിതി, പാസ്റ്ററൽ കൗൺസിൽ, വൈദികസമിതി, ഫിനാൻസ് കൗൺസിൽ എന്നിവയിൽ അംഗവുമായിരുന്നു.

തൃശ്ശൂർ സെന്റ് തോമസ് കോളേജിൽ നിന്ന് ബിരുദാനന്തര ബിരുദം നേടിയതിനുശേഷം കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജിൽ നിന്ന് എം. ബി. ബി. എസ്. പഠനം പൂർത്തിയാക്കി. സഹൃദയ ഐ സൊസൈറ്റി, നന്മ വൈസ് പ്രസിഡന്റ്, ആക്ട്സ് വൈസ് പ്രസിഡന്റ്, തൃശ്ശിവപേരൂർ സത്സംഗിന്റെ രക്ഷാധികാരി, പെയ്ൻ & പാലിയേറ്റീവ് സൊസൈറ്റി, ഓട്ടിസം സൊസൈറ്റി എന്നിവയുടെ രക്ഷാധികാരി എന്നീ നിലകളിലും സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

കേരള ജെസിസ് യംഗ് മെൻ അവാർഡ്, കേരള സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ സോഷ്യൽ സർവ്വീസ് അവാർഡ്, വിശിഷ്ട സേവ അവാർഡ്, റോട്ടറി ക്ലബിന്റെ വൊക്കേഷണൽ എക്സലൻസ് അവാർഡ്, രാഷ്ട്രരത്ന അവാർഡ്, ജൂനിയർ ചേംബർ ഓഫ് കോമേഴ്സ് അവാർഡ്, കേരള ബ്ലഡ് ഡോണേഴ്സ് ഫോറത്തിന്റെ ഗവർണർ അവാർഡ്, കർമ്മശ്രേഷ്ഠ അവാർഡ്, മർച്ചന്റ്സ് അസോസിയേഷന്റെ ഔട്ട് സ്റ്റാൻഡിംഗ് അവാർഡ്, കേരളസഭ പത്രത്തിന്റെ കേരളസഭാരത്നം അവാർഡ്, ശക്തൻ തമ്പുരാൻ അവാർഡ് ഫോർ കമ്മ്യൂണൽ ഹാർമണി എന്നീ പുരസ്കാരങ്ങൾ നേടിയിട്ടുള്ള അദ്ദേഹം അമ്പതിലധികം പുസ്തകങ്ങൾ രചിക്കുകയും നിരവധി റേഡിയോ, ടിവി പ്രഭാഷണങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. ആതുരശുശ്രൂഷയെ

ജീവനുതുല്യം സ്നേഹിച്ച ബഹു. ആലപ്പാട്ടച്ചന്റെ ആഗ്രഹപ്രകാരം മരണശേഷം അച്ചന്റെ കണ്ണുകൾ ജൂബിലി മിഷൻ നേത്ര ബാങ്കിലേക്കും മൃതസംസ്കാരശുശ്രൂഷകൾക്കു ശേഷം ഭൗതികശരീരം ജൂബിലി മിഷൻ മെഡിക്കൽ കോളേജ് വിദ്യാർത്ഥികളുടെ പഠനാവശ്യത്തിനും ദാനം ചെയ്തു.

2026 ഏപ്രിൽ 9-ാം തീയതി വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് അഭിവന്ദ്യ മാർ ബോസ്കോ പുത്തൂർ പിതാവിന്റെ കാർമ്മികത്വത്തിൽ തൃശൂർ ജൂബിലി മിഷൻ ആശുപത്രി ചാപ്പലിൽ വി. കുർബാന അർപ്പിക്കപ്പെട്ടു. അതിനുശേഷം വൈകീട്ട് 4 മണി മുതൽ അച്ചന്റെ ഭൗതികശരീരം അവിടെതന്നെ പൊതുദർശനത്തിന് വയ്ക്കുകയും വൈകീട്ട് 6 മണിക്ക് തൃശ്ശൂർ ബെന്നറ്റ് റോഡിലുള്ള തറവാടു വീട്ടിലേക്ക് കൊണ്ടുപോകുകയും ചെയ്തു. മൃതസംസ്കാരശുശ്രൂഷകളുടെ ആദ്യഭാഗം 2026 ഏപ്രിൽ 10 വെള്ളിയാഴ്ച ഉച്ചക്ക് 1 മണിക്ക് അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ കാർമ്മികത്വത്തിൽ വീട്ടിൽ നടത്തപ്പെട്ടു. തുടർന്ന് ഭൗതികശരീരം തൃശ്ശൂർ പരിശുദ്ധ വ്യാകുലമാതാവിൻ ബസിലിക്ക ദൈവാലയത്തിലേക്ക് കൊണ്ടുപോയി. 2 മണിക്ക് നടത്തപ്പെട്ട വി. കുർബാനയോടു കൂടിയുള്ള മൃതസംസ്കാരശുശ്രൂഷയുടെ മറ്റു കർമ്മങ്ങൾ അഭിവന്ദ്യ മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടത്തപ്പെട്ടു. മേജർ ആർച്ച്ബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവ് മൃതസംസ്കാരശുശ്രൂഷയിൽ അനുശോചന സന്ദേശം നൽകി. അഭിവന്ദ്യ മാർ ബോസ്കോ പുത്തൂർ പിതാവും മൃതസംസ്കാരശുശ്രൂഷകളിൽ കാർമ്മികത്വം വഹിച്ചു.

ജീവിച്ചിരിക്കുമ്പോഴും മരണശേഷവും ആതുരശുശ്രൂഷാരംഗത്തിന് സ്വയം സമർപ്പിച്ച് നിത്യസമ്മാനത്തിനായി യാത്രയായ ആലപ്പാട്ട് ബഹു. ഫ്രാൻസിസ് അച്ചന് തൃശ്ശൂർ അതിരൂപതയുടെ ആദരാഞ്ജലികൾ!!

# സന്ന്യസ്തർ

## സി.ആർ.ഐ. വാർത്തകൾ

2026 മാർച്ച് 28-ാം തിയതി ശനിയാഴ്ച രാവിലെ 9 മണി മുതൽ 12.30 വരെ പൂത്തോൾ കാൽവരി ആശ്രമത്തിൽ വെച്ച് ലോക്കൽ സുപ്പീരിയേഴ്സിനായി ഒരു നോമ്പുകാലധ്യാനം നടത്തപ്പെട്ടു. എറവ് സെന്റ് തെരേസാസ് പള്ളി വികാരി റവ. ഫാ. റോയ് ജോസഫ് വടക്കൻ ധ്യാനചിന്തകൾ പങ്കുവച്ചു. അതിരൂപതാ വികാരി ജനറാൾ മോൺ. ജെയ്സൺ കുനംപ്ലാക്കൽ ആശംസകളർപ്പിച്ച് സംസാരിച്ചു. ആരാധനയ്ക്കും അനുരഞ്ജന കൂദാശയ്ക്കും ഉള്ള അവസരം ഒരുക്കിയിരുന്നു. ഈ ഫ്രാൻസിസ്കൻ വർഷത്തിൽ പൂർണ്ണ ദണ്ഡവിമോചനം പ്രാപിക്കാനുള്ള ദേവാലയങ്ങളിൽ ഒന്നായ ഈ ആശ്രമ ദേവാലയത്തിൽ അനേകം സമർപ്പിതർ അന്നേദിനം വലിയ ഒരുക്കത്തോടെ ജൂബിലി വാതിലിലൂടെ പ്രവേശിച്ച് അനുഗ്രഹം പ്രാപിക്കുകയും ചെയ്തു. 250 പേർ ഈ മീറ്റിംഗിൽ പങ്കെടുത്തു.

### എഫ്.സി.സി

വി. ഫ്രാൻസിസ് അസ്സീസിയുടെ വർഷത്തോടനുബന്ധിച്ച് പൂർണ്ണ ദണ്ഡവിമോചനം പ്രാപിക്കാനുള്ള തീർത്ഥാടനകേന്ദ്രമായി മമ്മിയൂർ ലിറ്റിൽ ഫ്ളവർ കോൺവെന്റിനെ പ്രഖ്യാപിച്ചതിന്റെ ഔദ്യോഗിക ഉദ്ഘാടനം മാർച്ച് 1-ാം തീയതി തൃശൂർ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് നിർവ്വഹിച്ചു. 8-ാം തീയതി അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽവെച്ച് FCC Health Fraternity Meeting നടന്നു. 38 സിസ്റ്റേഴ്സ് സംബന്ധിച്ച പ്രസ്തുത മീറ്റിംഗിൽ സി. ധന്യ FCC (MTDY) ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. പ്രൊവിൻഷ്യൽ & ലോക്കൽ വൊക്കേഷൻ പ്രമോട്ടേഴ്സ്, വചനാമൃതം, ഹോളി സ്റ്റാർ ആനിമേറ്റേഴ്സ് എന്നിവർക്കായി 14-ാം തീയതി അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽവെച്ച് ഒരുക്കിയ

മീറ്റിംഗിൽ തൃശൂർ അതിരൂപത വികാരി ജനറാൾ മോൺ. ജെയ്സൺ കൂനംപ്ലാക്കൽ ക്ലാസ്സ് നയിച്ചു. മുണ്ടൂർ സെൻ്റ് ഫ്രാൻസീസ് അസ്സീസി കോൺവെൻ്റിനെ വി.ഫ്രാൻസീസ് വർഷത്തോടനുബന്ധിച്ച് പൂർണ്ണദണ്ഡവിമോചനം പ്രാപിക്കാനുള്ള തീർത്ഥാടനകേന്ദ്രമായി പ്രഖ്യാപിച്ചതിന്റെ ഔദ്യോഗിക ഉദ്ഘാടനം 15-ാം തീയതി തൃശൂർ അതിരൂപത വികാരി ജനറാൾ മോൺ. ജെയ്സൺ കൂനംപ്ലാക്കൽ നിർവ്വഹിച്ചു. 16-22 വരെ തിരൂർ സിയോൻ റിന്യൂവൽ സെന്ററിൽ റവ. ഫാ. ജോജോ മാരിപ്പാട്ടിന്റെ നേതൃത്വത്തിൽ നടന്ന വാർഷിക ധ്യാനത്തിൽ 80 സിസ്റ്റേഴ്സ് സംബന്ധിച്ചു. 19-ാം തീയതി അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ ആരംഭിച്ച മൂന്ന് ദിവസത്തെ Compassionate Communication Training Programme ൽ 56 സിസ്റ്റേഴ്സ് സംബന്ധിച്ചു. 19-27 വരെ മറ്റം സെൻ്റ് തോമസ് ഫൊറോന ദേവാലയത്തിൽ നടന്ന ഹോം മിഷനിൽ 70 സിസ്റ്റേഴ്സ് പങ്കെടുത്തു. 28-ാം തീയതി തൃശൂർ സി ആർ ഐ യൂണിറ്റിന്റെ നേതൃത്വത്തിൽ പൂത്തോൾ കാൽവരി ആശ്രമത്തിൽ വെച്ച് നടന്ന നോമ്പുകാല ധ്യാനത്തിൽ സിസ്റ്റേഴ്സ് പങ്കെടുത്തു. 28-ാം തീയതി തിരൂർ സിയോൻ റിന്യൂവൽ സെന്ററിൽ ആരംഭിച്ച ദ്വിദിന പവർ കോൺഫറൻസിൽ 65 സിസ്റ്റേഴ്സ് സംബന്ധിച്ചു.

**സി.എം.സി**

മാർച്ച് 1-ാം തിയതി നോവിസസിന്റെ മാതാപിതാക്കളുടെ സംഗമം കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് നടത്തി. ഫെയ്ത്ത് കൗൺസിലർ സി. മേഴ്സി പോളിന്റെ നേതൃത്വത്തിൽ മാർച്ച് 2 മുതൽ 7 വരെ ചൂണ്ടൽ ഇടവകയിൽ സിസ്റ്റേഴ്സ് വിവിധ ഗ്രൂപ്പുകളായി തിരിഞ്ഞ് വിജയകരമായ രീതിയിൽ ഹോം മിഷൻ നടത്തി. പശ്ചിമേഷ്യയിൽ ആരംഭിച്ച യുദ്ധം അതീവ ഗുരുതരമായി തുടരുന്നതിന്റെ വെളിച്ചത്തിൽ അവിടെ സമാധാനം പുനസ്ഥാപിക്കപ്പെടാൻ സീറോമലബാർ സഭയിൽ മാർച്ച് 6 പ്രാർഥന ദിനമായി ആചരിച്ചതിന്റെ ഭാഗമായി പ്രൊവിൻഷ്യൽ ഹൗസിലും വിവിധ മഠങ്ങളിലും ദിവ്യകാരുണ്യം എഴുന്നള്ളിച്ച് വെച്ച് രാവിലെ 8 മുതൽ വൈകിട്ട് 8 വരെ പ്രത്യേകം പ്രാർഥനകൾ നടത്തി. Kerala Institutional Ranking Frame work (KIRF) നടത്തിയ കേരളത്തിലെ 216 ആർട്സ് ആൻഡ് സയൻസ് കോളേജുകളുടെ റാങ്കിൽ വിമല കോളേജ് 3-ാം റാങ്ക് കരസ്ഥമാക്കി. Avila Eco Spirituality Centre Sengulam Munnar ൽ പ്രൊവിൻഷ്യൽ കൗൺസിൽ പ്രാർഥന ദിനങ്ങൾ ചെലവഴിച്ചു. കുരിശിന്റെ വിശുദ്ധ യോഹന്നാന്റെ വിശുദ്ധ പദവി പ്രഖ്യാപനത്തിന്റെ മൂന്നൂറാം വാർഷികവും സഭയിലെ വേദപാരംഗതനായി പ്രഖ്യാപിച്ചതിന്റെ ഭാഗമായി കളമശ്ശേരി ജ്യോതിർ ഭവനിൽ പ്രവർത്തിക്കുന്ന കാർമലൈറ്റ് സ്റ്റഡി സെന്റർ ഫോർ ഏഷ്യ ഒരുക്കിയ

വിശുദ്ധന്റെ ജീവിതത്തെയും കൃതികളെയും പഠനങ്ങളെയും ആസ്പദമാക്കിയുള്ള സെമിനാറിൽ ആറ് സിസ്റ്റേഴ്സ് പങ്കെടുത്തു. അധ്യാപകരെ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി സ്ക്കൂൾ അധ്യാപകരായ സിസ്റ്റേഴ്സിന് 2 ദിവസത്തെ Training Programme എഡ്യുക്കേഷണൽ കൗൺസിലർ സി. പ്രസന്നയുടെയും കോർപറേറ്റ് മാനേജർ സി. സ്റ്റെല്ല റോസിന്റെയും നേതൃത്വത്തിൽ കോലഴിയിൽ വെച്ച് നടത്തി. ലോകവനിതാദിനത്തോടനുബന്ധിച്ച്, തൃശ്ശൂർ സെന്റ് മേരീസ് കോളേജ് കോമേഴ്സ് ഡിപ്പാർട്ടുമെന്റിന്റെയും, നിർമലസോഷ്യൽ സെന്ററിന്റെയും ആഭിമുഖ്യത്തിൽ 'വനിതാ സംരംഭക ശാക്തീകരണം' എന്ന വിഷയത്തിൽ സ്ത്രീകൾക്ക് one day seminar നടത്തി. Social Service & Higher Education Councillor Sr. Margaret Mary യുടെയും St. Marys College Principal Sr. Sandra Therese ന്റെയും നേതൃത്വത്തിൽ ആണ് സെമിനാർ നടന്നത്. അമ്മാടം കോൺവെന്റിനോടനുബന്ധിച്ച് പണിതീർത്ത ഹോമിയോ ക്ലിനിക്കിന്റെ വെഞ്ചരിപ്പു കർമ്മം റവ. ഫാ. ജോസ് പയ്യപിള്ളി സി.എം.ഐ നിർവഹിച്ചു. തദവസരത്തിൽ പ്രൊവിൻഷ്യൽ കൗൺസിൽ സന്നിഹിതരായിരുന്നു. 30 ന് വൊക്കേഷൻ പ്രമോട്ടേഴ്സ് ഒന്നിച്ച് കൂടി മീറ്റിംഗും ജാഗരണ പ്രാർഥനയും നടത്തുകയുണ്ടായി. DBCLC യിൽ വെച്ച് നടന്ന 3 മാസത്തെ Basic Theology Course ൽ 5 ആസ്പിരൻസ് പങ്കെടുത്തു.

**സി.എച്ച്.എഫ്**

05.03.2026 ൽ Council for Educational Administration and Management (CEAM) ഉം Navajyoti College of Teacher Education for Women ഉം സംയുക്തമായി സംഘടിപ്പിച്ച ഇന്റർനാഷണൽ സെമിനാറിന്റെ ആരംഭത്തിൽ സി.എച്ച്.എഫ് നവജ്യോതി വികാർ പ്രൊവിൻഷ്യൽ സി. ഷെറിൻ മരിയയും സമാപനത്തിന് പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ജെസിൻ തെരേസും അധ്യക്ഷപദം അലങ്കരിച്ച് സംസാരിച്ചു. 06.03.2026 ന് സി.എച്ച്.എഫ് നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ വൊക്കേഷൻ പ്രമോട്ടേഴ്സിനുള്ള ജാഗരണപ്രാർത്ഥന നടത്തി. 13.03.2026 ന് സി.എച്ച്.എഫ് നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ 1971 മുതൽ 1982 വരെ ആദ്യവ്രതാർപ്പണം നടത്തിയ സിസ്റ്റേഴ്സിന്റെ ബാച്ച് ഗ്യാതറിംഗ് 3R vibes നടത്തപ്പെട്ടു. 15.03.2026 ൽ തൃശ്ശൂർ അതിരൂപതയിൽ നടന്ന പാസ്റ്ററർ കൗൺസിൽ മീറ്റിംഗിൽ നവജ്യോതി പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ജെസ്സിൻ തെരേസ് സംബന്ധിച്ചു. 21.03.2026 ന് സി.എച്ച്.എഫ് നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ റവ. ഫാ. ടിജോ മുള്ളക്കര നോമ്പു കാലത്തെ അടിസ്ഥാനപ്പെടുത്തി സിസ്റ്റേഴ്സിന് ക്ലാസ് നൽകുകയും

അതിനെ തുടർന്ന് സിസ്റ്റേഴ്സിന് സോണൽ അടിസ്ഥാനത്തിൽ വിശുദ്ധ മറിയം ത്രേസ്യായുടെയും ധന്യൻ വിതയത്തിൽ പിതാവിന്റെയും സുകൃത വഴികളെ ആസ്പദമാക്കി സ്കിറ്റ് കോമ്പറ്റീഷൻ നടത്തുകയും അതോടൊപ്പം ഭവനങ്ങളിൽ നിന്നുള്ള കാർഷിക വിഭവങ്ങൾ കൊണ്ടുവന്നുള്ള കാർഷികമേള സംഘടിപ്പിക്കുകയും ചെയ്തു. 22.03.2026 ന് നടന്ന പാലയൂർ മഹാതീർത്ഥാടന പദയാത്രയിൽ സി.എച്ച്.എഫ് നവജ്യോതി പ്രോവിൻസിൽ നിന്നും സിസ്റ്റേഴ്സ് പങ്കെടുത്തു. 26.03.2026 മുതൽ 29.03.2026 വരെ സി.എച്ച്.എഫ് നവജ്യോതി ഐ.എഫ്. ഡി.എഫ്ന്റെ നേതൃത്വത്തിൽ പ്രൊവിൻഷ്യൽ കൗൺസിലും ഒഫീഷ്യൽസും ചേർന്ന് ചോറ്റുപാറ ഇടവകയിൽ ഹോം മിഷൻ നടത്തി. 30.03.2026 ന് സി.എച്ച്.എഫ് നവജ്യോതി പ്രൊവിൻസിൽ സിസ്റ്റേഴ്സിനായി സുവിശേഷങ്ങളിലെ വചനങ്ങളുടെ വചനമെഴുത്ത് മത്സരം വിവിധ പ്രായപരിധി അടിസ്ഥാനത്തിൽ നടത്തി. 31.03.2026 ന് സി.എച്ച്. എഫ് നവ ജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ 13 മണിക്കൂർ ആരാധന നടത്തി. 01.04.2026 ന് സി.എച്ച്.എഫ് നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ സുപ്പീരിയേഴ്സ് കോഴ്സ് നടത്തി. 06.04.2026 ന് സി.എച്ച്.എഫ് നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ പ്രൊവിൻഷ്യൽ പ്ലീനറി നടത്തപ്പെട്ടു. സിസ്റ്റേഴ്സിന്റെ വാർഷിക ധ്യാനം റവ. ഫാ. ജോജോ മാരിപ്പാട്ട് വിസി യുടെ നേതൃത്വത്തിൽ സി.എച്ച്.എഫ് നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ ആരംഭിച്ചു. 09.04.2026 ന് സി.എച്ച്.എഫ് നവജ്യോതി പ്രൊവിൻസ് ഒളരിക്കര ഹോളിഫാമിലി ഭവനാംഗമായ സി. യൂജിൻ (89) അന്ത്യ കൂദാശകളെല്ലാം സ്വീകരിച്ച് വ്യാഴാഴ്ച രാവിലെ 6.30 ന് കർത്താവിൽ ഭാഗ്യനിദ്ര പ്രാപിച്ചു.

**എസ്.എ.ബി.എസ്**

മാർച്ച് മൂന്നിന് പാലാരിവട്ടം POC യിൽ കെസിബിസി സംഘടിപ്പിച്ച വോയിസ് ഓഫ് ചർച്ച് പിആർഒ മീഡിയ, വിജിലൻസ് ലീഡേഴ് സ് മീറ്റിൽ സിസ്റ്റർ ജോസഫൈൻ പാലത്തിങ്കൽ, സിസ്റ്റർ സുമാ തെരേസ് പെരേപ്പാടൻ എന്നിവർ പങ്കെടുത്തു, നാലിന് കോടന്നൂർ മഠത്തിൽ 40 മണി ആരാധന നടത്തി. ഒൻപതിന് തക്കല രൂപത അധ്യക്ഷൻ മാർ ജോർജ് രാജേന്ദ്രൻ SDB പ്രൊവിൻഷ്യൽ ഹൗസ് സന്ദർശിച്ച് പൈതൃക ആശിർവാദം നൽകി. 13ന് ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് നാല് ബാച്ചുകളിലായി നടന്ന മരിയൻ ധ്യാനത്തിൽ സിസ്റ്റേഴ്സ് പങ്കെടുത്തു. 14 ന് പടവരാട് എസ് എച്ച് അഡോറേഷൻ നഴ്സറി സ്കൂളിന്റെ 24-ാമത്തെ ആനുവൽ ഡേ സെലബ്രേഷനിൽ ബഹു. മദർ മേഴ്സിറ്റ കണ്ണമ്പുഴ

അധ്യക്ഷയായി. 19 ന് വിശുദ്ധ യൗസേപ്പിതാവിന്റെ മരണത്തിരുന്നാൾ സൂപ്പർ സീനിയേഴ്സ് ഡേ ആയി എല്ലാ ഭവനസമൂഹങ്ങളിലും സമുചിതമായി ആഘോഷിച്ചു. തക്കലയിൽ വെച്ച് നടന്ന GPT മീറ്റിങ്ങിൽ Sr Elise Thachil, സിസ്റ്റർ സുമാ തെരേസ് പെരേപ്പാടൻ എന്നിവർ സംബന്ധിച്ചു. പാലയൂർ, മലയാറ്റൂർ തീർത്ഥാടന പദയാത്രയിൽ വിവിധ ഭവന സമൂഹങ്ങളിൽ നിന്ന് സിസ്റ്റേഴ്സ് പങ്കെടുത്തു, 28 ന് ചിൽഡ്രൻ മിനിസ്ട്രി ആനിമേറ്റേഴ്സിനായി ഡിബിസിഎൽസിയിൽ നടന്ന മീറ്റിംഗിൽ സിസ്റ്റർ ലിനറ്റ് പാലക്കൽ പങ്കെടുത്തു. 29-31 വരെ ഇയ്യാൽ സെന്റ് ഫ്രാൻസിസ് സേവിയർ ഇടവക ദേവാലയത്തിൽ ഹോം മിഷൻ നടത്തി, 50 ഓളം സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ വിജയകരമായി പൂർത്തിയാക്കി,

**സി. എസ്. എസ്.**

സ്ഥാപകപിതാവ് മോൺ. പോൾ ചിറ്റിലപ്പിള്ളിയുടെ 45-ാം ചരമ വാർഷിക ആചരണത്തിന്റെ ഭാഗമായി മണ്ണുത്തി സ്നേഹോദയ പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് മാർച്ച് 01 ന് ഏകദിന സെമിനാർ നടത്തി. സ്ഥാപകപിതാവിന്റെ കല്ലറ സ്ഥിതി ചെയ്യുന്ന സേക്രഡ് ഹാർട്ട് മിഷൻ ഹോസ്പിറ്റലിൽ മാർച്ച് 07 ന് അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവ് അനുസ്മരണബലി അർപ്പിച്ചു. സി. ജോഫിയുടെ നേതൃത്വത്തിൽ സ്ഥാപകപിതാവിന്റെ ജീവചരിത്രം 'കാരുണ്യത്തിന്റെ കൈത്തിരി' എന്ന പേരിൽ നാടകരൂപത്തിൽ അവതരിപ്പിക്കുകയും ചെയ്തു. മാർച്ച് 15 ന് മണ്ണുത്തി ലൂർദ്ദ് ഹോസ്പിറ്റലിന്റെയും ആര്യ ഐ കെയറിന്റെയും സംയുക്താഭിമുഖ്യത്തിൽ സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തപ്പെട്ടു. പാസ്റ്ററൽ കൗൺസിൽ സമ്മേളനത്തിൽ സുപ്പിരീയർ ജനറൽ റവ. സി. അൽഫോൻസ, സ്നേഹോദയ പ്രൊവിൻഷ്യൽ റവ. സി. റിറ്റ എന്നിവർ പങ്കെടുത്തു. സ്ഥാപകപിതാവ് മോൺ പോൾ ചിറ്റിലപ്പിള്ളിയുടെ 45 - ാം ചരമ വാർഷികദിനമായ മാർച്ച് 12 ന് ഹോളി സ്പിരിറ്റ് ജനറലേറ്റിൽ തൃശ്ശൂർ അതിരൂപത വികാരി ജനറൽ റവ. ഫാദർ ജോസ് കോനിക്കര, സ്നേഹോദയ പ്രൊവിൻഷ്യേൽ ഹൗസിൽ വെച്ച് തൃശ്ശൂർ അതിരൂപത ചാൻസലർ റവ. ഫാദർ ഡൊമിനിക്ക് തലക്കോടൻ എന്നിവർ അനുസ്മരണബലി അർപ്പിക്കുകയും ചെയ്തു. സമരിറ്റൻ സന്യാസിനീസമൂഹത്തിന്റെ പ്രഥമ മദ്ധ്യസ്ഥയായ പരിശുദ്ധ കന്യകാമറിയത്തിന്റെ മംഗളവാർത്തതിരുന്നാൾദിനം സമുചിതമായി ആഘോഷിക്കുകയും സമൂഹാംഗങ്ങൾ എല്ലാവരും വ്രതനവീകരണം നടത്തുകയും ചെയ്തു. പരിശീലനത്തിലായിരിക്കുന്ന അർത്ഥിനികൾക്കായി മാർച്ച് 17 ന് കലാമത്സരങ്ങൾ നടത്തുകയുണ്ടായി. സ്നേഹോദയ പ്രൊവിൻഷ്യൽ റവ. സി. റിറ്റ, വൈസ് പ്രൊവിൻഷ്യൽ റവ. സി. സുമയും ഇറ്റാനഗർ മിഷനായി പോയ

സി. ലീമ, സി. ആൻസലിൻ എന്നിവരോടൊപ്പം മിഷൻ സ്ഥലം സന്ദർശിച്ചു.

**സി.എസ്.എം**

മാർച്ച് 26-ാം തീയതി ആശാദീപം മെന്റലി ചാലഞ്ച്ഡ് സ്കൂളിൽ 28 വർഷത്തെ ഔദ്യോഗിക സേവനത്തിന് ശേഷം വിരമിക്കുന്ന സി. ഫ്ളോറിയ്ക്ക് യാത്രയയപ്പും വിരമിക്കൽ ആദരവും നൽകി. മാർച്ച് 23-27 ദൈവവിളിവാരമായി ആചരിച്ചു. പ്രൊവിൻസ് മുഴുവനും ദൈവവിളിക്കു വേണ്ടി പ്രത്യേക ആരാധനയും പ്രാർത്ഥനയും നടത്തി. ഏപ്രിൽ 6-8 തിയതികളിൽ കൂനത്തറ ആശാദീപം കോൺവെന്റിൽ വച്ച് ദൈവവിളി ക്യാമ്പ് നടത്തി. ഏപ്രിൽ 9 ന് പൊന്നൂക്കര Assumption Convent അംഗമായ ബഹു. സി. ഔറേലിയ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു.

**സി.എസ്.സി**

മുണ്ടത്തിക്കോട് ക്രൈസ്റ്റ് കിംഗ് കോൺവെന്റിൽ വച്ച് മാർച്ച് 20 ന് നടത്തിയ ദിവ്യകാരുണ്യ ആരാധനയിൽ സീനിയേഴ്സ് മീറ്റ് ഗ്രൂപ്പി ലെ എല്ലാ അംഗങ്ങളും പങ്കെടുത്തു. വൈകിട്ട് 6 മണിക്ക് 'AURA' യുടെ governing body മീറ്റിംഗ് കൂർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് നടത്തി. ബഹു. ഫാ. ഡേവിസ് പനംകുളം, പ്രൊവിൻഷ്യൽ സുപ്പീരിയർ മദർ വെണ്മ, സി. ജിസ്തെരേസ് മറ്റു അംഗങ്ങൾ എന്നിവരും സന്നിഹിതരായിരുന്നു. മണലൂർ ചാരിറ്റി കോൺവെന്റിൽ വച്ച് മാർച്ച് 30, 31 ഏപ്രിൽ 1 തീയതികളിലായി ബഹു.സി. ഹർഷിതയുടെ നേതൃത്വത്തിൽ കുട്ടികൾക്കായുള്ള ധ്യാനം സംഘടിപ്പിച്ചു. csc സഹയാത്ര സന്ദർശിച്ച സ്ഥലങ്ങൾ കൂനത്തറ, തച്ചനടി, ചേലക്കര.

## ആദരാഞ്ജലികൾ



സി.എച്ച്.എഫ് നവജ്യോതി പ്രൊവിൻസ് ഒളരിക്കര ഹോളി ഫാമിലി ഭവനാംഗമായ സി. യൂജിൻ (89) അന്ത്യകൂദാശകളെല്ലാം സ്വീകരിച്ച് 09.04.2026 വ്യാഴാഴ്ച രാവിലെ 6.30 ന് കർത്താവിൽ ഭാഗ്യനിദ്ര പ്രാപിച്ചു. സംസ്കാര കർമ്മം ഉച്ചകഴിഞ്ഞ് 04.30 ന് തൃശൂർ അതിരൂപത സഹായ മെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ ഒളരി ഹോളി ഫാമിലി കോൺവെന്റ് ചാപ്പലിൽ നടത്തപ്പെട്ടു.



പൊന്നുക്കര അസംപ്ഷൻ കോൺവെന്റ് അംഗമായ സി. ഔറേലിയ സി.എസ്.എം (95) 8.4.2026 ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. സംസ്കാര കർമ്മം 9.4.2026 ന് അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ കാർമ്മികത്വത്തിൽ അസംപ്ഷൻ കോൺവെന്റ് ചാപ്പലിൽ നടത്തപ്പെട്ടു.

**ഫാ. സിജോ**
**പൈനാടത്ത് OFM.Cap**
പ്രസിഡണ്ട്

**സി. ജോളി**
**ചിറ്റിലപ്പിള്ളി FCC**
സെക്രട്ടറി

# മേരിമാതാ മേജർ സെമിനാരി

**അവസാനവർഷ ഫിലോസഫി പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള പരീക്ഷാകാലം**

മാർച്ച് 9 മുതൽ 13 വരെയുള്ള ദിവസങ്ങളിൽ ഫിലോസഫി, തിയോളജി വിദ്യാർത്ഥികൾക്കായുള്ള രണ്ടാം സെമസ്റ്റർ പരീക്ഷകൾ നടത്തപ്പെട്ടു. മാർച്ച് 12 ന് മൂന്നാംവർഷ ഫിലോസഫി വിദ്യാർത്ഥികൾക്കായി ഫിലോസഫി comprehensive പരീക്ഷയും നടന്നു.

**ധ്യാനം**

ദൈവശാസ്ത്രവിദ്യാർഥികൾക്കായി കാറോയൂസ, ഹെവുപ്പദ്യാക്ക്നൂസ, മ്ശംശാനൂസ പട്ടങ്ങൾക്കൊരുക്കമായുള്ള ധ്യാനം മാർച്ച് 13 മുതൽ 15 വരെയുള്ള ദിവസങ്ങളിൽ നടത്തപ്പെട്ടു. ഈ വർഷം 38 ദൈവശാസ്ത്ര വൈദികവിദ്യാർഥികൾ വിവിധ രൂപതകൾക്കും സന്യാസ സമൂഹങ്ങൾക്കും വേണ്ടി കാറോയൂസ, ഹെവുപ്പദ്യാക്ക്നൂസ, മ്ശംശാനൂസ പട്ടങ്ങൾ സ്വീകരിക്കുന്നു. ധ്യാനം നയിച്ചത് CSJBP സെമിനാരിയിലെ റെക്ടർ ബഹു. സന്തോഷ് തലചിറ അച്ചനാണ്. ഫിലോസഫി വിദ്യാർത്ഥികൾക്കുള്ള മാസധ്യാനത്തിന് നേതൃത്വം നൽകിയത് SDV സെമിനാരിയിലെ റെക്ടർ ബഹു. റിനു കണ്ണമ്പുഴ അച്ചനാണ്.

**അവധിക്കാലം**

പരീക്ഷകൾക്കും ധ്യാനത്തിനും ശേഷം മാർച്ച് പതിനഞ്ചാം തീയതി ഞായറാഴ്ച മുതൽ വൈദീക വിദ്യാർത്ഥികൾ അവധിക്കായി ഭവനങ്ങളിലേക്ക് മടങ്ങി.

**ബേഴ്സ് സ്ഥാപിച്ചവർ**

**Individual Patron Membership**

ഡോ. വിൻസന്റ് പാലത്തിങ്കൽ, ലിസ്പിൻ 72, ആലപ്പാട്ട് പാലത്തിങ്കൽ ഹൗസ്, മുക്കാട്ടുകര

**Individual Wellwisher Membership**

1. ശ്രീ. ലിറ്റോമോൻ സി. വി. & നിഷ ലിറ്റോ, C/o സി. ആർ. വർഗ്ഗീസ്, ചെമ്മണ്ട ഹൗസ്, ചേറൂർ പി. ഒ., തൃശൂർ, 680 027.

2. ശ്രീ. മേരി ഫ്രാൻസീസ്, തെക്കിനിയത്ത് ഹൗസ്, ചേറൂർ പി. ഒ., തൃശൂർ, 680 027.

**ഫാ. സെബാസ്റ്റ്യൻ ചാലയ്ക്കൽ,** റെക്ടർ

# വിശ്വാസ പരിശീലനം

## കുട്ടികൾക്കുള്ള കത്ത്

ഈശോയുടെ പ്രിയ കുഞ്ഞുമക്കളെ,

ഈശോമിശിഹായ്ക്ക് സ്തുതിയായിരിക്കട്ടെ!

എല്ലാവർക്കും സുഖമാണോ? അവധിക്കാലത്തിന്റെ ആരവങ്ങളും ആഘോഷങ്ങളുമായി എല്ലാവരും മുന്നോട്ടു പോകുകയാണല്ലോ.... ഒപ്പം ഒരു വേനലവധിക്കാലത്തിന്റെ അവസാന നാളുകളിലേക്കും നമ്മൾ പ്രവേശിച്ചിരിക്കുകയാണ്.

നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന് സമർപ്പിക്കപ്പെട്ട ഈ മനോഹരമായ മെയ് മാസത്തിൽ, അതിരൂപതയിലെ എന്റെ എല്ലാ മക്കളെയും ഞാൻ സ്നേഹപൂർവ്വം ഓർക്കുന്നു. തൊഴിലാളികളുടെ മധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിനെയും ഈശോയുടെ ഉത്ഥാനത്തിനു ശേഷം ശിഷ്യന്മാരെ പഠിപ്പിക്കുകയും അവരെ ഒരുക്കുകയും ചെയ്ത പരിശുദ്ധ അമ്മയെയും, ആത്മാവിന്റെ നിറവിനാൽ അപ്പസ്തോലന്മാർ ശക്തിപ്പെട്ട പന്തക്കുസ്താ തിരുനാളും ഈ മാസത്തിൽ നാം കൊണ്ടാടുകയാണല്ലോ. ഈ അവസരത്തിൽ നമ്മുടെ ഹൃദയങ്ങളിലും ദൈവസ്നേഹത്തിന്റെ, ദൈവീക കൃപയുടെ വലിയ നിറവ് പരിശുദ്ധാത്മാവ് നിറക്കട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

മെയ് മാസം ഒന്നാം തിയതിയാണല്ലോ നാം തൊഴിലാളികളുടെ മധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിനെ ഓർക്കുന്നത്. അധ്വാനത്തിന്റെ മഹത്വം ലോകത്തിന് കാണിച്ചുതന്ന വിശുദ്ധനാണ് യൗസേപ്പിതാവ്. 'കർത്താവിനുവേണ്ടിയെന്നപോലെ ഹൃദയപരമാർത്ഥതയോടെ പ്രവർത്തിക്കുവിൻ' (കൊളോസോസ് 3:23). യൗസേപ്പിതാവ് തന്റെ കുഞ്ഞു പണിശാലയിൽ കഠിനാധ്വാനം ചെയ്തത് ഈശോയ്ക്കും മറിയത്തിനും വേണ്ടിയാണ്. ഈ മാതൃക പിൻചെന്നുകൊണ്ട്, നമ്മൾ ചെയ്യുന്ന ചെറിയ കാര്യങ്ങൾ പോലും അത് പഠനമാകട്ടെ, വീട് വൃത്തിയാക്കുന്നതാകട്ടെ കളിക്കുന്നതാകട്ടെ, ദൈവത്തോടുള്ള സ്നേഹത്തെ കരുതി സന്തോഷത്തോടെ ചെയ്യുവാൻ സാധിക്കുമ്പോൾ നിങ്ങളുടെ ഓരോ പ്രവൃത്തിയും ഒരു പ്രാർത്ഥനയായി മാറും. അങ്ങനെ ഒരു പന്തക്കുസ്താ അനുഭവത്തിലേക്ക് നമ്മെ തന്നെ ഒരുക്കാൻ നമുക്കും സാധിക്കും.

സഭയുടെ ജന്മദിനമായ പന്തക്കുസ്താ ഈ മാസത്തിന്റെ വലിയ പ്രത്യേകതയാണ്. ഉയിർത്തെഴുന്നേറ്റ ഈശോ തന്റെ ശിഷ്യന്മാർക്ക് നൽകിയ ഏറ്റവും വലിയ സമ്മാനമാണ് പരിശുദ്ധാത്മാവ്. ''പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വന്നുകഴിയുമ്പോൾ നിങ്ങൾ ശക്തിപ്രാപിക്കും''(അപ്പ പ്രവ.: 1:8).

**പരിശുദ്ധാത്മാവിനെക്കുറിച്ച് നാം അറിഞ്ഞിരിക്കേണ്ട ചില കാര്യങ്ങൾ:**

പരിശുദ്ധാത്മാവ് നമ്മുടെ സഹായിയാണ്: ''ഞാൻ പിതാവിനോട് അപേക്ഷിക്കുകയും എന്നേക്കും നിങ്ങളോടുകൂടെയായിരിക്കാൻമറ്റൊരു സഹായകനെ അവിടുന്ന് നിങ്ങൾക്കു തരുകയും ചെയ്യും'' (യോഹന്നാൻ 14 : 16). നമുക്ക് എന്ത് പ്രാർത്ഥിക്കണം എന്ന് അറിയാത്തപ്പോൾ നമ്മുടെ ഉള്ളിലിരുന്ന് പ്രാർത്ഥിക്കുന്നത് പരിശുദ്ധാത്മാവാണ്. ''എന്നാൽ, എന്റെ നാമത്തിൽ പിതാവ് അയയ്ക്കുന്ന സഹായകനായ പരിശുദ്ധാത്മാവ് എല്ലാകാര്യങ്ങളും നിങ്ങളെ പഠിപ്പിക്കുകയും ഞാൻ നിങ്ങളോടു പറഞ്ഞിട്ടുള്ളതെല്ലാം നിങ്ങളെ അനുസ്മരിപ്പിക്കുകയും ചെയ്യും'' (യോഹന്നാൻ 14 : 26). അങ്ങനെയാണെങ്കിൽ നമ്മെ തന്നെ പരിശുദ്ധാൽമാവിന് ഭരമേല്പിക്കാൻ നമുക്ക് പരിശ്രമിക്കാം.

പരിശുദ്ധാത്മാവ് നമ്മെ നയിക്കുന്നു: ''സത്യാത്മാവു വരുമ്പോൾ നിങ്ങളെ സത്യത്തിന്റെ പൂർണതയിലേക്കു നയിക്കും'' (യോഹന്നാൻ 16:13). കാറ്റ് കാണാൻ കഴിയില്ലെങ്കിലും അത് മരങ്ങളെ ചലിപ്പിക്കുന്നത് നാം കാണാറില്ലേ? അതുപോലെ പരിശുദ്ധാത്മാവ് നമ്മുടെ കണ്ണുകൾക്ക് അദൃശ്യനാണെങ്കിലും നമ്മുടെ മനസ്സിൽ നല്ല ചിന്തകൾ നൽകി നമ്മെ നയിക്കുന്നു. നല്ല മനസ്സാക്ഷി നിർമ്മിതിക്ക് ആത്മാവ് നമ്മെ സഹായിക്കും. ''ദൈവാത്മാവിനാൽ നയിക്കപ്പെടുന്നവരെല്ലാം ദൈവത്തിന്റെ പുത്രൻമാരാണ്'' (റോമാ 8 : 14).

ആത്മാവിന്റെ ഫലങ്ങൾ: നിങ്ങളുടെ ജീവിതത്തിൽ സ്നേഹം, സന്തോഷം, സമാധാനം, ക്ഷമ, ദയ എന്നിവ ഉണ്ടാകണമെങ്കിൽ പരിശുദ്ധാത്മാവിനോട് പ്രാർത്ഥിക്കണം. ''എന്നാൽ, ആത്മാവിന്റെ ഫലങ്ങൾ സ്നേഹം, ആനന്ദം, സമാധാനം, ക്ഷമ, ദയ, നൻമ, വിശ്വസ്തത, സൗമ്യത, ആത്മസംയമനം ഇവയാണ്. ഇവയ്ക്കെതിരായി ഒരു നിയമവുമില്ല'' (ഗലാത്തിയാ 5 : 22 23). ഇതെല്ലം ഉൾച്ചേർന്ന ഒരു വ്യക്തി പരിശുദ്ധാത്മാവിന്റെ ആലയമായി തീരുന്നു. നമ്മളെല്ലാവരും മാമോദീസ സ്വീകരിച്ചവരാണ്, നമ്മുടെ മാമോദീസയുടെയും സ്ഥൈര്യലേപനത്തിന്റെയും അന്ന് ഈ ആത്മാവിനാൽ നമ്മളെല്ലാവരും നിറയപ്പെട്ടവരാണ്, സ്ഥിരീകരിക്കപ്പെട്ടവരാണ്. അതുകൊണ്ട് കുഞ്ഞുങ്ങളായ നിങ്ങൾ

പരിശുദ്ധാത്മാവിന്റെ ജീവനുള്ള ആലയങ്ങളാണ് എന്ന് തിരിച്ചറിയുന്നത് ഈ കാലഘട്ടത്തിൽ നല്ല മാതൃകാപരമായ വിശുദ്ധിയുള്ള ജീവിതം നയിക്കാൻ നമ്മെ സഹായിക്കും. നമ്മുടെ ശരീരം പരിശുദ്ധാത്മാവിന്റെ ആലയമാകയാൽ ആ ആലയം ശുദ്ധിയുള്ളതായി സൂക്ഷിക്കാൻ ശ്രദ്ധിക്കണം. ''നിങ്ങളിൽ വസിക്കുന്ന ദൈവദത്തമായ പരിശുദ്ധാത്മാവിന്റെ ആലയമാണു നിങ്ങളുടെ ശരീരമെന്ന് നിങ്ങൾക്ക് അറിഞ്ഞുകൂടെ? നിങ്ങൾ നിങ്ങളുടെ സ്വന്തമല്ല നിങ്ങൾ വിലയ്ക്കു വാങ്ങപ്പെട്ടവരാണ്. ആകയാൽ, നിങ്ങളുടെ ശരീരത്തിൽ ദൈവത്തെ മഹത്വപ്പെടുത്തുവിൻ'' (1 കോറിന്തോസ് 6 : 19 20 ) 'പരിശുദ്ധാത്മാവേ, എഴുന്നള്ളി വരണമേ' എന്ന് എന്നും പ്രാർത്ഥിക്കുക. മറ്റുള്ളവരോട് കരുണ കാണിക്കുമ്പോഴും കള്ളം പറയാതിരിക്കുമ്പോഴും നിങ്ങൾ പരിശുദ്ധാത്മാവിന്റെ സാക്ഷികളായി മാറുന്നു. പന്തക്കുസ്താ നാളിൽ ശിഷ്യന്മാർ ഒന്നുചേർന്ന് പ്രാർത്ഥിച്ചതുപോലെ, നമുക്കും ഇടവകയിലെ കൂട്ടായ്മകളിൽ സജീവമായി പങ്കെടുക്കാം.

പ്രിയ കൂട്ടുകാരെ, ഈ മെയ് മാസത്തിൽ ജപമാല ചൊല്ലുമ്പോൾ, പരിശുദ്ധ അമ്മയോടൊപ്പം ചേർന്ന് നമുക്ക് പരിശുദ്ധാത്മാവിനായി കാത്തിരിക്കാം. വിശുദ്ധ യൗസേപ്പിതാവിനെപ്പോലെ എളിമയോടെ അധ്വാനിക്കാം. ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

നിങ്ങളുടെ പ്രാർത്ഥനയിൽ എപ്പോഴും എന്നെയും ഓർക്കുമല്ലോ.

ഈശോയിൽ നിങ്ങളുടെ സ്വന്തം വത്സലപിതാവ്,

+ Andrews Thazhath

**ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത്**

തൃശ്ശൂർ അതിരൂപത മെത്രാപ്പോലിത്ത

# വിശ്വാസപരിശീലനകേന്ദ്ര വാർത്തകൾ

## I. ഞായറാഴ്ച വിശ്വാസപരിശീലന വാർത്തകൾ

### 1.സ്വാഗതാശംസകൾ

റവ. ഡോ. ഫ്രാൻസൊ തെക്കത്ത് – എൽതുരുത്ത് ഇടവാകാംഗവും തെക്കത്ത് ഫ്രാൻസിസ്,സോഫി ദമ്പതികളുടെ മൂത്തമകനുമായ ഫ്രാൻസൊ അച്ചൻ റോമിലെ സലേഷ്യൻ യൂണിവേഴ്സിറ്റിയിൽ നിന്നുമാണ് ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റ് കരസ്ഥമാക്കിയത്. തൃശ്ശൂർ അതിരൂപത വിശ്വാസപരിശീലനകേന്ദ്രത്തിലെ അസി. ഡയറക്ടറായി മാർച്ച് 18 ന് ചുമതലയേറ്റ അച്ചനെ വിശ്വാസപരിശീലന ഡയറക്ടർ ഫാ. സൈജോ തൈക്കാട്ടിൽ, ഡിബി സിഎൽസി. അസി. ഡയറക്ടർമാരായ ഫാ. ക്രിസ്റ്റോ തേയ്ക്കാനത്ത്, ഫാ. ജിക്സൻ മാളോക്കാരൻ, ബഹു. സിസ്റ്റേഴ്സ്, ഓഫീസ് സ്റ്റാഫംഗങ്ങൾ എല്ലാവരും ചേർന്ന് ഹൃദ്യമായ സ്വാഗതം നൽകി. അച്ചന് എല്ലാവിധ ആശംസകളും പ്രാർത്ഥനകളും സ്നേഹപൂർവ്വം നേരുന്നു.

### 2. വിശ്വാസപരിശീലകർക്കുള്ള സംവാദസദസ്സ്

ഡയറക്ടർ, അസി. ഡയറക്ടർ സന്ദർശിച്ച (2026 മാർച്ച് 16 മുതൽ ഏപ്രിൽ 16 വരെ) യൂണിറ്റുകൾ: പൂത്തോൾ, പുല്ലഴി, സേവനാലയം, ബലിസിക്ക, ചെമ്പുക്കാവ്, കുണ്ടുകാട്, മാടക്കത്തറ, ആറംപിള്ളി, എരനെല്ലൂർ, കിരാലൂർ, ഒല്ലൂക്കര, പറവട്ടാനി, കുറുമാൽ നേതൃത്വം നൽകിയ ബഹു. വികാരിയച്ചന്മാർക്കും വിശ്വാസപരിശീലകർക്കും നന്ദി.

### 3. 7–ാം ക്ലാസ്സ് പ്രതിഭാപരിശീലനക്യാമ്പ്

വിവിധ യൂണിറ്റുകളിൽ നിന്നായി 126 വിദ്യാർത്ഥികൾ ക്യാമ്പിൽ പങ്കെടുത്തു. ഇതിൽ നിന്നും കാക്കനാട് സീറോ മലബാർ ആസ്ഥാനത്തു നടക്കുന്ന പ്രതിഭാസംഗമത്തിലേക്ക് 4 വിദ്യാർത്ഥികളെ തിരഞ്ഞെടുത്തു. 1. ക്രിസാന്തോ ലെസ്ലി – അവിണിശ്ശേരി, ജോസഫിൻ ഷിബു – ചേറ്റുപുഴ, ഫെൻസിയ ഫ്രിജോ – അഞ്ഞൂർ, വിയാൻ ജോ വിമൽ – തിരൂർ. വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച വികാരിയച്ചന്മാർ, പ്രിൻസിപ്പൽമാർ, അധ്യാപകർ, മാതാപിതാക്കൾ എന്നിവർക്ക് പ്രത്യേകം നന്ദി അറിയിക്കുന്നു.

**II.അറിയിപ്പുകൾ**

**1. സെമിനാറുകൾ & മീറ്റിംഗുകൾ**

- Advanced C T C **2026 മെയ് 8 10**
- **ഇടവക സ്റ്റാഫ് കൗൺസിൽ : മെയ് 03 ഞായർ**
- **സെക്രട്ടറി ഏകദിന കോൺഫറൻസ്: മെയ് 10 ഞായർ**
- **പ്രിൻസിപ്പൽ ഏകദിന കോൺഫറൻസ്: മെയ് 17 ഞായർ**
- **ഫൊറോന അർദ്ധദിന സെമിനാർ : മെയ് 24 ഞായർ**
- **സോഫ്റ്റ്‌വെയർ ഇൻചാർജ് ഏകദിന മീറ്റിംഗ്: മെയ് 31 ഞായർ**
- **പുതിയ വിശ്വാസപരിശീലന വർഷം ഉദ്ഘാടനം: മെയ് 31 ഞായർ**

**2. ഇടവകതല വിശ്വാസപരിശീലന വർഷം ഉദ്ഘാടനം – ജൂൺ 7 ഞായർ**

പ്രവേശനോത്സവം, വർഷാരംഭ പ്രാർത്ഥന, അധ്യാപക പ്രതിജ്ഞ, കുട്ടികളുടെ പ്രതിജ്ഞ

**3. പാഠപുസ്തകങ്ങൾ 2026 – 27 വിശ്വാസപരിശീലനവർഷം**

പ്രധാനപാഠപുസ്തകങ്ങൾക്കൊന്നും ഈ വർഷം മാറ്റമില്ല. മാറ്റമുള്ളവ ക്ലാസ്സ് 5, 6, 7 ഉപപാഠ പുസ്തകം, ബൈബിൾ പഠന സഹായി, 11, 12 ക്ലാസ്സുകളിലെ ബൈബിൾ പഠനസഹായി, 4–ാം ക്ലാസ്സിലെ ഉപപാഠപുസ്തകം (എവുപ്രാസ്യമ്മ)

5, 6, 7 ക്ലാസ്സുകളിലെ ഉപപാഠപുസ്തകവും ബൈബിൾ പഠന സഹായിയും മാറ്റി പുതിയ ഒരു പുസ്തകം തയ്യാറാകുന്നു.

ACC--ക്ക് രണ്ടാത്തെ സിലബസ്സ് ആണ് പഠിപ്പിക്കേണ്ടത്. പുസ്തകങ്ങൾക്കായുള്ള ഓർഡർ മെയ് മാസത്തിൽ തന്നെ തന്ന് സഹകരിക്കുക.

**4. പ്രമോഷൻ & 2026–27 അക്കാദമിക് ഇയർ ക്രിയേഷൻ സോഫ്റ്റ്‌വെയറിൽ**

2026–27 അക്കാദമിക് ഇയർ– വിശ്വാസപരിശീലനകേന്ദ്രത്തിൽ നിന്നും മെയ് 31 ന് സോഫ്റ്റ് വെയറിൽ ക്രിയേറ്റ് ചെയ്യുന്നതാണ്. അതിനു മുമ്പ് എല്ലാ യൂണിറ്റുകാരും ക്ലാസ്സ് പ്രമോഷൻ നടത്തേണ്ടതാണ്.

**5. പുതിയ യൂണിറ്റ്**

പുതിയ അധ്യയനവർഷത്തിൽ പുതിയ യൂണിറ്റ് ആരംഭിക്കുക യോ, ഏതെങ്കിലും യൂണിറ്റിന്റെ പ്രവർത്തനം അവസാനിപ്പി

ക്കുകയോ ചെയ്യുന്നുണ്ടെങ്കിൽ 2026 മെയ് 15-ന് മുമ്പ് വിശ്വാസപരിശീലന ഡയറക്ടറെ രേഖാമൂലം അറിയിക്കേണ്ടതാണ്.

### III. നന്ദി

1. റിട്ടയർ ചെയ്യുന്ന വിശ്വാസപരിശീലകർക്കും സ്ഥാനമൊഴിയുന്ന പ്രിൻസിപ്പൽമാർക്കും നന്ദി

65 വയസ്സു പൂർത്തിയാക്കി വിശ്വാസപരിശീലനത്തിൽനിന്ന് വിരമിക്കുന്ന എല്ലാ വിശ്വാസപരിശീലകർക്കും പ്രിൻസിപ്പൽ സേവനത്തിൽ നിന്നും ഒഴിയുന്ന പ്രിൻസിപ്പൽമാർക്കും നന്ദി രേഖപ്പെടുത്തുന്നു. വിശ്വാസപരിശീലനത്തിൽ അർപ്പണബോധത്തോടെ അവർ ചെയ്ത സേവനങ്ങൾ നിസ്തുലമാണ്. അവർക്ക് ദൈവാനുഗ്രഹം ലഭിക്കട്ടെയെന്നും വ്യത്യസ്ത തലങ്ങളിലുള്ള സഭാസേവനം തുടരുന്നതിന് അവരെ പ്രാപ്തരാക്കട്ടെയെന്നും പ്രാർത്ഥിക്കുന്നു.

### IV. അഭിനന്ദനങ്ങളും അനുമോദനങ്ങളും

തൃശ്ശൂർ അതിരൂപത ഞായറാഴ്ച വിശ്വാസപരിശീലനം 12-ാം ക്ലാസ്സിലെ പരീക്ഷ ഫലം



First Rank
**Ananwai K Ajith**
Nattika



Second Rank
**Catherin George**
Chelakkara



Third Rank
**Jesbel Gijo**
Snehapuram

**മറ്റ് റാങ്കുകൾ കരസ്ഥമാക്കിയവർ**

| Rank | Name | Unit |
|---|---|---|
| 4 | ANTONY PAUL | MARATHAKKARA |
| 5 | DELLA ROSE | GURUVAYUR |
| 5 | ROSEMARY JOHN T | BRAHMAKULAM |
| 6 | AGNA ROSE A.J | KONIKKARA |
| 7 | ANOLDA JOMON | POOMALA |
| 7 | MELBY P P | MANNUTHY |
| 7 | HELENA PRAVEEN | PUDUKAD |
| 8 | ANNSTINA ROSE UKKEN | MULLASSERY |
| 8 | DUELA ANN JAISON | KUNDUKAD |
| 8 | IMNA GEORGE | ENGANDIYUR |
| 8 | ASHLITTA SHAJU | SNEHAPURAM |

| | | |
|---|---|---|
| 8 | MARIYA GEORGE | CHAZHUR |
| 8 | ALEENA TOMY E. | PONNORE |
| 8 | SNEHA SHIJAN | ELANAD |
| 8 | CHRISTEENA JOY | CHIYYARAM |
| 9 | ANGEL MARIA M.T. | KOONAMMOOCHY |
| 10 | ANLIYA P L | PANAMUKKU |
| 10 | BIYA ROSE SHAJI | PANAMUKKU |
| 10 | SIYA SIMON | PAZHAYANNUR |
| 10 | ALEENA C.J. | MATTOM |
| 10 | EVANA LIZA RANJITH | MARIAPURAM |
| 10 | ASHNA ROSE M | MUNDUR |
| 11 | ANANYA C. S | PAZHAYANNUR |
| 11 | AKHILA K DAVIS | KOONAMMOOCHY |
| 11 | HEAVENLY SHAJU | PULAKKATTUKARA |
| 12 | ALEENA C B | KOLENGATTUKARA |
| 12 | MEJOL K JOHN | PUTHENPEEDIKA |
| 12 | ANSA ANIL | KIZHUPPILLIKKARA |
| 12 | ANN MARIYA K B | VENDORE |
| 12 | ROSQUEEN CHIRAMAL | MUNDUR |
| 13 | ANN TREESA | AYYANTHOLE |
| 13 | ANN MARIA BABY | NADATHARA |
| 13 | ANU ROSE C B | PAVARATTY |
| 13 | ELIZA JIMMY | PUTHENPEEDIKA |
| 13 | ISABEL PULIKKAN | PUDUKAD |
| 13 | ANNA ROSE JAISON | KOTTAPADY |
| 13 | ANGEL ROSE LOGI | CHIYYARAM |
| 14 | JOHN JOSEPH UKKEN | MULLASSERY |
| 14 | ANGELINO RIJO | THALAKKOTTUKARA |
| 14 | IZABELLA SAJI | MANNAMPETTA |
| 14 | ANGEL C V | KUTTUR |
| 14 | ALEENA ANTONY | WADAKKANCHERY |
| 14 | ALNA MARIYA GEORGE | WADAKKANCHERY |
| 14 | ANGEL MARIYA ANTONY | CHEVOOR |
| 14 | SEYIN MARIYA JOSHY | PERAMANGALAM |
| 14 | AYIREEN SALEESH | OLLUR |
| 14 | AGNES MARIYA THOMAS N | PAVARATTY |
| 14 | FRANCIS XAVIER K T | PUDUKAD |
| 14 | ROSE MARIYA P J | KARAMUCK NORTH |
| 15 | ANGEL J P | THAIKKATTUSSERY |

**എ സി സി പരീക്ഷാഫലം**

തൃശ്ശൂർ: കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ചെയർ ഫോർ ക്രിസ്റ്റ്യൻ സ്റ്റഡീസുമായി അഫിലിയേറ്റ് ചെയ്ത് തൃശൂർ അതി

രൂപത വിശ്വാസപരിശീലന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ നടക്കുന്ന മൂന്നുവർഷ അഡ്വാൻസ്ഡ് കാറ്റക്കിസം കോഴ്സിന്റെ (ACC) ഫൈനൽ പരീക്ഷാഫലം.



First Rank
**Avina Mariya A J**
Mannuthy



Second Rank
**Angel Rose V F**
Thayyur



Third Rank
**Angel Mary K P**
Marathakkara

തൃശൂർ അതിരൂപതയിലെ മണ്ണുത്തി ഇടവക യൂണിറ്റിലെ വിദ്യാർത്ഥിനി അവിനാ മരിയ എ. ജെ. ഒന്നാം റാങ്ക് കരസ്ഥമാക്കി. തയ്യൂർ ഇടവക യൂണിറ്റിലെ ഏയ്ഞ്ചൽ റോസ് വി. എഫ്. രണ്ടാം റാങ്കും മരത്താക്കര ഇടവക യൂണിറ്റിലെ ഏയ്ഞ്ചൽ മേരി കെ. പി. മൂന്നാം റാങ്കും നേടി.

| Rank | Student Name | Unit Name |
|---|---|---|
| IV | ELSARA JESTIN | BRAHMAKULAM |
| IV | NIVYA VARGHESE | PARAVATTANI |
| V | CHRISTY C JOHNSON | KODANNUR |
| V | CHRISTY XAVIER | GURUVAYUR |
| VI | AILINCE SAJI | NIRMALAPURAM |
| VII | SANVIA LAWRENCE | PUTHURUTHY |
| VII | AGNES MARY BENNY | LOURDES CATHEDRAL |
| VIII | JIYA JOSHY P | BRAHMAKULAM |
| IX | PAVANNA MARIYA C A | PUDUSSERY |
| X | ANGEL RANI ALOSHIOUS | MARATHAKKARA |
| XI | JOMIL JOSE | MARATHAKKARA |
| XII | SHARON SHAJI | OLLUR MARYMATHA |
| XII | JINCY A V | THANDILAM |
| XII | ANJU V D | KUMBALANGAD |
| XIII | HELNA C J | MANALUR WEST |
| XIII | AGNUS MARIA ALOSHIOUS | MARATHAKKARA |
| XIII | ELNA THOMAS | CHEVOOR |
| XIII | ALEENA FRANCIS | THAYYUR |
| XIV | DHANYA M D | VELLAKARITHADAM |
| XV | EVELIN MARIYA J | EYYAL |
| XV | ISHA ROSE | OLARIKKARA |

ഈ വർഷത്തെ മാത്രം പരീക്ഷയുടെ അടിസ്ഥാനത്തിൽ ആദ്യ മൂന്ന് സ്ഥാനം കരസ്ഥമാക്കിയത് എസിസി മൂന്നാംവർഷ വിദ്യാർത്ഥികളാണ്.



First Prize
**Sharon Shaji**
Ollur Marymatha



Second Prize
**Angel Mary K P**
Marathakkara



THIRD PRIZE
**Elsara Jestin**
Brahmakulam

**ഫാ. സൈജോ തൈക്കാട്ടിൽ**, ഡയറക്ടർ
**ഫാ. ഫ്രാൻസോ തെക്കത്ത്**, അസി. ഡയറക്ടർ

## എക്സൽ അക്കാദമി

### K-TET (കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ്)

K-TET പരിശീലനത്തിനു വേണ്ടിയുള്ള കാറ്റഗറി 1, 2, 3, 4 കോച്ചിങ്ങ് ബാച്ചുകൾ ഏപ്രിൽ മാസത്തിൽ ആരംഭിച്ചിരിക്കുന്നു. കേരളത്തിലെ സ്കൂളുകളിൽ ലോവർ പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്കൂൾ, ലാംഗ്വേജ് ക്ലാസുകളിലേക്ക് അധ്യാപകരെ നിയമിക്കുന്നതിനായി കേരള പരീക്ഷാഭവൻ നടത്തുന്ന നിർബന്ധിത സംസ്ഥാനതല പരീക്ഷയാണ് K-TET. സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ അധ്യാപകർക്ക് ആവശ്യമായ ഗുണനിലവാരം ഉറപ്പാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം.

ശനിയാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും രാവിലെ 10.30 മുതൽ ഉച്ചതിരിഞ്ഞ് 4 വരെ ഓഫ്ലൈൻ ക്ലാസ്സുകൾ. കൂടാതെ തിങ്കൾ മുതൽ വെള്ളിവരെ വൈകുന്നേരം 7 മുതൽ 8.30 വരെ ഓൺലൈൻ ക്ലാസ്സുകളും.

**Civil service courses** (സിവിൽ സർവീസ് കോഴ്സ്) സിവിൽ സർവീസ് കോച്ചിംഗ് ഡെയിലി ആൻഡ് വീക്കെൻഡ് ക്ലാസുകൾ ജൂൺ മാസത്തിൽ ആരംഭിക്കുന്നു. തിങ്കൾ മുതൽ വെള്ളിവരെ

ഡെയിലി ബാച്ചുകളും ശനി ഞായർ വീക്കെൻഡ് ബാച്ചുകളും ജൂൺ മാസത്തിൽ ആരംഭിക്കുന്നു. താല്പര്യമുള്ളവർ രജിസ്ട്രേഷനായി ജൂൺ 10 നകം എക്സൽ അക്കാദമിയിൽ ബന്ധപ്പെടുക

**Excel Foundation Course**

അതിരൂപതയിലെ 9, 10, 11, 12 ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിന്/ ഉയർന്ന പരീക്ഷകൾക്ക് അടിസ്ഥാനമിടുക എന്നാണ് ഈ കോഴ്സിന്റെ ഉദ്ദേശം. ഒരു വർഷത്തെ തുടർ പഠന പരിപാടി (ഫൗണ്ടേഷൻ കോഴ്സ്) എക്സൽ അക്കാദമിയിൽ ജൂൺ മാസത്തിൽ ആരംഭിക്കുന്നു.

**ഡോ. മാണി കെ. പീറ്റർ** — അക്കാദമിക് ഹെഡ്

**ഫാ. സൈജോ തൈക്കാട്ടിൽ** — ഡയറക്ടർ

Contact:
Excel Academy: 9744941585
Prof. Dr. Mani K Peter- Academic Head: 9847235070
Ashik Thomas - Administrative & Technical Support: 7907326322

# INSTITUTE OF THEOLOGY

## TRICHUR D B C L C

**(Phone : 0487- 2333245, Mob : 9188131341)**

**1. കോഴ്സ്സുകൾ**

### a. B.A. in Theology and Religious Studies (Three Years)

രണ്ടാം സെമസ്റ്ററിലെ Theology of Revelation and Faith (Rev. Dr. Nyson Alanthanath), Biblical Greek (Rev. Fr. Francis Koothur), Theology of Sacramentals (Rev. Fr. Denny Thanikkal) എന്നീ ക്ലാസ്സുകൾ നടന്നുകൊണ്ടിരിക്കുന്നു.

### b. Certificate Course in Theology (One Year)

ഏപ്രിൽ 12, 19, തിയ്യതികളിൽ യുഗാന്ത്യ ദൈവശാസ്ത്രം (Rev. Dr. Sebastian chalackal), പത്ത് കൽപനകൾ (Rev. Dr. Taison Mandumpal) എന്നീ വിഷയങ്ങളുടെ ക്ലാസ്സ് നടന്നു.

### c. Certificate Course on Sacred Liturgy

ഏപ്രിൽ 12, 19, തിയ്യതികളിൽ സീറോ മലബാർ കുർബാനയുടെ അടയാളങ്ങളും പ്രതീകങ്ങളും (Rev. Dr. Johnson Chittilapplly), ആരാധനക്രമ സംഗീതം (Rev. Dr. Sinto Porathur) എന്നീ വിഷയങ്ങളുടെ

ക്ലാസ്സുകൾ നടന്നു.

**d. Certificate Course on the Life in Holy Spirit**

ഏപ്രിൽ 19, തിയ്യതി പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ I (Rev. Dr. Saijo Thaikkattil) എന്ന വിഷയത്തിന്റെ ക്ലാസ് നടന്നു.

**f. Catechism of the Catholic Church (CCC)**

ഏപ്രിൽ 12, 19, തിയ്യതികളിൽ The Trinity, Creation, & The Fall Of Man (Rev. Dr. Lijo Chalissery), Jesus Christ: The Incarnation & Redemption (Rev. Dr.Sebastian Chalakkal) എന്നീ വിഷയങ്ങളുടെ ക്ലാസ്സുകൾ നടന്നു.

**g. Certificate Course on Guidance and Counselling**

ഏപ്രിൽ 12, 26, തിയ്യതികളിൽ Family Dynamics & Counselling (Rev. Dr. Joby Kadappuran) എന്ന വിഷയത്തിന്റെ ക്ലാസ് നടന്നു.

**2. മെയ് മാസത്തിൽ ആരംഭിക്കുന്ന പുതിയ കോഴ്സ്സ്**

കൂദാശകളും കൂദാശാനുകരണങ്ങളും എന്ന വിഷയത്തിൽ ആറ് മാസത്തെ കോഴ്സ് മെയ് മാസത്തിൽ ആരംഭിക്കുന്നു. ക്ലാസ്സുകൾ മാസത്തിൽ രണ്ടും നാലും ഞായറാഴ്ചകളിൽ നടത്തുന്നു. വിശ്വാസപരിശീലകരെയും വിശ്വാസവിഷയങ്ങൾ അറിയപ്പെടാനാഗ്രഹിക്കുന്നവരെയും പ്രത്യേകം ക്ഷണിക്കുന്നു.

അസി. ഡയറക്ടറും ദൈവശാസ്ത്രവിദ്യാപീഠത്തിന്റെ ഇൻ – ചാർജ്ജ് ആയി കടന്നു വന്ന ബഹു. ഫ്രാൻസോച്ചനെ ദൈവശാസ്ത്രവിദ്യാപീഠത്തിലേക്ക് സന്തോഷത്തോടെ സ്വാഗതം ചെയ്യുന്നു. പുതിയ പ്രവർത്തനമേഖല കൂടുതൽ അനുഗ്രഹപ്രദമാകാൻ പ്രാർത്ഥനാശംസകൾ നേരുന്നു.

**Institute of Theology Website Inauguration**

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജിയുടെ പുതിയ വെബ്സൈറ്റ് ഡയറക്ടർ ഡോ. സൈജോ തൈയ്ക്കാട്ടിലിന്റെ അദ്ധ്യക്ഷതയിൽ Mar Andrews Thazhath 9.04.2026 12 pm ന് ഉദ്ഘാടനം നിർവഹിച്ചു. ഡോ. സൈജോ തൈക്കാട്ടിൽ സ്വാഗതവും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജിയുടെ ഡീൻ & റെജിസ്ട്രാറുമായ ഡോ. ഫ്രാൻസോ തെക്കത്ത് നന്ദിയും പറഞ്ഞു

**ഫാ. സൈജോ തൈക്കാട്ടിൽ**

ഡയറക്ടർ

# ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

**ജൂബിലിയിൽ ന്യൂറോളജി സെന്റർ ഓഫ് എക്സലൻസ് ഉദ്ഘാടനം ചെയ്തു**

പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ സെന്റർ ഓഫ് എക്സലൻസ് ഇൻ ന്യൂറോ സയൻസസ്, സി.ബി.സി.ഐ. പ്രസിഡണ്ട് കർദിനാൽ അന്തോണി പൂല ഉദ്ഘാടനം ചെയ്തു. ആരോഗ്യസേവന രംഗത്ത് സമഗ്രവും മനുഷ്യകേന്ദ്രീകൃതവുമായ ഇടപെടലുകളുടെ പ്രാധാന്യം അദ്ദേഹം എടുത്തുപറഞ്ഞു. ന്യൂറോ സയൻസസ് മേഖലയിലെ അത്യാധുനിക ചികിത്സയും ഗവേഷണ സൗകര്യങ്ങളും സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും ലഭ്യമാക്കുന്നതിനുള്ള ജൂബിലി മിഷന്റെ ശ്രമങ്ങളെ അദ്ദേഹം അഭിനന്ദിച്ചു. സാങ്കേതിക മികവും കരുണാപൂർണമായ സേവന മനോഭാവവും കൈകോർക്കുമ്പോഴാണ് ആരോഗ്യ സ്ഥാപനങ്ങൾ സമൂഹത്തിന് കൂടുതൽ പ്രയോജനകരമാകുന്നതെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് ചൂണ്ടിക്കാട്ടി. ന്യൂറോളജി, ന്യൂറോസർജറി, ക്രിറ്റിക്കൽ കെയർ, ഫിസിക്കൽ മെഡിസിൻ മേഖലകളിൽ സമഗ്ര ചികിത്സയും അത്യാധുനിക പരിശോധന-ഗവേഷണ സൗകര്യങ്ങളും ഒരൊറ്റ കുടക്കീഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിക്കുന്ന ഈ കേന്ദ്രം രോഗികൾക്ക് മികച്ച ചികിത്സാ പരിചരണം ഉറപ്പാക്കുന്നതിൽ നിർണായക പങ്ക് വഹിക്കുമെന്ന് ചടങ്ങിൽ സ്വാഗതം ആശംസിച്ച ജൂബിലി മിഷൻ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ വ്യക്തമാക്കി. ന്യൂറോളജി വിഭാഗം മേധാവി ഡോ. ഫിജു ചാക്കോ, ന്യൂറോ സർജറി വിഭാഗം മേധാവി ഡോ. എൻ. ഐ. കുരിയൻ എന്നിവർ സെന്റർ ഫോർ എക്സലൻസ് എന്ന ആശയം അവതരിപ്പിച്ചു. പ്ലാറ്റിനം ജൂബിലി വർഷത്തിൽ ജൂബിലി മിഷൻ ആശുപത്രിയിൽ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്ന പത്ത് മികവിന്റെ കേന്ദ്രങ്ങളിൽ ആദ്യത്തേതാണ് ന്യൂറോ സയൻസസ്. മെഡിക്കൽ രംഗത്തെ പ്രമുഖരും സാമൂഹിക-മത നേതാക്കളും അധ്യാപകരും വിദ്യാർത്ഥികളും ഉൾപ്പെടെ നിരവധി പേർ ചടങ്ങിൽ പങ്കെടുത്തു.

**ഹാർമണി 2026 :ജൂബിലി നേഴ്സിങ്ങ് സ്കൂളിൽ മാതാപിതാക്കളുടെ സംഗമം**

ജൂബിലി മിഷൻ ആശുപത്രിയുടെ പ്ലാറ്റിനം ജൂബിലി വർഷാഘോഷത്തിന്റേയും ജൂബിലി മിഷൻ സ്കൂൾ ഓഫ് നേഴ്സിങ്ങിന്റെ ഡയമണ്ട് ജൂബിലി ആഘോഷത്തിന്റേയും ഭാഗമായി ജൂബിലി മിഷൻ സ്കൂൾ ഓഫ് നേഴ്സിങ്ങ് സംഘടിപ്പിച്ച 'ഹാർമണി 2026' എന്ന മാതാപിതാക്കളുടെ സംഗമം ബിഷപ്പ് ആലപ്പാട്ട് ഓഡിറ്റോറിയത്തിൽ വെച്ച് നടന്നു. 'ഹെൽത്തി ഫാമിലി ഹെൽത്തി കാമ്പസ്' എന്ന വിഷയത്തെ ആസ്പദമാക്കി ജൂബിലി സൈക്യാട്രി വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസർ ഫാ. ഡോ. ദേവ് അഗസ്റ്റിൻ അക്കര മാതാപിതാക്കൾക്കായി ബോധവത്ക്കരണ ക്ലാസുകൾ നയിച്ചു. വിദ്യാർത്ഥികളുടെ കലാപരിപാടികളോടുകൂടി പരിപാടി സമാപിച്ചു.

**കാസ്കേഡ് 2026 – നാഷണൽ വർക്ക്ഷോപ്പ് ജൂബിലിയിൽ**

ജൂബിലി മിഷൻ മെഡിക്കൽ കോളേജിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ട്രാൻസ്ഫ്യൂഷൻ മെഡിസിൻ വിഭാഗം സംഘടിപ്പിച്ച കാസ്കേഡ് 2026 എന്ന കോഗുലേഷൻ വിഷയത്തിലുള്ള അക്കാദമിക് വർക്ക്ഷോപ്പിന്റെ 15-ാം പതിപ്പ് വിജയകരമായി സമാപിച്ചു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ഏകദേശം ഇരുപതോളം പ്രതിനിധികൾ പരിപാടിയിൽ പങ്കെടുത്തു. ഇത് പരിപാടിയുടെ ദേശീയ പ്രധാന്യവും അക്കാദമിക് നിലവാരവും വ്യക്തമാക്കുന്നതാണെന്ന് ആശുപത്രി ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ അഭിപ്രായപ്പെട്ടു. കോഗുലേഷനുമായി ബന്ധപ്പെട്ട ആധുനിക രീതികളും തെളിവുകളെ അടിസ്ഥാനമാക്കിയുള്ള നിർണ്ണയ മാർഗങ്ങളും വിഷയമാക്കി ഇന്ററാക്ടീവ് സെഷനുകളും കേസ് അടിസ്ഥാനപ്പെടുത്തിയ പഠനരീതികളും ഉൾപ്പെടുത്തി വർക്ക്ഷോപ്പ് സംഘടിപ്പിച്ചു. പങ്കെടുത്തവരുടെ പ്രായോഗിക അറിവ് വർധിപ്പിക്കുന്ന തരത്തിലാണ് ക്ലാസുകൾ ക്രമീകരിച്ചത്. ഇതോടൊപ്പം രാജ്യത്തെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ഹീമറ്റോളജി, ട്രാൻസ്ഫ്യൂഷൻ മെഡിസിൻ, പത്തോളജി മേഖലകളിലെ പ്രമുഖ വിദഗ്ധർ പങ്കെടുത്ത ഓൺലൈൻ ശാസ്ത്രീയ പ്രഭാഷണങ്ങളും സി.എം.ഇ-യുടെ ഭാഗമായി നടന്നു. ഇത് പരിപാടിക്ക് കൂടുതൽ അക്കാദമിക് മികവ് നൽകി.

**ഡയാലിസിസിന് സംഭാവന നൽകിയവർ**

- ഓഫറിങ്ങ്സ്, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- ജെസ്വിൻ ജോസ്, കുണ്ടുകുളം ഹൗസ്, പെരിഞ്ചേരി, തൃശ്ശൂർ

- മൊണാർക്ക് കുറീസ് പ്രൈ. ലിമിറ്റഡ്, തൃശ്ശൂർ
- വൈ.എം.സി.എ., തൃശ്ശൂർ
- ഷീല ജോസ്, കളത്തിപറമ്പിൽ ഹൗസ്, ഈസ്റ്റ് ബസാർ, അരണാട്ടുകര, തൃശ്ശൂർ
- ഇവാനിയ ജെൻസൺ, വലിയവീട്ടിൽ ഹൗസ്, കണ്ടശ്ശാം കടവ്, തൃശ്ശൂർ
- ശാന്തി ഭവൻ കോൺവെന്റ്, തോട്ടത്തിൽ ലെയിൻ, തൃശ്ശൂർ
- ഇ. പി. ഫ്രാൻസിസ്, എലുവത്തിങ്കൽ ഹൗസ്, ചെവ്വൂർ, തൃശ്ശൂർ
- കോമേഴ്സ് ഡിപ്പാർട്ടുമെന്റ്, സെന്റ് തോമസ് കോളേജ്, തൃശ്ശൂർ
- വെനസ്ഡേ ക്ലബ്, എറണാകുളം

**അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- ഹെൽത്ത് കെയർ സൊസൈറ്റി, ഡോളേഴ്സ് ബസിലിക്ക, തൃശ്ശൂർ
- ആൻസി വർഗ്ഗീസ്, അറക്കൽ വേലൂക്കാരൻ ഹൗസ്, കിഴക്കുംപാട്ടുകര, തൃശ്ശൂർ
- സെന്റ് ജോസഫ്സ് ചർച്ച്, സ്നേഹപുരം, തൃശ്ശൂർ
- എ. ജെ. പോൾ, ആളൂർ ഹൗസ്,  പറവട്ടാനി, തൃശ്ശൂർ
- മിനി, നെല്ലിക്കുന്ന്, തൃശ്ശൂർ

**ഫാ. റെന്നി മുണ്ടൻകുര്യൻ,** ഡയറക്ടർ

# മഹാജൂബിലി ട്രെയിനിംങ്ങ് കോളേജ്, മുള്ളൂർക്കര

**എൻ.എസ്.എസ് കമ്മ്യൂണിറ്റ് ലിവിങ്ങ് ക്യാമ്പ്**

2025–2027 ബാച്ചിന്റെ എൻ.എസ്.എസ് കമ്മ്യൂണിറ്റി ലിവിങ്ങ് ക്യാമ്പ് ആയ യുവം 2k26 ഏപ്രിൽ 7 മുതൽ 13 വരെ സെന്റ് ജോസഫ് മോഡൽ പബ്ലിക് സ്കൂൾ കുരിയച്ചിറയിൽ നടത്തി. തൃശ്ശൂർ മേയർ ഡോ. നിജി ജസ്റ്റിൻ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. പ്രസിഡൻഷ്യൽ അഡ്രസ്സ് റവ. ഡോ. ചാക്കോ ചിറമ്മൽ (എം.ജെ.ടി.സി പ്രിൻസിപ്പാൾ) നിർവ്വഹിച്ചു. ക്യാമ്പിന്റെ സന്ദേശം റവ. ഡോ. ബിജു നന്തിക്കര നൽകി. ക്യാമ്പിന്റെ ഭാഗമായി വിവിധ പരിപാടികളും സംഘടിപ്പിച്ചു.

**.യൂണിവേഴ്സിറ്റി പരീക്ഷ**

2024-2026 ബാച്ചിന്റെ നാലാം സെമസ്റ്റർ യൂണിവേഴ്സിറ്റി പരീക്ഷ ഏപ്രിൽ 22ന് ആരംഭിച്ചു.

**ഫാ. ചാക്കോ ചിറമ്മൽ**, കോളേജ് പ്രിൻസിപ്പൽ
**ഫാ. ഷിജു ചിറ്റിലപ്പിള്ളി**, അസി.മാനേജർ

# ഫാമിലി അപ്പൊസ്റ്റോലേറ്റ് സെന്റർ

തൃശ്ശൂർ അതിരൂപത ഫാമിലി അപ്പൊസ്റ്റോലേറ്റിന്റെ നേതൃത്വ മെയ് മാസത്തെ വിവാഹ ഒരുക്ക ധ്യാനം

തൃശ്ശൂർ അതിരൂപത ഫാമിലി അപ്പൊസ്റ്റോലേറ്റിന്റെ നേതൃത്വത്തിൽ മെയ് മാസം നടത്തുന്ന പ്രീകാന ധ്യാനത്തിന്റെ തിയ്യതികളാണ് താഴെ കൊടുത്തിരിക്കുന്നത്. ബുധൻ, വ്യാഴം, വെള്ളി ദിവസങ്ങളിലാണ് വിവാഹ ഒരുക്ക ധ്യാനം നടക്കുന്നത്. 6,7,8 - 13,14,15 - 27,28,29. ബുക്ക് ചെയ്യാനായി തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റോലേറ്റിന്റെ ഓഫീസിൽ വരികയോ അല്ലെങ്കിൽ ഓൺലൈൻ വഴിയോ ബുക്ക് ചെയ്യാവുന്നതാണ്. ഓൺലൈൻ വഴി ബുക്ക് ചെയ്യാനുള്ള വെബ് സൈറ്റാണിത് trichurfamilyapostolate.org നിങ്ങളുടെ സംശയങ്ങൾക്ക് വിളിക്കുക 0487 2336066. (തിങ്കൾ മുതൽ ശനി വരെ രാവിലെ 9.30 മുതൽ 5.00 വരെ).

**ഫാ. ടിങ്കിൾ വാഴപ്പിള്ളി**
ഡയറക്ടർ

**ഫാ. അനീഷ് കൂത്തൂർ**
**ഫാ. ബിജു ജോസഫ് ആലപ്പാട്ട്**
അസി. ഡയറക്ടർമാർ

# കുടുംബകൂട്ടായ്മ

**ജനറൽബോഡിയോഗവും വാർഷികപദ്ധതി പ്രകാശനവും**

സമൂഹത്തിലെയും സഭയിലേയും കുടുംബങ്ങളിലേയും പ്രശ്നങ്ങളിൽ പരിഹാരം നൽകാൻ പ്രതിബദ്ധതയോടെ ഇടപ്പെടണമെന്ന് അതിരൂപത സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ പറഞ്ഞു. അതിരൂപത കുടുംബകൂട്ടായ്മ പ്രഥമ

ജനറൽ ബോഡി യോഗം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു.

വളർച്ചയുടെ ഓരോ ഘട്ടത്തിലും പ്രധാന കണ്ണിയായി കുടുംബകൂട്ടായ്മകൾ പ്രവർത്തിക്കണമെന്നും സഭാ പ്രവർത്തനത്തിന് സജീവമായ പങ്കാളിത്തവും നേതൃത്വവും കുടുംബകൂട്ടായ്മകളിൽ നിന്ന് ഉണ്ടാകണമെന്നും മാർ ടോണി നീലങ്കാവിൽ പിതാവ് പ്രസ്താവിച്ചു. കുടുംബകൂട്ടായ്മ അതിരൂപത ഡയറക്ടർ ഫാ. ഫ്രാൻസീസ് ടിങ്കിൾ വാഴപ്പിള്ളി അധ്യക്ഷനായിരുന്നു. സെന്റ് ജോസഫ് മെന്റൽ ഹോം ഡയറക്ടർ ഫാ. രാജു അക്കര നേതൃത്വ പരിശീലന ക്ലാസ് നയിച്ചു. ജനറൽ കൺവീനർ പ്രൊഫ. ജോർജ് അലക്സ്, അസിസ്റ്റന്റ് ഡയറക്ടർ ഫാ. അനീഷ് കൂത്തൂർ, ജനറൽ സെക്രട്ടറി ഏ.ഡി. ഷാജു,സി.ടി. ജോയ്, ഓസ്റ്റിൻ ഷോബി, അന്ന ബാബു എന്നിവർ പ്രസംഗിച്ചു. റോബിൻസൺ മൂക്കൻ, ഫാജി വർഗ്ഗീസ്, എൽസി സ്കറിയ, ജോമി ജോൺസൺ, സിബി ജോർജ് എന്നിവർ നേതൃത്വം നൽകി.

**കൂപ്പൺ വിതരണം**

അതിരൂപത കുടുംബകൂട്ടായ്മയുടെ നേതൃത്വത്തിൽ സംഭാവന കൂപ്പൺ വിതരണം തുടങ്ങി. യൂണിറ്റ്, ഇടവക, ഫൊറോന, രൂപത തലത്തിൽ അടുത്ത മൂന്നുവർഷത്തേക്കുള്ള പ്രവർത്തനങ്ങളുടെ ചെലവിന് തുക ശേഖരിക്കുകയാണ് ലക്ഷ്യം. കൂപ്പൺ വാങ്ങുന്നവരിൽ നിന്ന് നറുക്കെടുത്ത് 51 സമ്മാനങ്ങൾ നൽകുന്നതാണ്. കൂപ്പൺ വിൽക്കുന്ന യൂണിറ്റിന് 20% കമ്മീഷൻ ലഭിക്കും. ഒരു വീടിന് ഒരു കൂപ്പൺ എന്നതാണ് മിനിമം വിൽപ്പന. ഇടവക കേന്ദ്ര സമിതി, ഫൊറോന സമിതിയ്ക്ക് 10% കമ്മീഷൻ ഉണ്ടാകും. മെയ് രണ്ടാം തിയ്യതിക്കുമുമ്പായി സ്വീകരിച്ച തുകയും രസീതിന്റെ കട കുറ്റിയും ഫാമിലി അപ്പസ്തലേറ്റിൽ തിരികെ നൽകണം. കൂപ്പൺ വിൽപ്പന നടത്തിയതിന്റെ കമ്മീഷൻ അതിരൂപത ഓഫീസിൽ നിന്നാണ് നൽകുക.

**അതിരൂപത ദിനാഘോഷം**

2026 മെയ് 20 -ാം തിയ്യതി വടക്കാഞ്ചേരി ഫൊറോന ദൈവാലയത്തിൽ വച്ച് നടക്കുന്ന അതിരൂപത ദിനാഘോഷത്തിൽ അതിരൂപതയിലെ എല്ലാ ഇടവകകളിൽ നിന്നുള്ള കുടുംബകൂട്ടായ്മ കേന്ദ്ര സമിതി കൺവീനർമാർ പങ്കെടുക്കേണ്ടതാണ്.

**കുടുംബകൂട്ടായ്മ ദിനം**

മെയ് 31-ാം തിയ്യതി പരി.ത്രിത്വത്തിന്റെ തിരുനാളിനോടനുബന്ധിച്ച് അന്നേദിവസം തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മ

ദിനമായി ആചരിക്കുന്നു. ഇതോടനുബന്ധിച്ച് ഇടവക ദൈവാലയത്തിൽ ഉയർത്തുവാനുള്ള കുടുംബകൂട്ടായ്മ പതാക ഫാമിലി അപ്പൊസ്റ്റൊലേറ്റിലുള്ള കുടുംബകൂട്ടായ്മ ഓഫീസിൽ നിന്നും ലഭിക്കുന്നതായിരിക്കും.

**ഫാ. ടിങ്കിൾ വാഴപ്പിള്ളി**
ഡയറക്ടർ

**ഫാ.അനീഷ് കൂത്തൂർ**
അസി. ഡയറക്ടർ

**പ്രൊഫ. ജോർജ്ജ് അലക്സ്**
ജനറൽ കൺവീനർ

**എ. ഡി. ഷാജു**
ജനറൽ സെക്രട്ടറി

# മാതൃവേദി

**പ്രാർത്ഥനാദിനം**

ആത്മീയജീവിതത്തെ പരിപോഷിപ്പിക്കാൻ മാതൃവേദി അംഗങ്ങൾക്കായി മെയ് 12 ചൊവ്വാഴ്ച്ച 9.30 മുതൽ 1.00 വരെ പ്രാർത്ഥനാദിനം സംഘടിപ്പിക്കുന്നു. ആത്മീയപ്രഭാഷണവും വിശുദ്ധ കുർബാനയും ഉണ്ടായിരിക്കും. ഫ്രാൻസിസ്കൻ അല്മായ വർഷത്തോടനുബന്ധിച്ച് ആദ്ധ്യാത്മിക പ്രബോധനം ഒന്നാമത്തെ ക്ലാസും നടത്തപ്പെടുന്നു. മാതൃവേദി അമ്മമാരെ പ്രത്യേകം ക്ഷണിക്കുന്നു.

**കരകൗശല, ഫുഡ് പ്രദർശനവും വിൽപ്പനയും**

അമ്മമാരുടെ കഴിവുകളെ വളർത്തുക, പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നമ്മൾ ആരംഭിച്ചിരിക്കുന്ന കരകൗശല വസ്തുക്കളുടെ പ്രദർശനവും, ഫുഡ് പ്രദർശനവും വിൽപനയും മെയ് 12 ചൊവ്വാഴ്ച്ച 9.30 മുതൽ 1.30 വരെ നടത്തേണ്ടത് എരുമപ്പെട്ടി, ഒല്ലൂർ ഫൊറോനകളിലെ ഇടവകകളാണ്. താൽപര്യമുള്ളവർ മെയ്12-ാം തിയ്യതി ചൊവ്വാഴ്ച്ച കൊണ്ടുവരാവുന്നതാണ്.

**രോഗീപരിചരണ പരിശീലനം**

നമ്മുടെ പ്രിയപ്പെട്ടവർ, ബന്ധുക്കൾ, അയൽവാസികൾ തുടങ്ങിയവർ പ്രായാധിക്യം മൂലവും മറ്റ് അസുഖങ്ങൾ കാരണവും കഷ്ടപ്പെടുന്ന അവസരങ്ങളിൽ അവരെ സഹായിക്കാൻ ഉതകുന്ന രീതിയിലുള്ള രോഗീപരിചരണ പരിശീലനമാണ് മെയ് 12 ചൊവ്വാഴ്ച്ച 1.30 മുതൽ 4.00 വരെ നമ്മൾ നൽകാൻ ആഗ്രഹിക്കുന്നത്. മെയ്, ജൂൺ, ജൂലായ് മാസങ്ങളിൽ മൂന്ന് അർദ്ധദിന പരിശീലന ക്ലാസ്സുകളായിരിക്കും ഉണ്ടാകുക. താൽപര്യമുള്ളവർ അതിരൂപത

മാതൃവേദി പ്രസിഡണ്ടിന്റെ വാട്സ് അപ്പ് നമ്പറിൽ (9946474124) പേരും, ഡീറ്റെയിൽസും നൽകി മെയ് 3-ാം തിയ്യതിക്കു മുൻപ് റജിസ്റ്റർ ചെയ്യേണ്ടതാണ്. മെയ് മാസത്തെ പരിശീലനം 12-ാം തിയ്യതി ചൊവ്വാഴ്ച്ച ഉച്ചകഴിഞ്ഞ് 1.30 മുതൽ 4.00 വരെ ആയിരിക്കും.

**ഫാ. ടിങ്കിൾ വാഴപ്പിള്ളി**, ഡയറക്ടർ
**ഫാ.അനീഷ് കൂത്തൂർ**, അസി. ഡയറക്ടർ
**ശ്രീമതി ഉജ്ജ്വല** ബിജു, പ്രസിഡന്റ്
**ശ്രീമതി റീന വർഗ്ഗീസ്**, സെക്രട്ടറി

# ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

**തിരുമണിക്കൂർ ആരാധന, വി. കുർബാന**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിലെ എല്ലാ അംഗങ്ങളും ഒന്നു ചേർന്ന് ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്ന വർക്കുവേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാന സാന്തരത്തിനുവേണ്ടിയും തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് മെയ് 4 തിങ്കൾ വൈകീട്ട് 4.30 മുതൽ 6.00 വരെ നടത്തുന്ന തിരുമണിക്കൂർ ആരാധനയിലേക്കും വിശുദ്ധ കുർബാനയിലേക്കും എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**പ്രോലൈഫ് സെമിനാർ**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ മെയ് 10 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് പ്രോലൈഫ് പ്രവർത്തകർക്ക് വേണ്ടിയുള്ള സെമിനാർ ഫാമിലി അപ്പസ്തോലറ്റ് സെൻററിൽ വെച്ച് നടത്തുന്നു.

**ഏലീശ്വാ സഹഗമനം**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിന്റെയും ഹോളി ഫാമിലി സിസ്റ്റേഴ്സിന്റേയും നേതൃത്വത്തിൽ നല്ല കുഞ്ഞുങ്ങൾ പിറക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചിട്ടുള്ള ഏലീശ്വാ സഹഗമനം മെയ് മാസത്തെ ഓൺലൈൻ ആരാധനയും ക്ലാസ്സും മെയ് 10-ാം തിയ്യതി ഞായറാഴ്ച്ച വൈകീട്ട് 7.00 മുതൽ 8.00 വരെ ഉണ്ടായിരിക്കുന്നതാണ്. ഇതിലേയ്ക്ക് എല്ലാ ഗർഭിണികളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു. ഓൺലൈൻ

ലിങ്ക് ലഭിക്കുന്നതിനും കൂടുതൽ വിവരങ്ങൾ അറിയാനും ആഗ്ര ഹിക്കുന്നവർ ഇതോടൊപ്പമുള്ള നമ്പറിൽ വിളിക്കേണ്ടതാണ് 7736106824.

**പ്രോലൈഫ് നേഴ്സസ് സെമിനാർ**

ഏപ്രിൽ 11 ശനിയാഴ്ച കാലത്ത് പ്രോലൈഫ് നേഴ്സസ് സെമി നാർ 2026 ഫാമിലി അപ്പസ്തോലറ്റ് സെൻററിൽ വച്ച് നടന്നു. വിവിധ ആശുപത്രികളിൽ നിന്നായി 225 നേഴ്സിംഗ് സ്റ്റുഡന്റ്സ് സെമി നാറിൽ പങ്കെടുത്തു.

**ഫാ. ഫ്രാൻസിസ് ടിങ്കിൾ വാഴപ്പിള്ളി**, ഡയറക്ടർ
**ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ**, പ്രസിഡന്റ്

# കൗൺസിൽ ഓഫ് കാത്തലിക് വുമൺ ഇൻ ഇന്ത്യ

**സമുദായ ശക്തീകരണ ബോധവൽകക്കരണ ക്ലാസ്സ് നടത്തി**

സി.സി.ഡബ്ലിയു.ഐ അംഗങ്ങൾക്കുവേണ്ടിയുള്ള സീറോ മലബാർ സമുദായ ശക്തീകരണ വർഷത്തോടനുബന്ധിച്ച് സമുദായ ശക്തീകരണ ബോധവൽക്കരണ ക്ലാസ്സ് ഏപ്രിൽ 13-ാം തിയ്യതി തിങ്കളാഴ്ച്ച ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വെച്ച് 3.00 pm ന് നടത്തി. അതിരൂപത അഡ്വക്കേറ്റ് ഫോറം പ്രസിഡണ്ട് അഡ്വ. അജി ക്ലാസ്സു കൾക്ക് നേതൃത്വം നൽകി.

**കാരുണ്യസ്പർശം 2026**

സി.സി.ഡബ്ലിയു.ഐയുടെ നേതൃത്വത്തിൽ എല്ലാ വർഷവും നടത്തുന്ന കാരുണ്യപ്രവൃത്തികളുടെ ഭാഗമായി ഈ വർഷം നിർദ്ധനരായ കിഡ്നി രോഗികൾക്ക് ഡയാലിസിസിനുള്ള തുക ജൂബിലി മിഷൻ മെഡിക്കൽ കോളേജിന് കൈമാറുന്ന കാരുണ്യ സ്പർശം 2026 പദ്ധതി സംഘടിപ്പിക്കുന്നു.

**ഫാ. ഫ്രാൻസിസ് ടിങ്കിൾ വാഴപ്പിള്ളി,** ഡയറക്ടർ
**ശ്രീമതി സിങ്കമ്മ കള്ളിയത്ത്,** പ്രസിഡന്റ്

## ലീജിയൺ ഓഫ് അപ്പസ്തോലിക് ഫാമിലീസ്

**LOAF SPIRITUAL DAY**

കുടുംബങ്ങൾക്ക് വേണ്ടി ലോഫ് ഒരുക്കുന്ന 'ആത്മീയ സായാഹ്നം' മെയ് 9-ാം തിയ്യതി MMB മരിയാപുരത്തിൽ വെച്ച് നടത്തപ്പെടുന്നു. ദിവ്യകാരുണ്യ ആരാധന, വി. ബലി, വചന സന്ദേശം എന്നിവ ഉണ്ടായിരിക്കുന്നതാണ്. താൽപര്യമുള്ള എല്ലാ കുടുംബങ്ങളെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**LOAF ACADEMIC SESSION**

ലോഫ് അക്കാഡമിക് സെക്ഷൻ മെയ് 24-ാം തിയ്യതി ഞായറാഴ്ച്ച ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് കൂടുന്നതാണ്. എല്ലാ കുടുംബങ്ങളെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**ഫാ.ഫ്രാൻസിസ് ടിങ്കിൾ വാഴപ്പിള്ളി**, ഡയറക്ടർ
**ഡോ. ജോണി തോമസ് & ഡോ. ബെറ്റ്സി ജോണി**
പ്രസിഡണ്ട് ദമ്പതികൾ

## പോപ്പ് പോൾ മേഴ്സി ഹോം, പെരിങ്ങണ്ടൂർ

**ചിലമ്പൊലി സംസ്ഥാന കലോത്സവം**

എറണാകുളം രാജഗിരി സ്കൂളിൽ രണ്ട് ദിവസങ്ങളിലായി നടത്തിയ ചിലമ്പൊലി സംസ്ഥാന സ്പെഷ്യൽ സ്കൂൾ കലോത്സവത്തിൽ പോപ്പ് പോൾ മേഴ്സി ഹോം 78 പോയിന്റോടുകൂടി രണ്ടാം തവണയും ഓവറോൾ കിരീടം നേടി. മുന്നൂറ് സ്പെഷ്യൽ സ്കൂളുകളിൽ നിന്നായി 2000 കുട്ടികൾ മത്സരത്തിൽ പങ്കെടുത്തു.

**കിരണം കലോത്സവം**

തൃശ്ശൂർ ഗവ. എഞ്ചിനിയറിങ്ങ് കോളേജിൽ വെച്ച് നടത്തിയ കിരണം കലോത്സവത്തിൽ 33 ഇനങ്ങളിൽ സമ്മാനം നേടി പോപ്പ് പോൾ മേഴ്സി ഹോം ടീം മൂന്നാം തവണയും ഒന്നാം സ്ഥാനം കരസ്ഥമാക്കി.

**49–ാം വാർഷികാഘോഷവും ഹോം ഡേയും**

പോപ്പ് പോൾ മേഴ്സി ഹോം 49–ാം മത് വാർഷികാഘോഷവും ഹോം ഡേയും തൃശ്ശൂർ അതിരൂപത മെത്രാപ്പോലിത്ത മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. വടക്കാഞ്ചേരി എം.എൽ എ ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി, തൃശ്ശൂർ മേയർ ഡോ. നിജി ജെസ്റ്റിൻ, ഡിസ്ട്രിക്ട് & സെഷൻസ് ജഡ്ജ് കമനീഷ്, വടക്കാഞ്ചേരി മുൻസിപ്പൽ ചെയർപേഴ്സൺ മിനി അരവിന്ദൻ, മദർ ജനറൽ സിസ്റ്റർ എൽസി ഇല്ലിക്കൽ, SNDS മുഖ്യാതിഥികളായിരുന്നു. വിദ്യാർത്ഥികളുടെയും, ടീച്ചർ ട്രെയ്നീസിന്റെയും, സ്റ്റാഫ് അംഗങ്ങളുടെയും കലാപരിപാടികളും സ്നേഹവിരുന്നും ഉണ്ടായിരുന്നു.

**അൻപ് 2026**

ജില്ലാ സാമൂഹ്യ നീതി വകുപ്പിന്റെയും സംസ്ഥാന ഭിന്നശേഷി കമ്മിഷണറേറ്റിന്റെയും നേതൃത്വത്തിൽ നടത്തിയ 'അൻപ് 2026' ജില്ലയിലെ ആദ്യത്തെ ക്യാമ്പ് അത്താണി പോപ്പ് പോൾ ഹോമിൽ വച്ച് നടത്തി.

ഭിന്നശേഷി സംസ്ഥാന കമ്മിഷണർ പ്രൊഫ. ബാബു രാജ് ഉദ്ഘാടനവും വിഷയാവതരണവും നടത്തി. പോപ്പ് പോൾ മേഴ്സി ഹോം ഡയറക്ടർ ഫാ. ജോൺസൺ അന്തിക്കാട്ട് അധ്യക്ഷത വഹിച്ചു. ജില്ലാ സാമൂഹ്യനിതി ഓഫീസർ കെ.ആർ പ്രദീപൻ സ്വാഗതം ആശംസിച്ചു. നൂറ്റമ്പതിലധികം രക്ഷിതാക്കൾ ക്യാമ്പിൽ പങ്കെടുത്തു.

**നവീകരിച്ച വൊക്കേഷണൽ ട്രെയ്നിങ്ങ് യൂണിറ്റ് ഉദ്ഘാടനം**

പോപ്പ് പോൾ മോഴ്സി ഹോമിലെ നവീകരിച്ച വൊക്കേഷണൽ ട്രെയ്നിങ്ങ് യൂണിറ്റ് ഉദ്ഘാടനം ഭിന്നശേഷി കമ്മിഷണർ പ്രൊഫ. ബാബുരാജ് നിർവ്വഹിച്ചു. 25 വൊക്കേഷണൽ യൂണിറ്റ് ഈ സെന്ററിൽ പ്രവർത്തിച്ച് വരുന്നു.

**കലാരവം** 2K26

പോപ്പ് പോൾ മേഴ്സിഹോമിൽ വിദ്യാർത്ഥികളുടെ കലാകായികമേള 'കലാരവം 2K26' രണ്ട് ദിവസങ്ങളിലായി അരങ്ങേറി. കലോത്സവത്തിന്റെ ഉദ്ഘാടനം സിനി ആർട്ടിസ്റ്റ് ദുർക്ഷാ സി. വിനോദ് (ലോക ചാപ്റ്റർ I കുഞ്ഞുനീലി) നിർവ്വഹിച്ചു. സ്പോട്സ് ഡെ ഫ്ളാഗ് ഹോസ്റ്റിങ്ങ് സെറിമണി ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി MLA യും സമ്മാനദാനം ചെയർപേഴ്സൺ ശ്രീമതി. മിനി അരവിന്ദനും നിർവ്വഹിച്ചു.

**Able Angels Shows**

വടക്കാഞ്ചേരി നഗരസഭ 'ശലഭം' എന്ന പേരിൽ സംഘടിപ്പിച്ച ഭിന്നശേഷി കലോത്സവത്തിൽ Able Angels Team പ്രോഗ്രാം അവതരിപ്പിച്ചു.

തൃശ്ശൂർ നെഹ്റു പാർക്കിൽ വച്ച് തൃശ്ശൂർ ജില്ലാ ഭരണകൂടം നടത്തിയ പ്രോഗ്രാമിൽ Able Angels Team മിന്നും പ്രകടനം കാഴ്ചവച്ചു. ജില്ലാ കളക്ടർ ശിഖാ സുരേന്ദ്രൻ IAS, Asst. കളക്ടർ സ്വാതി മോഹൻ IAS തുടങ്ങിയവർ സന്നിഹിത രായിരുന്നു.

ന്യൂസ് 24 ചാനലിൽ ശ്രീകണ്ഠൻ നായർ ഷോയിൽ Able Angels Team ശിങ്കാരിമേളം നടത്തി ഏവരെയും അത്ഭുതപ്പെടുത്തി.

**P.T.A മീറ്റിംങ്ങ്**

പോപ്പ് പോൾ മേഴ്സിഹോമിലെ 202526 വർഷത്തിലെ P.T.A മീറ്റിംങ്ങിൽ ഇരുന്നൂറോളം മാതാപിതാക്കൾ പങ്കെടുത്തു.

**ഫുഡ് ഫെസ്റ്റ്**

അദ്ധ്യാപകരും വിദ്യാർത്ഥികളും ചേർന്ന് ഒരുക്കിയ ഫുഡ് ഫെസ്റ്റ് നടത്തി. കേന്ദ്രഗവൺമെന്റിന്റെ ഖടട ജില്ലാ കോഡിനേറ്റർ ശ്രീമതി. സുധാ സോളമൻ ഉദ്ഘാടനം നിർവ്വഹിച്ചു. ഫുഡ് ഫെസ്റ്റിൽ മാതാ പിതാക്കളും, കുട്ടികളും പങ്കുചേർന്നു

**സന്ദർശനം**

CBCI പ്രസിഡന്റ് കാർഡിനൽ ആന്റണി പൂലയോടൊപ്പം മാർ ആൻഡ്രൂസ് താഴത്ത് പിതാവ് പോപ്പ് പോൾ മേഴ്സിഹോം സന്ദർശിച്ചു

**സെന്റ് ഓഫ് പരിപാടി**

2024–26 സ്പെഷ്യൽ ബി.എഡ് & ഡിപ്ലോമ വിദ്യാർത്ഥി കൾക്കായി സെന്റ് ഓഫ് പരിപാടി സംഘടിപ്പിച്ചു.

**ഫാ. ജോൺസൺ അന്തിക്കാട്ട്,** ഡയറക്ടർ

# ജീസസ്സ് യൂത്ത്

**ജീസസ് യൂത്ത് വേലൂർ സബ്സോൺ - ഫാമിലി ഗ്യാതറിങ്ങ്**

ജീസസ് യൂത്ത് വേലൂർ സബ്സോണിന്റെ നേതൃത്വത്തിൽ 2026 ഏപ്രിൽ 29-ന് വേലൂർ സെന്റ് ഫ്രാൻസിസ് സേവിയേഴ്സ് ഫൊറോന ദേവാലയത്തിൽ വെച്ച് ഫാമിലി ഗ്യാതറിങ്ങ് സംഘടിപ്പിച്ചു. ഏകദേശം 170 പേർ പങ്കെടുത്തു.

രാവിലെ 11:00-ന് ചാപ്പലിൽ നടന്ന മദ്ധ്യസ്ഥ പ്രാർത്ഥനയോടെ ആത്മീയമായി പരിപാടി തുടങ്ങി. തുടർന്ന് രാവിലെ 11:00-ന് ജപമാലയോടെ പ്രധാന പരിപാടികൾ ആരംഭിച്ചു. ഫൊറോന വികാരി ജെയ്സൺ തെക്കുംപുറം അച്ചൻ ജീസസ് യൂത്ത് കുടുംബത്തോടൊപ്പം പരിപാടി ഉദ്ഘാടനം ചെയ്തു.

ജീസസ് യൂത്തിലുള്ളവരും അവരുടെ മാതാപിതാക്കളും മറ്റ് ജീസസ് യൂത്ത് കുടുംബങ്ങൾക്കും വേണ്ടി എം. എ. Joshy സെഷന്നും, ലാസർ & ഫാമിലി ടെസ്റ്റിമണിയും നൽകി. വേലൂർ ഫൊറോന അസി. വികാരി ഫാ. ജോൺ പേരാമംഗലം യുവജനങ്ങൾക്കായി 'ക്രിസ്തു കേന്ദ്രീകൃത യൂത്ത്' എന്ന വിഷയത്തിൽ സെഷൻ നയിച്ചു. സിസ്റ്റർ സ്റ്റൻസി മദ്ധ്യസ്ഥ പ്രാർത്ഥന നയിച്ചു. ആക്ഷൻ സോങ്ങ്, സ്നേഹവിരുന്ന്, ഇടവക തലത്തിൽ ഗ്രൂപ്പ് തിരിച്ചുള്ള ചർച്ചയും ആക്ടിവിറ്റികളും, തൃശൂർ കിഡ്സ് ടീമിന്റെ നേതൃത്വത്തിൽ കുട്ടികൾക്കായ് പ്രത്യേകം സെഷൻ എന്നിവയും പ്രോഗ്രാമിന്റെ ഭാഗമായി നടന്നു. സോണൽ അസി. കോർഡിനേറ്റർ ജോൺ ജോഷി ആശംസകൾ നേർന്നു. സബ്സോൺ ആനിമേറ്റർ ക്രിസ്റ്റി സേവി OFM. Cap അച്ചൻ നയിച്ച ആരാധനയും വേലൂർ സബ്സോൺ ടാലന്റ് മിനിസ്ട്രിയുടെ പ്രെയ്സ് & വർഷിപ്പും പരിപാടിക്ക് കൂടുതൽ ആത്മീയ ഉണർവ് നൽകി. വീടുകളിൽ തയ്യാറാക്കിയ കൊഴുക്കട്ട പരസ്പരം പങ്കുവെച്ച് ഓശാനയുടെ ചൈതന്യത്തോടെ നാല് മണിക്ക് പ്രോഗ്രാം അവസാനിച്ചു.

**റെഗുലർ കമ്മിറ്റ്മെന്റ് റിട്രീറ്റ്**

തൃശ്ശൂർ സോണിൽ മാർച്ച് 13, 14, 15 തിയ്യതികളിലായി റെഗുലർ കമ്മിറ്റ്മെന്റ് റിട്രീറ്റ് നടത്തപ്പെട്ടു. വെള്ളിയാഴ്ച രാവിലെ 8 മണിക്ക് തുടങ്ങി ഞായറാഴ്ച ഉച്ചക്ക് 1:30 ന് റിട്രീറ്റ് അവസാനിച്ചു. ജോർദ്ദാനിയ റിട്രീറ്റ് സെന്റർ, നെടുപുഴയിൽ വച്ചാണ് റിട്രീറ്റ് നടന്നത്. 45 പേരാണ് ഈ റിട്രീറ്റിൽ പങ്കെടുത്തത്. അതിൽ 27 പേരാണ് തൃശ്ശൂർ

സോണിൽ നിന്ന് റെഗുലർ കമ്മിറ്റ്മെന്റ് എടുത്തത്. ബാക്കി ഉള്ള 18 പേർ കേരളത്തിലെ മറ്റു സോണുകളിൽ നിന്നുള്ളവരാണ്. റിട്രീറ്റിന്റെ ആദ്യ ദിവസമായ വെള്ളിയാഴ്ച അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ആശംസകൾ അർപ്പിക്കുകയും ആശീർവാദം നൽകുകയും ചെയ്തു. തൃശ്ശൂർ ബേസ് ടീമിന്റെ നേതൃത്വത്തിലാണ് റിട്രീറ്റ് നടത്തപ്പെട്ടത്.

**Upper Room Families**

**ജീസസ് യൂത്ത് ഒല്ലൂർ സബ്സോൺ – ഫാമിലി ഗ്യാതറിങ്ങ്**

ജീസസ് യൂത്ത് ഒല്ലൂർ സബ്സോണിന്റെ നേതൃത്വത്തിൽ 2026 ഏപ്രിൽ 29-ന് തൈക്കാട്ടുശ്ശേരിയിലെ ജോൺ ഊക്കൻ സ്പെഷ്യൽ സ്കൂളിൽ 'Upper Room Families' എന്ന പേരിൽ ഫാമിലി ഗ്യാതറിങ്ങ് സംഘടിപ്പിച്ചു. ഏകദേശം 150 പേർ പങ്കെടുത്തു.

രാവിലെ 10:30-ന് ചാപ്പലിൽ നടന്ന മദ്ധ്യസ്ഥ പ്രാർത്ഥനയോടെ ആത്മീയമായി തുടങ്ങി. തുടർന്ന് ഉച്ചയ്ക്ക് 2:00-ന് ജപമാലയോടെ പ്രധാന പരിപാടികൾ ആരംഭിച്ചു. സബ്സോൺ അനിമേറ്റർ ഫാ. പ്രിൻസ് ചെറുതാണിക്കൽ, സബ്സോൺ കോർഡിനേറ്റർ ലിനറ്റ് തോമസ് എന്നിവർ ചേർന്ന് ജീസസ് യൂത്ത് കുടുംബത്തോടൊപ്പം പരിപാടി ഉദ്ഘാടനം ചെയ്തു.

തുടർന്ന് മ്യൂസിക്കൽ പ്രെയ്സ് & വർഷിപ്പ്, ആക്ഷൻ സോംഗ്, ഗ്രൂപ്പ് ഷെയറിംഗ്, പാനൽ ഷെയറിംഗ് എന്നിവ നടന്നു. ബ്രദർ ശശി ഇമ്മാനുവേൽ ആത്മീയ സന്ദേശം നൽകി. പ്രിൻസി സ്റ്റീഫൻ ജീസസ് യൂത്ത് പ്രവർത്തനങ്ങളെ പരിചയപ്പെടുത്തി. ഷാജു പെരിഞ്ചേരി നയിച്ച ആരാധനയും തൃശ്ശൂർ ടാലന്റ് മിനിസ്ട്രിയുടെ സ്കിറ്റും പരിപാടിക്ക് കൂടുതൽ ആത്മീയ ഉണർവ് നൽകി.

ജീസസ് യൂത്ത് അസിസ്റ്റന്റ് കോർഡിനേറ്റർ ജോൺ ജോഷി, കൗൺസിൽ അംഗങ്ങൾ, സബ്സോൺ എൽഡർ ജോബി പടവരാട്, ജനറൽ ടീം എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി. രാത്രി 8:30-ന് സ്നേഹവിരുന്നോടെ സംഗമം സമാപിച്ചു.

**ഫാമിലി ഗ്യാതറിങ്ങ് 2026**

**ജീസസ് യൂത്ത് ലൂർദ് സബ്സോൺ**

ജീസസ് യൂത്ത് ലൂർദ്ദ് സബ്സോണിന്റെ നേതൃത്വത്തിൽ 2026 ഏപ്രിൽ 29-ന് മണ്ണുത്തിയിലെ ഡോൺ ബോസ്കോ കോളേജിൽ, ഫാമിലി ഗ്യാതറിങ്ങ് സംഘടിപ്പിച്ചു. ഏകദേശം 200 പേർ പരിപാടിയിൽ പങ്കെടുത്തു.

ഉച്ചക്ക് 3:30-ന് ജപമാലയോടെ പ്രധാന പരിപാടികൾ ആരംഭിച്ചു. സബ്സോൺ അനിമേറ്റർ ഫാ. വർഗീസ് മേലിട്ട് പാലത്തിങ്കൽ,

ഫാ. ബിജോയ്, ഫാ. നിതിൻ , സിസ്റ്റർ ജ്യോതിസ് മരിയ എന്നിവർ ഈ സംഗമത്തിൽ പങ്കെടുക്കുകയും ആശംസകൾ അർപ്പിക്കുകയും ചെയ്തു.

തുടർന്ന് മ്യൂസിക്കൽ പ്രെയ്സ് & വർഷിപ്പ് , ആക്ഷൻ സോംഗ് , ആലീസ് മാത്യുന്റെ ആത്മീയ സന്ദേശം, പാനൽ ഷെയറിംഗ് എന്നിവ നടന്നു. ജിജോ കല്ലൂർ നയിച്ച ആരാധനയും തൃശ്ശൂർ ടാലന്റ് മിനിസ്ട്രിയുടെ സ്കിറ്റും പരിപാടിക്ക് കൂടുതൽ ആത്മീയ ഉണർവ് നൽകി.

മുൻകാലങ്ങളിൽ സബ്സോണിന്റെ ഭാഗമായിരുന്ന, സി. ലെറ്റീഷ്യ, ബ്രദർ ലോയിഡ്, ബ്രദർ ബ്രിട്ടോ, ബ്രദർ ജോവിൻ എന്നിവരും കൂട്ടായ്മയുടെ ഭാഗമായി. ജീസസ് യൂത്ത് അസിസ്റ്റന്റ് കോർഡിനേറ്റർ ജോൺ ജോഷി, കൗൺസിൽ അംഗങ്ങളും സംഗമത്തിൽ പങ്കെടുത്തു. സ്നേഹവിരുന്നോടെ സംഗമം സമാപിച്ചു.

## സീനിയർ സി. എൽ. സി.

**സി.എൽ.സി. ഓഫീസ് ഉദ്ഘാടനം**

തൃശ്ശൂർ അതിരൂപത സി.എൽ.സി യുടെ നവീകരിച്ച ഓഫീസിന്റെ ആശിർവാദ കർമ്മവും ഉദ്ഘാടനവും അഭിവന്ദ്യ തൃശൂർ അതിരൂപത ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് പിതാവ് നിർവഹിച്ചു. അതിരൂപത സി.എൽ.സി പ്രമോട്ടർ റവ. ഫാ. ഫ്രജോ വാഴപ്പിള്ളി, അസി. പ്രമോട്ടർ ഫാ. സന്തോഷ് അന്തിക്കാട്ട്, പ്രസിഡന്റ് ഗ്ലോറിൻ ജോയ്, മോഡറേറ്റർ സി. കീർത്തന, അതിരൂപത സി.എൽ.സി യൂത്ത്, സീനിയർ ഭാരവാഹികൾ, എക്സിക്യൂട്ടീവ് അംഗങ്ങൾ തുടങ്ങിയവർ ചടങ്ങിൽ സന്നിഹിതരായിരുന്നു

**ലോക സി.എൽ.സി ദിനാഘോഷം**

ഈ വർഷത്തെ ലോക സി.എൽ.സി ദിനാഘോഷം സംസ്ഥാന സി.എൽ.സിയുടെയും തൃശ്ശൂർ അതിരൂപത സി.എൽ.സിയുടെയും സംയുക്താഭിമുഖ്യത്തിൽ കുരിയച്ചിറ സെന്റ് ജോസഫ് പാരിഷ് ഹാളിൽ വെച്ച് 2026 മാർച്ച് 29 ഞായറാഴ്ച ഉച്ചക്ക് 1.30 മുതൽ സമുചിതമായി നടത്തി. തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് ചടങ്ങ് ഉദ്ഘാടനം ചെയ്തു. ബിഗ് ബോസ് ഫെയിം ശ്രീ. അനീഷ് തറയിൽ മുഖ്യാതിഥിയായി. ഇതോടൊപ്പം 7 വർഷക്കാലം സി.എൽ.സി മോഡറേറ്റർ ആയി സ്തുത്യർഹ

സേവനം അനുഷ്ഠിച്ച സി. ജ്യോതിസിനെ ആദരിക്കുകയും, അതിരൂപത മോഡൽ ഫൊറോന/യൂണിറ്റുകൾ, ഫൊറോന മോഡൽ യൂണിറ്റുകൾ, മരിയോത്സവം വിജയികൾക്കുള്ള സമ്മാനദാനം, നാഷണൽ സി.എൽ.സി ഭാരവാഹികളെ ആദരിക്കൽ എന്നിവയും നടന്നു.

**ഫാ. ഫ്രജോ വാഴപ്പിള്ളി**, ഡയറക്ടർ
**ഫാ. സന്തോഷ് അന്തിക്കാട്ട്**, അസി. ഡയറക്ടർ

# ചിൽഡ്രൻസ് മിനിസ്ട്രി

**ആനിമേറ്റേഴ്സ് ഫോർമേഷൻ ക്യാമ്പ്**

തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ അതിരൂപതയിലെ തിരുബാലസഖ്യം, ജൂനിയർ സി.എൽ.സി, അൾത്താരസംഘം എന്നീ സംഘടനകളുടെ ആനിമേറ്റർമാർക്കായി സംഘടിപ്പിച്ച ഏകദിന പരിശീലന പരിപാടി 'ഫോർമേഷൻ ക്യാമ്പ് 2026' ശ്രദ്ധേയമായി. ശനിയാഴ്ച തൃശ്ശൂർ ഫാമിലി അപ്പോസ്തലേറ്റ് സെന്ററിൽ നടന്ന ക്യാമ്പിൽ അതിരൂപതയുടെ വിവിധ ഇടവകകളിൽ നിന്നായി ഇരുന്നൂറ്റിയൻപതോളം ആനിമേറ്റർമാർ പങ്കെടുത്തു.

അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രി ഡയറക്ടർ ഫാ. പോൾ മുട്ടത്ത് പരിശീലന പരിപാടികൾക്ക് നേതൃത്വം നൽകി. കുട്ടികളുടെ ആത്മീയവും വ്യക്തിത്വപരവുമായ വളർച്ചയിൽ ആനിമേറ്റർമാർ വഹിക്കേണ്ട പങ്കിനെക്കുറിച്ച് അദ്ദേഹം സംസാരിച്ചു. ബഹു. ഫാ. പോൾ മാളിയമ്മാവ് 'ഇടവകകളിലെ സംഘടനാപ്രവർത്തനം' എന്ന വിഷയത്തിൽ ആനിമേറ്റർമാരുമായി സംവദിച്ചു. സംഘടനകളെ കൂടുതൽ ഊർജ്ജസ്വലമാക്കാൻ പ്രാദേശികതലത്തിൽ നടത്തേണ്ട പ്രവർത്തനങ്ങളെ ക്കുറിച്ച് അദ്ദേഹംവിശദീകരിച്ചു. വരാനിരിക്കുന്ന പ്രവർത്തന വർഷത്തെ (2026-27) പ്രധാന പരിപാടികൾ യോഗത്തിൽ ആസൂത്രണം ചെയ്തു. പ്രധാനപ്പെട്ട ദിനാചരണങ്ങൾ, അവയുടെ തീയതികൾ, പ്രോഗ്രാമുകളിൽ വരുത്തേണ്ട നൂതനമായ മാറ്റങ്ങൾ എന്നിവയെക്കുറിച്ച് വിശദമായ ചർച്ചകൾ നടന്നു. കുട്ടികളിലെ സർഗ്ഗാത്മകതയും വിശ്വാസവും പരിപോഷിപ്പിക്കുന്ന തരത്തിൽ സംഘടനകളുടെ പ്രവർത്തനം നവീകരിക്കാൻ യോഗം തീരുമാനിച്ചു. തുടർന്ന് നടന്ന ചർച്ചകൾക്കും അഭിപ്രായ രൂപീകരണത്തി

നും ശേഷം വൈകുന്നേരം 4 മണിക്ക് സ്നേഹവിരുന്നോടെ ക്യാമ്പ് സമാപിച്ചു. പരിശീലന പരിപാടിയിൽ സജീവമായി പങ്കെടുത്ത എല്ലാ ആനിമേറ്റർമാർക്കും അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രി നന്ദി രേഖപ്പെടുത്തി.

**SFL, BCL, MCL Leagues 2026**

തൃശ്ശൂർ അതിരൂപതയിലെ കുട്ടികൾക്കായി ചിൽഡ്രൻസ് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ മെയ്മാസത്തിൽ വിപുലമായ കായികമത്സരങ്ങൾ സംഘടിപ്പിക്കുന്നു. അൾത്താരസംഘം അംഗങ്ങൾക്കായി സംഘടിപ്പിക്കുന്ന ഫാ. സിൻസൺ എടക്കളത്തൂർ മെമ്മോറിയൽ ഫൈവ്സ് ഫുട്ബോൾ ലീഗ് (SFL) മെയ് 5, 6, 7 തീയതികളിൽ നടക്കും. ജൂനിയർ സി.എൽ.സി. അംഗങ്ങൾക്കായുള്ള മരിയൻ ക്യാരംസ് ലീഗ് (MCL)മെയ് 12നും, മരിയൻ ചെസ്സ്ലീഗ് (MCL) മെയ് 14നുമാണ് ക്രമീകരിച്ചിരിക്കുന്നത്. മത്സരങ്ങളിൽ പങ്കെടുക്കാൻ താല്പര്യമുള്ള ടീമുകളും വ്യക്തികളും ബന്ധപ്പെട്ട ഇടവക വികാരിയച്ചന്റെ അനുമതിയോടെ നൽകിയിട്ടുള്ള ഗൂഗിൾഫോം വഴി രജിസ്ട്രേഷൻ പൂർത്തിയാക്കേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്നവർക്ക് മുൻഗണന ഉണ്ടായിരിക്കും. കൂടുതൽ വിവരങ്ങൾക്കായി ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസുമായി 9947582522 എന്ന നമ്പറിൽ ബന്ധപ്പെടുക.

**എയ്ഞ്ചലോസ് 2026:**

തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ ഈ വർഷം ആഘോഷമായ കുർബാന സ്വീകരിച്ച കുട്ടികൾക്കായി അതിരൂപതാതല സ്വീകരണ പരിപാടി എയ്ഞ്ചലോസ് 2026 സംഘടിപ്പിക്കുന്നു. 2026 മെയ് 17 ഞായറാഴ്ച ഉച്ചതിരിഞ്ഞ് 1:00 മുതൽ 5:00 വരെ തൃശ്ശൂർ ലൂർദ് മെട്രോപൊളിറ്റൻ കത്തീഡ്രലിൽ വെച്ചാണ് ഈ വിപുലമായ സംഗമം നടക്കുന്നത്. പരിപാടിയുടെ ഭാഗമായി വിശുദ്ധ കുർബാനയും തുടർന്ന് കുട്ടികൾക്ക് അഭിവന്ദ്യ പിതാക്കന്മാരോടൊപ്പം ഫോട്ടോ എടുക്കുവാനുള്ള പ്രത്യേക സൗകര്യവും ക്രമീകരിച്ചിട്ടുണ്ട്. അതിരൂപതയിലെ എല്ലാ ഇടവകകളിൽ നിന്നും ആഘോഷമായ കുർബാന സ്വീകരിച്ച കുട്ടികളുടെ സജീവ പങ്കാളിത്തവും സഹകരണവും ചിൽഡ്രൻസ് മിനിസ്ട്രി ഡയറക്ടർ അറിയിച്ചു. കർത്താവിനെ ഹൃദയത്തിൽ സ്വീകരിച്ച കുരുന്നുകൾ അതിരൂപതയുടെ ആത്മീയകൂട്ടായ്മയിൽ ഒന്നിക്കുന്ന ഈ വേദിയിലേക്ക് ഏവരെയും സ്വാഗതം ചെയ്യുന്നു.

**ചിൽഡ്രൻസ് മിനിസ്ട്രി പ്രവർത്തന വർഷഉദ്ഘാടനം**

തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ 2026-27 പ്ര

വർത്തന വർഷത്തെ ഉദ്ഘാടനവും പുതിയ ഭാരവാഹികളുടെ ചാർജ്ജെടുക്കലും ജൂൺ 06 ശനിയാഴ്ച നടക്കും. തൃശ്ശൂർ, ഫാമിലി അപ്പസ്തൊലേറ്റിൽവെച്ച് ഉച്ചതിരിഞ്ഞ് 2 മണിക്കാണ് പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്. കഴിഞ്ഞ പ്രവർത്തന വർഷത്തെ അതിരൂപത ഭരവാഹികളെ ആദരിക്കുകയും അവർക്കുള്ള സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുകയും ചെയ്യും. ഈ ചടങ്ങിൽ ചിൽഡ്രൻസ് മിനിസ്ട്രിയുടെ പുതിയ വർഷത്തെ കർമ്മപദ്ധതി പ്രകാശനം ചെയ്യും. പ്രവർത്തന വർഷത്തിന്റെ ഔദ്യോഗിക തുടക്കം കുറിക്കുന്ന ഈ സ്നേഹസംഗമത്തിലേക്ക് എല്ലാവരേയും സ്വാഗതം ചെയ്യുന്നു.

**യൂണിറ്റ് രജിസ്ട്രേഷൻ 2026**

തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ കീഴിൽ പ്രവർത്തിക്കുന്ന തിരുബാലസഖ്യം, ജൂനിയർ സി.എൽ.സി. അൾത്താരസംഘം എന്നീ സംഘടനകളുടെ 2026-2027 വർഷത്തെ യൂണിറ്റ് രജിസ്ട്രേഷൻ നടപടികൾ ആരംഭിച്ച വിവരം എല്ലാ ഇടവകകളെയും അറിയിക്കുന്നു. ചിൽഡ്രൻസ് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ അതിരൂപതാതലത്തിൽ സംഘടിപ്പിക്കുന്ന വിവിധ പരിപാടികൾ, മത്സരങ്ങൾ, ക്യാമ്പുകൾ എന്നിവയിൽ കുട്ടികൾക്ക് പങ്കെടുക്കണമെങ്കിൽ യൂണിറ്റ് രജിസ്ട്രേഷൻ അത്യന്താപേക്ഷിതമാണ്. യൂണിറ്റ് രജിസ്ട്രേഷൻ ഓരോ വർഷവും നിർബന്ധമായും പുതുക്കേണ്ട ഒന്നാണെന്ന കാര്യം ഭാരവാഹികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. മുൻവർഷങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള യൂണിറ്റുകൾ ഉൾപ്പെടെ എല്ലാ ഇടവകകളും 2026-27 വർഷത്തെ യൂണിറ്റ് രജിസ്ട്രേഷൻ പുതുക്കേണ്ടതുണ്ട്. ഓരോ സംഘടന യുടെയും രജിസ്ട്രേഷനായി 100 രൂപ വീതം ചിൽഡ്രൻസ് മിനി സ്ട്രി ഓഫീസിൽ നേരിട്ട് അടച്ച് രസീത് കൈപ്പറ്റേണ്ടതാണ്. അതിരൂപതയിലെ എല്ലാ ഇടവകവികാരിയച്ചന്മാരും ആനിമേറ്റേഴ്സും തങ്ങളുടെ ഇടവകയിലെ കുട്ടികളുടെ സംഘടനകൾ കൃത്യസമയത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തണം. രജിസ്ട്രേഷൻ നടപ ടികൾ പൂർത്തിയാക്കാത്ത യൂണിറ്റുകൾക്ക് അതിരൂപതാതലത്തിലുള്ള ആനുകൂല്യങ്ങളോ ഔദ്യോഗിക സർട്ടിഫിക്കറ്റുകളോ ലഭ്യമാകുന്നതല്ല. കൂടുതൽ വിവരങ്ങൾക്കായി ചിൽഡ്രൻസ് മിനി സ്ട്രി ഓഫീസുമായി 9947582522 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

**തിരുവചനം:** ദൈവകൃപ നിറഞ്ഞവളേ! സ്വസ്തി; കർത്താവ് നിന്നോടുകൂടെ. (ലൂക്കാ 1:28)

**സുകൃതജപം:** പരിശുദ്ധ മാതാവേ, ഞങ്ങളെ സഹായിക്കണമെ.

**പ്രാർത്ഥനാനിയോഗം:** സമാധാനത്തിന്റെ രാജ്ഞിയായ മറിയമേ, യുദ്ധത്തിന്റെ കെടുതികളിൽ നിന്ന് ഞങ്ങളെ കാത്തുകൊള്ളണമെ. ലോകത്തിൽ സമാധാനം പുന:സ്ഥാപിക്കപ്പെടുന്നതിനായി അങ്ങയുടെ തിരുക്കുമാരനോടു ഞങ്ങൾക്കായി അപേക്ഷിക്കണമേ.

**പരിചയപ്പെടുന്ന വിശുദ്ധൻ:** മരിയ കാർമെൻ റെൻഡൈൽസ്: 1903 ഓഗസ്റ്റ് 11ന് വെനസ്വേലയിലെ കാരക്കാസിലാണ് മരിയ കാർമെൻ ജനിച്ചത്. ജനിക്കുമ്പോൾ തന്നെ ഇടതുകൈ ഇല്ലാതിരുന്ന മരിയയെ സംബന്ധിച്ചിടത്തോളം ലോകം വെല്ലുവിളികൾ നിറഞ്ഞതായിരുന്നു. എന്നാൽ തന്റെ ശാരീരിക അവസ്ഥയെ ഒരു കുറവായി കാണാൻ അവരോ അവരുടെ മാതാപിതാക്കളോ തയ്യാറായില്ല. പ്ലാസ്റ്റിക് കൊണ്ടോ മരംകൊണ്ടോ നിർമ്മിച്ച കൃത്രിമ കൈകൾ ഉപയോഗിച്ച് അവർ തന്റെ ദൈനംദിന കാര്യങ്ങൾ ചെയ്യാൻ പഠിച്ചു. ഈ പരിമിതികൾക്കിടയിലും ആഴമായ ദൈവവിശ്വാസത്തിലാണ് അവർ വളർന്നത്. ചെറുപ്പത്തിലേ സന്യാസജീവിതത്തോട് ആഭിമുഖ്യം പുലർത്തിയിരുന്ന മരിയ, ഫ്രഞ്ച് സന്യാസസമൂഹമായ 'കോൺഗ്രിഗേഷൻ ഓഫ് ദി സെർവന്റ്സ് ഓഫ് ദി യൂക്കറിസ്റ്റ്' എന്ന സഭയിൽ ചേർന്നു. ഫ്രാൻസിലെ നോവിഷ്യേറ്റ് പഠനത്തിന് ശേഷം വെനസ്വേലയിൽ തിരിച്ചെത്തിയ അവർ സഭയുടെ വിവിധ ഉത്തരവാദിത്തങ്ങൾ ഏറ്റെടുത്തു. തന്റെ ശാരീരിക ബുദ്ധിമുട്ടുകൾ മറന്ന് കഠിനാധ്വാനം ചെയ്ത അവർ, സന്യാസിനികൾക്കിടയിൽ വലിയൊരു മാതൃകയായിരുന്നു.

1965ൽ മരിയ കാർമെൻ പുതിയൊരു ചരിത്രം കുറിച്ചു. പ്രാദേശികമായ ആവശ്യങ്ങൾക്കും പാവപ്പെട്ടവരുടെ സേവനത്തിനുമായി 'സെർവന്റ്സ് ഓഫ് ജീസസ്' എന്ന സന്യാസസഭ അവർ സ്ഥാപിച്ചു. സഭയുടെ ആദ്യ മദർ സുപ്പീരിയർ ആയിരുന്ന അവർ, പെൺകുട്ടികളുടെ വിദ്യാഭ്യാസം, ദരിദ്രർക്കുള്ള സഹായം, വൈദികർക്ക് വേണ്ട ആത്മീയവും ഭൗതികവുമായ പിന്തുണ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. സ്നേഹവും വിനയവും നിറഞ്ഞ അവരുടെ പെരുമാറ്റം കാരണം 'മദർ കാർമെൻ' എന്ന് എല്ലാവരും അവരെ സ്നേഹപൂർവ്വം വിളിച്ചു.

1977 മെയ് 9ന് താൻ സ്ഥാപിച്ച സഭയെയും സേവനങ്ങളെയും ദൈവകരങ്ങളിൽ ഏൽപ്പിച്ച് അവർ നിത്യതയിലേക്ക് യാത്രയായി. 2018-ൽ ഫ്രാൻസിസ് മാർപാപ്പ അവരെ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിച്ചു. വെനസ്വേലയിൽ നിന്ന് ഈ പദവിയിലെത്തുന്ന മൂന്നാമത്തെ വ്യക്തിയും ആദ്യത്തെ സന്യാസിനിയുമാണ് അവർ.

ഒരു ഡോക്ടറുടെ കൈയ്ക്കുണ്ടായ അത്ഭുതകരമായ സൗഖ്യമാണ് അവരെ വാഴ്ത്തപ്പെട്ട പദവിയിലേക്ക് ഉയർത്താൻ ആധാരമായത്. 2025 ഒക്ടോബർ 19 ന് ലെയോ പതിനാലാമൻ മാർപാപ്പ അവരെ വിശുദ്ധയായി പ്രഖ്യാപിച്ചു.

**പ്രവർത്തനം:** നമ്മുടെ ഒരു പുഞ്ചിരിയിലൂടെയോ നല്ല വാക്കിലൂടെയോ നമുക്ക് ചുറ്റുമുള്ളവർക്ക് അനുഗ്രഹമായി മാറാൻ നമുക്ക് ശ്രമിക്കാം

**ഫാ. പോൾ മുട്ടത്ത്**, ഡയറക്ടർ
**സി. ജീജ** SSPC, കോർഡിനേറ്റർ

# മദ്യവിരുദ്ധസമിതി

**1. തെരഞ്ഞെടുപ്പും സ്ഥാനാരോഹണവും**

അതിരൂപതാതല ഭാരവാഹികളെ തെരഞ്ഞെടുക്കുന്നതിനായി ഫെബ്രുവരി 22 ന് പാസ്റ്ററൽ സെന്ററിൽ കൂടിയ സമ്മേളനത്തിൽ മദ്യരാസ-ലഹരികൾ യുവജനങ്ങളെ നശിപ്പിക്കുന്നു എന്ന് തൃശൂർ അതിരൂപത വികാരി ജനറാൾ റവ. ഫാ. ജെയ്സൺ കൂനംപ്ലാക്കൽ പ്രസ്താവിച്ചു. ഡയറക്ടറച്ചൻ കാർമ്മികത്വം വഹിച്ച ദിവ്യബലി യർപ്പണത്തോടു കൂടിയാണ് പരിപാടികൾ ആരംഭിച്ചത്. യോഗത്തിൽ അതിരൂപത പ്രസിഡന്റ് ശ്രീ. വി.എം. അഗസ്റ്റിൻ അധ്യക്ഷനായി. ആമുഖപ്രഭാഷകൻ അതിരൂപത ഡയറക്ടർ റവ. ഫാ. ദേവസ്സി പന്തല്ലൂക്കാരനായിരുന്നു. ശ്രീ. സേവ്യർ പള്ളിപ്പാട്ട് നേതൃത്വ പരിശീലന ക്ലാസ് നയിച്ചു. സെന്റ് തോമസ് കോളെജ് എക്സിക്യൂട്ടീവ് മാനേജർ റവ. ഫാ. ബിജു പാണേങ്ങാടൻ പുതിയ ഭാരവാഹികൾക്ക് സത്യപ്രതിജ്ഞ ചൊല്ലിക്കൊടുത്തു. വെരി റവ. സി. വെണ്മ സി.എസ്.സി. വാർഷിക കർമ്മപദ്ധതി വിളംബരം നടത്തി. നിയുക്ത പ്രസിഡന്റ് ശ്രീ. സി.പി. ഡേവീസ് കൃതജ്ഞതയരുളി. സെക്രട്ടറി ശ്രീ. രാജു പാറപ്പുറം, ട്രഷറർ ശ്രീ. ടി.വി. തോമസ്, വൈസ് പ്രസിഡന്റുമാർ ശ്രീ. കെ.സി. പ്രകാശ്, ശ്രീമതി മേഴ്സി തൊമ്മിക്കുഞ്ഞ്, ജോയിന്റ് സെക്രട്ടറിമാർ ശ്രീ. റോബിൻ റാഫേൽ, ശ്രീമതി ആനീസ് ജോൺസൺ, ആനിമേറ്റർ റവ. സി. എൻസ്വീഡ് സി.എസ്.സി., സംസ്ഥാന കമ്മിറ്റിയംഗം ശ്രീ. ജോസ് വടക്കേത്തല, പി.ആർ.ഒ. ശ്രീ. ലിന്റോ ഫ്രാൻസീസ് എന്നിവരാണ് തെരഞ്ഞെടുക്കപ്പെട്ട നവസാരഥികൾ. സ്ഥാനമൊഴിയുന്ന ഭാരവാഹികൾക്ക്

കൃതജ്ഞതയും പുതിയവർക്ക് പ്രവർത്തന വിജയങ്ങളും ആശംസിക്കുന്നു.

**2. ജനജാഗ്രതാ സദസ്സ്**

കെ.സി.ബി.സി. മദ്യ-ലഹരി വിരുദ്ധ സമിതി തൃശൂർ അതിരൂപത, തൃശൂർ കോർപ്പറേഷനു മുന്നിൽ ഫെബ്രുവരി 25 ന് ജനജാഗ്രതാ സദസ്സ് സംഘടിപ്പിച്ചു. തൃശൂർ അതിരൂപത പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ. ജോഷി വടക്കനാണ് സമ്മേളനം ഉദ്ഘാടനം ചെയ്തത്. അതിരൂപത പ്രസിഡന്റ് ശ്രീ. സി.പി. ഡേവീസ് അദ്ധ്യക്ഷത വഹിച്ച യോഗത്തിന് ആമുഖപ്രഭാഷണം നടത്തിയത് അതിരൂപത ഡയറക്ടർ റവ. ഫാ. ദേവസ്സി പന്തല്ലൂക്കാരനാണ്. മദ്യവിമോചന സഖ്യം സംസ്ഥാന പ്രസിഡന്റ് ശ്രീ. ഇ.എ. ജോസഫ് ആയിരുന്നു മുഖ്യ പ്രഭാഷകൻ.

**3. ലഹരി വിപത്തിനെതിരെ മാർ ആൻഡ്രൂസ് താഴത്ത്**

''മദ്യ-ലഹരി വിരുദ്ധ സമിതി ജാഗ്രത പാലിച്ചുകൊണ്ട് അതിരൂപത ജാഗ്രത സമിതിയോട് ചേർന്ന് പ്രവർത്തിക്കണം'' എന്ന് തൃശൂർ അതിരൂപത ആർച്ചുബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് ആവശ്യപ്പെട്ടു. കെ.സി.ബി.സി. മദ്യ-ലഹരി വിരുദ്ധ സമിതി പാസ്റ്ററൽ സെന്ററിൽ മാർച്ച് 1 ന് ചേർന്ന പ്രത്യേക യോഗം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു പിതാവ്. അതിരൂപത പ്രസിഡന്റ് ശ്രീ. സി.പി. ഡേവീസ് അദ്ധ്യക്ഷനായ യോഗത്തിൽ മുഖ്യപ്രഭാഷകനായത് അതിരൂപത ഡയറക്ടർ റവ. ഫാ. ദേവസ്സി പന്തല്ലൂക്കാരനാണ്.

**4. മദ്യ-ലഹരി വിരുദ്ധ ദിനാചരണം**

കെ.സി.ബി.സി. മദ്യ-ലഹരി വിരുദ്ധ സമിതി സംസ്ഥാന തലത്തിൽ മാർച്ച് 8 ന് വിവിധങ്ങളായ പരിപാടികളോടെ മദ്യ-ലഹരി വിരുദ്ധ ഞായർ ആചരിച്ചു. തൃശൂർ അതിരൂപതയുടെ ദിനാചരണം പുതുക്കാട് ദൈവാലയത്തിൽ അതിരൂപത ഡയരക്ടർ റവ. ഫാ. ദേവസ്സി പന്തല്ലൂക്കാരന്റെ നേതൃത്വത്തിൽ അരങ്ങേറി. അദ്ദേഹം ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി. കെ.സി.ബി.സി. യുവജന കമ്മീഷൻ സംസ്ഥാന ഡയറക്ടർ റവ. ഫാ. ഡിറ്റോ കൂള പതാക ഉയർത്തി. വെരി റവ. ഫാ. ഡേവീസ് ചിറയത്ത്, ഫാ. നോബിൾ ഐനിക്കൽ എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു. അതിരൂപതയിലെ എല്ലാ യൂണിറ്റുകളിലും കുർബാന മധ്യേ സർക്കുലർ വായിക്കുകയും പതാക ഉയർത്തുകയും പ്രതിജ്ഞ പുതുക്കൽ, വാഹന റാലി, ബോധവൽക്കരണ ക്ലാസ്, തെരുവുനാടകങ്ങൾ തുടങ്ങി വിവിധങ്ങളായ പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി. ഒല്ലൂർ, പട്ടിക്കാട്, വലപ്പാട്, ചേർപ്പ്, കുമ്പളങ്ങാട്,

പള്ളിക്കുന്ന്, പൊങ്ങണംകാട്, ചിയ്യാരം, മുക്കാട്ടുകര, മുണ്ടത്തിക്കോട്, എരുമപ്പെട്ടി, പാലയ്ക്കൽ, പതിയാരം തുടങ്ങി നിരവധി യൂണിറ്റുകളിൽ ഈ ദിനം സമുചിതമായി കൊണ്ടാടി.

**5. പിതൃദിനാചരണം 19.03.2026**

കെ.സി.ബി.സി. മദ്യ-ലഹരി വിരുദ്ധ സമിതി തൃശൂർ അതിരൂപത പിതൃദിനാചരണം സംഘടിപ്പിച്ചു. കൂർക്കഞ്ചേരി നിർമ്മലപുരം സെന്റ് ജോസഫ് ദൈവാലയാങ്കണത്തിൽ കൂടിയ യോഗത്തിന് മാതൃവേദി, പിതൃവേദി തൃശൂർ അതിരൂപത ഡയരക്ടർ റവ. ഫാ. ടിങ്കിൾ വാഴപ്പിള്ളി ഉദ്ഘാടകനായി. കെ.സി.ബി.സി. മദ്യ-ലഹരി വിരുദ്ധ സമിതി തൃശൂർ അതിരൂപത പ്രസിഡന്റ് ശ്രീ. സി.പി. ഡേവീസ് അദ്ധ്യക്ഷനായ യോഗത്തിന് ആമുഖപ്രഭാഷകനായത് അതിരൂപത ഡയറക്ടർ റവ. ഫാ. ദേവസ്സി പന്തല്ലൂക്കാരനാണ്. റവ. സി. വെണ്മ സി.എസ്.സി. അനുഗ്രഹ പ്രഭാഷകയായി. നിർമ്മലപുരം ഇടവക വികാരി റവ. ഫാ. ജോൺസൺ അരിമ്പൂർ, അതിരൂപത ആനിമേറ്റർ റവ. സി. എൻസ്വീഡ് സി.എസ്.സി., ഇടവക ട്രസ്റ്റി ശ്രീ. ജോഷി വളപ്പില, പിതൃവേദി സെക്രട്ടറി ശ്രീ. ജോബി വടക്കേത്തല, മാതൃവേദി പ്രസിഡന്റ് ശ്രീമതി ഉജ്വല ബിജു എന്നിവർ ആശംസയർപ്പിച്ച് പ്രസംഗിച്ചു.

**6. പ്രാർത്ഥന ഉപവാസ യജ്ഞം 28.03.2026**

കെ.സി.ബി.സി. മദ്യ-ലഹരി വിരുദ്ധ സമിതി തൃശൂർ അതിരൂപത കുരിയച്ചിറ സെന്റ് ജോസഫ്സ് ദൈവാലയ അങ്കണത്തിൽ 'ഈസ്റ്റർ മദ്യ-ലഹരി വിമുക്തമാക്കുക' എന്ന ലക്ഷ്യത്തോടെ പ്രാർത്ഥന ഉപവാസ യജ്ഞം സംഘടിപ്പിച്ചു. 'മദ്യപാനം കൊണ്ട് ഈസ്റ്ററിനെ ദുഷിപ്പിക്കരുത്' എന്ന് കൽദായ സുറിയാനി മെത്രാപ്പോലീത്ത മാർ ഔഗിൻ കുര്യാക്കോസ് പ്രഖ്യാപിച്ചു. ഏകദിന ഉപവാസ യജ്ഞം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു പിതാവ്. കെ.സി.ബി.സി. മദ്യ-ലഹരി വിരുദ്ധ സമിതി തൃശൂർ അതിരൂപത പ്രസിഡന്റ് ശ്രീ. സി.പി. ഡേവീസ് അദ്ധ്യക്ഷനായ യോഗത്തിന് അതിരൂപത ഡയറക്ടർ റവ. ഫാ. ദേവസ്സി പന്തല്ലൂക്കാരൻ ആമുഖപ്രഭാഷകനായി. അനുഗ്രഹ പ്രഭാഷകനായത് തൃശൂർ അതിരൂപത വികാരി ജനറാൾ മോൺ. ജെയ്സൺ കൂനംപ്ലാക്കൽ ആണ്.

**ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ**, ഡയറക്ടർ
**ശ്രീ. ലിന്റോ ഫ്രാൻസിസ്**, പി.ആർ.ഒ.

# LIVE & LEARN

## Group A - May 4,5

1. Rev. Fr. Cheradai Geo
2. Rev. Fr. Chittilappilly Antony Jr.
3. Rev. Fr. Chittattukara Seby
4. Rev. Fr. Palathingal Paulson
5. Rev. Fr. Arimbur Derin
6. Rev. Fr. Panthallookkaran Devassy
7. Rev. Fr. Chittilappilly Paul
8. Rev. Fr. Neelankavil Hadly
9. Rev. Fr. Puthiri Frango (Francis)
10. Rev. Fr. Arimboor Johnson
11. Rev. Fr. Nirappukalayil George Thomas
12. Rev. Fr. Kollannoor Joy
13. Rev. Fr. Kaitharath Justin
14. Rev. Fr. Akkamattathil Raphael
15. Rev. Fr. Pavartikaran John
16. Rev. Fr. Malokkaran Jikson
17. Rev. Fr. Thathrathil Jos
18. Rev. Fr. Vadakkan Job
19. Rev. Fr. Thattil Paulson
20. Rev. Fr. Mundenkurian Renny
21. Rev. Fr. Muringathery Sijo
22. Rev. Fr. Muthipeedika Mejo
23. Rev. Fr. Cheruvathoor Sijo
24. Rev. Fr. Chiramel Davis Sr.
25. Rev. Fr. Karippery Varghese
26. Rev. Fr. Olakkengil Brilwin
27. Rev. Fr. Maliyammavu Paul
28. Rev. Fr. Arassery Joseph
29. Rev. Fr. Kappilamnirappel Jijo
30. Rev. Fr. Thayyalakkal Flergin
31. Rev. Fr. Peramangalam John
32. Rev. Fr. Puthookkara Francis
33. Rev. Fr. Arangassery Sanoj
34. Rev. Fr. Mukkadayil Jinson
35. Rev. Fr. Aloor Joshy
36. Rev. Fr. Arimboor Tony
37. Rev. Fr. Ponnary Nithin
38. Rev. Fr. Payikkatt Sobin
39. Rev. Fr. Karerakkattil Aljo
40. Rev. Fr. Chittilappilly Shiju
41. Rev. Fr. Akkarapattiakal Joffin
42. Rev. Fr. Cheruvathoor Joyson
43. Rev. Fr. Cheruvathoor George
44. Rev. Fr. Vellara John Ansil
45. Rev. Fr. Chittilappilly Ajith
46. Rev. Fr. Chiramel Chacko
47. Rev. Fr. Maroky Dennis
48. Rev. Fr. Pindiyan Paul
49. Rev. Fr. Olakkengil Dijo
50. Rev. Fr. Thattil Benwin
51. Rev. Fr. Kunnappilly Teds
52. Rev. Fr. Muringathery Naveen
53. Rev. Fr. Kunnappillil Thejas
54. Rev. Fr. Thekkanath Justin
55. Rev. Fr. Chalakkal Jackson
56. Rev. Fr. Kurissery Ittiachan
57. Rev. Fr. Eluvathingal Frederick
58. Rev. Fr. Keetticka Finosh
59. Rev. Fr. Tharakan Roger
60. Rev. Fr. Maroky Sajan
61. Rev. Fr. Panengadan John (Biju)
62. Rev. Fr. Thanikkal Denny
63. Rev. Fr. Mechery Antony
64. Rev. Fr. Kanjirathingal Seby
65. Rev. Fr. Panamkulam Davis

66. Rev. Fr. Thalakkoden Dominic
67. Rev. Fr. Chittilappilly Joffy
68. Rev. Fr. Kizhakkekannanchira Frinto
69. Rev. Fr. Chemmannoor Jeesmon
70. Rev. Fr. Eluvathingal Antos
71. Rev. Fr. Poopadi Thomas
72. Rev. Fr. Kollannur Ajith
73. Rev. Fr. Thazhath Jickson
74. Rev. Fr. Neelamkavil Anson
75. Rev. Fr. Nandikkara Ignatius (Biju)
76. Rev. Fr. Chungath John
77. Rev. Fr. Ponthekan Jomon
78. Rev. Fr. Kuttikkatt Jiso
79. Rev. Fr. Chittilappilly Antony Sr.
80. Rev. Fr. Emmatty Jomon
81. Rev. Fr. Mullakkara Tijo
82. Rev. Fr. Thermadam Shajan
83. Rev. Fr. Puthur Joby
84. Rev. Fr. Edakkalathoor Varghese
85. Rev. Fr. Chittilapilly Jaison
86. Rev. Fr. Chittilappilly Binoy
87. Rev. Fr. Kidangan Joy
88. Rev. Fr. Neelankavil Francis
89. Rev. Fr. Chemmannoor John Paul
90. Rev. Fr. Thazhekadan Jibin
91. Rev. Fr. Akkarapattiekkal Jeas
92. Rev. Fr. Velookaran Thomas
93. Rev. Fr. Cheruthanickal Prince
94. Rev. Fr. Tharayil Jijo
95. Rev. Fr. Vadakkethala Thomas
96. Rev. Fr. Kuttikkatt Andrews
97. Rev. Fr. Vadakoot Thomas
98. Rev. Fr. Thekkanath Antony
99. Rev. Fr. Cherayath Davis, Jr.
100. Rev. Fr. Poovathingal Prince
101. Rev. Fr. Vithayathil Daveed
102. Rev. Fr. Thachoth Ajith
103. Rev. Fr. Arackal Francis
104. Rev. Fr. Kannanaickal Salvin
105. Rev. Fr. Pattiakkal Allwyn
106. Rev. Fr. Thanikkal Paul
107. Rev. Fr. Anthikadan Johnson
108. Rev. Fr. Chittilappilly Anish
109. Rev. Fr. Mangattilayan Majo
110. Rev. Fr. Cheruthanickal Frango Fronice
111. Rev. Fr. Pellissery Acton
112. Rev. Fr. Appakkottil Edwin George
113. Rev. Fr. Akkaraparambil Linson
114. Rev. Fr. Kanimangalathukaran Vincent
115. Rev. Fr. Chullikadan Joby
116. Rev. Fr. Alappat Biju
117. Rev. Fr. Thermadam Simon
118. Rev. Fr. Kattookaran Sijo
119. Rev. Fr. Kakkassery Bestin
120. Rev. Fr. Arimboor Jerin
121. Rev. Fr. Vazhappilly Saijan
122. Rev. Fr. Pidiyath Jijo
123. Rev. Fr. Mekkattukulam Jiphy
124. Rev. Fr. Chittilappilly Joy, Jr.
125. Rev. Fr. Choondal Thomas
126. Rev. Fr. Marokey Shinto
127. Rev. Fr. Alapatt Paul
128. Rev. Fr. Peramangalath Paul
129. Rev. Fr. Puthur Prakash
130. Rev. Fr. Perumattil Christon
131. Rev. Fr. Kuthur Varghese
132. Rev. Fr. Chazhoor Amal
133. Rev. Fr. Edakkalathur Thomas
134. Rev. Fr. Ukken Sibin
135. Rev. Fr. Moolan John
136. Rev. Fr. Arangassery Saleesh
137. Rev. Fr. Chirayath Denny
138. Rev. Fr. Vazhaparambil Clement
139. Rev. Fr. Pindiyan Prince

140. Rev. Fr. Vazhappilly Twinkle
141. Rev. Fr. Inchodikkaran James
142. Rev. Fr. Kollannoor Royson
143. Rev. Fr. Puthur Joy
144. Rev. Fr. Kundukulangara Jovy
145. Rev. Fr. Ainikkal Jose
146. Rev. Fr. Chittilappilly Joy, Sr.
147. Rev. Fr. Edakkalathur Jose
148. Rev. Fr. Thekkiniyath Geo
149. Rev. Fr. Vadakkethala Saju
150. Rev. Fr. Anthikkat Santhosh
151. Rev. Fr. Kunnappilly Tens
152. Rev. Fr. Veliyan Sebi
153. Rev. Fr. Chittilappilly Shelton
154. Rev. Fr. Thekkanath Christo
155. Rev. Fr. Muringathery Joseph
156. Rev. Fr. Koola Ditto
157. Rev. Fr. Chittilappilly Lijo
158. Rev.Fr.Kuruthukulangara Antony
159. Rev. Fr. Edathiruthy Jojo
160. Rev. Fr. Padayattil Job
161. Rev. Fr. Ponthekken Sinto
162. Rev. Fr. Pulikkan Paul
163. Rev. Fr. Muringathery Jomon
164. Rev. Fr. Parakkal Cherian
165. Rev. Fr. Alukka Antony
166. Rev. Fr. Chakkumpeedika Thomas
167. Rev. Fr. Pallipurathukaran Geo
168. Rev. Fr. Chittilappilly Jinto
169. Rev. Fr. Panakkal Joju
170. Rev. Fr. Chalakkal Jose
171. Rev. Fr. Akkarapattiakkal Nirmal
172. Rev. Fr. Kannampuzha Davis
173. Rev. Fr. Perinchery Ajeesh
174. Rev. Fr. Chirammel Able
175. Rev. Fr. Koothur Anish
176. Rev. Fr. Thorayan Sinto (Chacko)
177. Rev. Fr. Vallooran Jose
178. Rev. Fr. Kattukaran Paul
179. Rev. Fr. Kanjirathingal Prinson
180. Rev. Fr. Kizhakkuden Sony
181. Rev. Fr. Vallachirakkaran Dinto
182. Rev. Fr. Vazhappilly Jibi
183. Rev. Fr. Pindiyan Sajan
184. Rev. Fr. Pettayil Noble
185. Rev. Fr. Olakkengil Johnson
186. Rev. Fr. Chiriyankandath Joju
187. Rev. Fr. Vadakkan Roy
188. Rev. Fr. Ainikkal Jobin
189. Rev. Fr. Kannanaikal Wilson
190. Rev. Fr. Vattakuzhy Jose
191. Rev. Fr. Chalissery Johnson
192. Rev. Fr. Ainikkal Addwin
193. Rev. Fr. Melit Palathingal Verghese
194. Rev. Fr. Chalissery Lijo
195. Rev. Fr. Chiramel Simson
196. Rev. Fr. Ukken Varghese

## Group B - May 12,13

1. Rev. Fr. Chakkalakkal Davis
2. Rev. Fr. Thekkekara Jose
3. Rev. Fr. Appadan Babu
4. Rev. Fr. Chiriankandath Geo
5. Rev. Fr. Pulikkottil Davis Jr.
6. Rev. Fr. Pulikottil Jose
7. Rev. Fr. Puthur Sijo
8. Rev. Fr. Akkara Raju
9. Rev. Fr. Kundukulam Johnson
10. Rev. Fr. Thattil Raphy
11. Rev. Fr. Maliakkal Jijo
12. Rev. Fr. Kochupurackal Kuriakose (Shaji)
13. Rev. Fr. Mapranathukaran Pradheep
14. Rev. Fr. Tharakan Francis
15. Rev. Fr. Padinjakkara Abijith
16. Rev. Fr. Kanjirathingal Baiju
17. Rev. Fr. Kundukulam Vincent
18. Rev. Fr. Thanikkal Manoj
19. Rev. Fr. Chiriyankandath Lijo
20. Rev. Fr. Arackel Paul
21. Rev. Fr. Brahmakulam Joseph
22. Rev. Fr. Mooken Roy
23. Rev. Fr. Kattiparamban Clinson
24. Rev. Fr. Vattakuzhy Gladrin
25. Rev. Fr. Chittilappilly John
26. Rev. Fr. Alanthanath Nysson
27. Rev. Fr. Alappat Bastin
28. Rev. Fr. Chazhoor Domini
29. Rev. Fr. Payyappilly Paul
30. Rev. Fr. Choondal Albin
31. Rev. Fr. Chittilappilly Seby
32. Rev. Fr. Muttath Paul
33. Rev. Fr. Chirayath Febin
34. Rev. Fr. Parayil Shinto
35. Rev. Fr. Thacharattil Jacob
36. Rev. Fr. Thattil Linson
37. Rev. Fr. Kolambrath Dixon
38. Rev. Fr. Punnoliparambil Jos
39. Rev. Fr. Chittilappilly Anvin
40. Rev. Fr. Vazhappilly Francis Sr.
41. Rev. Fr. Kadappuran Joby (Joseph)
42. Rev. Fr. Koothur Febin
43. Rev. Fr. Neelankavil Pauly
44. Rev. Fr. Thattil Trejin
45. Rev. Fr. Vazhappilly Tony
46. V. Rev. Fr. Chalakkal Sebastian
47. Rev. Fr. Mangan Ajil
48. Rev. Fr. Mullakkara Terin
49. V. Rev. Fr. Pulikottil Jaison
50. Rev. Fr. Kallarakkal Pratheesh
51. Rev. Fr. Kuttikkatt Jinto
52. Rev. Fr. Thanissery Raphael
53. Rev. Fr. Maroky Jaison
54. Rev. Fr. Adambukulam Joy
55. Rev. Fr. Ollukkaran Anto
56. V. Rev. Msgr. Konikkara Jose, Jr.
57. Rev. Fr. Arangassery Jose
58. Rev. Fr. Thaikkattil Lawrance
59. Rev. Fr. Velukkaran Geo
60. V. Rev. Fr. Parrokkaran Binu
61. Rev. Fr. Kulangara Printo
62. Rev. Fr. Chiriyankandath Shijo
63. Rev. Fr. Thalakkottoor Francis
64. Rev. Fr. Thanikkal Anuwin
65. V. Rev. Fr. Kuttikottayil Mathew
66. Rev. Fr. Ponparambil Bijoy
67. Rev. Fr. Chittilappilly Johnson
68. Rev. Fr. Thanikkal Lazar
69. Rev. Fr. Chalissery Paul
70. Rev. Fr. Vazhappilly Bilju
71. Rev. Fr. Ukken Thomas

72. Rev. Fr. Kallikadan Starzon
73. Rev. Fr. Rayappan Anto
74. Rev. Fr. Pullokkaran Raphael
75. Rev. Fr. Kizhakkoodan Godwin
76. Rev. Fr. Cherayath Davis
77. Rev. Fr. Chelappadan George
78. Rev. Fr. Muttath Francis
79. Rev. Fr. Chirayath Jeen
80. Rev. Fr. Anthikkat Joseph
81. Rev. Fr. Muringathery Joy
82. Rev. Fr. Thekkath Franso
83. Rev. Fr. Thermadom George
84. Rev. Fr. Ukken Johnson
85. Rev. Fr. Vithayathil Rijo
86. Rev. Fr. Velakombil Roy
87. Rev. Fr. Thaikkattil Saijo
88. Rev. Fr. Marottickal Alex
89. Rev. Fr. Kakkassery Tony
90. Rev. Fr. Eluvathingal Justin
91. Rev. Fr. Anthikkatt Johnson
92. Rev. Fr. Eluvathingal Santiyo
93. Rev. Fr. Poozhikkunnel Justin
94. Rev. Fr. Porathur Sinto
95. Rev. Fr. Akkamattathil Shonson
96. Rev. Fr. Punnoliparambil Bastian
97. Rev. Fr. Puthur John
98. Rev. Fr. Edakulathur George
99. Rev. Fr. Kidangan John
100. V. Rev. Msgr. Manadan George
101. Rev. Fr. Thaliyath Nibin
102. Rev. Fr. Manjaly Christo
103. Rev. Fr. Panengadan Clint
104. V. Rev. Fr. Aloor Francis
105. V. Rev. Fr. Kavalakkatt Franco
106. Rev. Fr. Vadakkoott James
107. Rev. Fr. Thalakkottoor Shanto
108. Rev. Fr. Kanjirathingal Anto
109. Rev. Fr. Peruttil Sebastian
110. Rev. Fr. Pidiyath Wilson
111. Rev. Fr. Koothur Joy
112. Rev. Fr. Kanjirathingal Varghese
113. Rev. Fr. Vennattuparambil Joshy
114. Rev. Fr. Kundukulam Stishin
115. Rev. Fr. Chalissery Cyriac
116. Rev. Fr. Kuzhikkattumyalil Sijohn
117. Rev. Fr. Vazhappilly Frajo
118. Rev. Fr. Vadakkan Sajan
119. Rev. Fr. Pulikottil Johnson
120. Rev. Fr. Chalil Anu
121. Rev. Fr. Konikkara Jose, Sr.
122. Rev. Fr. Therattil George
123. Rev. Fr. Ainickal Johnson
124. Rev. Fr. Alappatt Biju Joseph
125. Rev. Fr. Mangattilayan Jomon
126. Rev. Fr. Vettath Sebastian
127. Rev. Fr. Cheruvathur Douglas
128. Rev. Fr. Nellangara Jithin
129. Rev. Fr. Punnassery Jaison
130. Rev. Fr. Chungath Midhun
131. Rev. Fr. Koothur Francis
132. Rev. Fr. Choondal Livin
133. Rev. Fr. Aynikkal Noble
134. Rev. Fr. Koreth Joyson
135. Rev. Fr. Muthupeedika Raphael
136. Rev. Fr. Menachery Antony
137. Rev. Fr. Vadakkan Raphael
138. Rev. Fr. Palathingal Varghese
139. Rev. Fr. Chiriankandath Anto
140. Rev. Fr. Ayyankanayil John
141. V. Rev. Fr. Thekkanath Paul
142. Rev. Fr. Chiramal Eloi
143. Rev. Fr. Chiramel Davis, Jr.
144. Rev. Fr. Chembakassery Antony
145. Rev. Fr. Kareparamban Sinto

146. Rev. Fr. Chiriyamkandath Prince
147. Rev. Fr. Muringathery Jijo
148. Rev. Fr. Mandumpal Taison
149. Rev. Fr. Chirayath Anto
150. Rev. Fr. Thandassery Canadian
151. Rev. Fr. Chiramel Jolly
152. Rev. Fr. Kallikkaden Paul
153. Rev. Fr. Puthur Sebi
154. Rev. Fr. Pulikkottil Davis Sr.
155. Rev. Fr. Thattil Jense
156. V. Rev. Fr. Tharakan Varghese
157. Rev. Fr. Kidangan Benny
158. Rev. Fr. Chiriyankandath Ginsen
159. Rev. Fr. Aloor Joju (George)
160. Rev. Fr. Tharayil Demin
161. Rev. Fr. Mundopuram Daison
162. Rev. Fr. Thattil Soly
163. V. Rev. Msgr. Koonamplakkal Jaison
164. Rev. Fr. Kolambrath Martin
165. Rev. Fr. Arakkal Steephen
166. Rev. Fr. Thekkumpuram Jaison
167. Rev. Fr. Ukken Shaju
168. Rev. Fr. Ammuthan Antony
169. Rev. Fr. Valluppara Jeejo
170. Rev. Fr. Kannanaikal Franclin
171. Rev. Fr. Alappatt Geo
172. Rev. Fr. Cheruvathoor Vincent
173. Rev. Fr. Pereppadan Jinto
174. V. Rev. Fr. Kakkassery Thomas
175. Rev. Fr. Nettikadan David
176. Rev. Fr. Kavalakkatt Seby
177. Rev. Fr. Alappadan Fijo
178. Rev. Fr. Muringathery Grijo
179. Rev. Fr. Poruthur Joju
180. V. Rev. Fr. Pallikunnath Francis
181. Rev. Fr. Olappurakkal Rinjo
182. Rev. Fr. Vettath Mathew
183. Rev. Fr. Ambooken Joseph (Noby)
184. Rev. Fr. Olakkengil Debin
185. Rev. Fr. Edakalathoor Godwin
186. Rev. Fr. Mapranathukaran Shijo
187. Rev. Fr. Vadakkethala Prijov
188. Rev. Fr. Thaliyaparambil Liril
189. Rev. Fr. Thekkekara Jackson
190. Rev. Fr. Thazhath Nithin
191. Rev. Fr. Poovathukkaran Joseph

# ആദരാഞ്ജലികൾ



## ഫാ. ഫ്രാൻസിസ് ആലപ്പാട്ട്

ജനനം : 10.10.1953
പൗരോഹിത്യം : 27.12.1995
മരണം : 08.04.2026

Registered R.N.I. No. 27348/1975
KL/TCR/275/2024-2026
Licence No. KL/CR/TCR/WPP-11/2024-2026
Licensed to Post Without Prepayment
Posted at Thrissur RMS

₹ **25/-**
Date of Publication 24.04.2026
**May- 2026**





**ഏപ്രിൽ 11 നു കൂദാശ ചെയ്യപ്പെട്ട**
**കുട്ടംകുളം നവദൈവാലയം**

Printed and Published by Dr. Francis Aloor on behalf of Catholic Archdiocese of Trichur and
Printed at St. Mary's Orphanage Press, Madona Nagar, Kachery - 680 005 and
Published at Catholic Archbishop's House, Thrissur, Kerala - 680 005., Editor: Dr. Francis Aloor